Reg. No. C. 101, M. 2293

ഒററപ്രതിക്കു 2 ണ.

St: Mary's C.G.H.S. Ernakulam

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 വൃശ്ചികം 6—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 നവംബർ 21 | ലക്കം 14

## മനുഷ്യനെ മയക്കുന്ന കറുപ്പ്


(ഉമ്മൻ അയ്യനേത്തു്)

മതത്തിന്റെപേരിൽ ഇന്നു വല്ലതും പറഞ്ഞാൽ, താൻ ഒരു മതവിശ്വാസിയാണെന്നു് ഒരാൾ ശബ്ദിച്ചുപോയാൽ, അതുമതി അയാൾക്കു "പിന്തിരിപ്പൻ" പട്ടം കിട്ടാൻ. മതം ഏതോ പഴഞ്ചരക്കാണു്, ഇന്നത്തെ ചില "പുരോഗമന"വാദികളുടെ ദൃഷ്ടിയിൽ. അതു് മദ്ധ്യയുഗത്തിലോ അതിനുമുമ്പോ ഉണ്ടായിരുന്ന ഒന്നാണു്; നവോത്ഥാനദശ (Renaissance), പരിഷ്കാരയുഗം മുതലായ ദശാസന്ധികളെ തരണംചെയ്തു് ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ അഭിവൃദ്ധിയിൽ മുന്നോട്ടുപായുന്ന ആധുനികലോകത്തിൽ ഇങ്ങിനിവരാതവണ്ണം അതിന്റെ തല താഴ്ന്നുപോയി; അതു് അധുനാതനത്വത്തിന്റെ അമ്ലദ്രവത്തിൽ (acid) അലിഞ്ഞുപോയി എന്നും മററുമാണു് ഇക്കൂട്ടരുടെ മുറവിളികൾ. അവസരമുള്ളപ്പോഴെല്ലാം വലിച്ചെറിയുന്നതിനു് അവർ സ്വന്തമാക്കി വച്ചിട്ടുണ്ടു് ചില മുദ്രാവാക്യങ്ങൾ: "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു്", അതു് "പുരോഹിതവർഗ്ഗത്തിന്റെ ഉദരപൂരണത്തിനുള്ള ഉപാധിയാണു്" ഇങ്ങനെ. ഇന്നു് ഇത്തരത്തിൽ ഉരുവിടുന്നവരിൽ പ്രമുഖർ കമ്മ്യൂണിസ്റ്റുകാരാണു്; ചില കമ്മ്യൂണിസ്റ്റനുഭാവികളും. നിങ്ങളവക്കെതിരായി വല്ലതും പറയാൻ നാവനക്കുന്നുവെന്നു കരുതുക. ഉത്തരക്ഷണത്തിൽ അവർ ആവേശംകൊണ്ടലറുകയായി, തങ്ങളുടെ കുലദൈവമായ മാർക്സാണു് അങ്ങനെ പറഞ്ഞിരിക്കുന്നതെന്നു്. മാർക്സിന്റെ "മത"ത്തിനപ്പുറത്തു് അവർക്കു് വിശ്വാസമില്ല, ആദർശമില്ല. പോരെങ്കിൽ മാർക്സിന്റെ കൊച്ചനുജനായ ലെനിന്റെ അഭിപ്രായംകൂടി അവർ എടുത്തുകാണിക്കും: "മതം മനുഷ്യനെ മയക്കുന്ന ഒരുതരം ലഹരിസാധനമാണു്." എന്നാൽ, യഥാർത്ഥത്തിൽ മതമോ കമ്മ്യൂണിസമോ മനുഷ്യനെ മയക്കുന്ന കറുപ്പു്? കമ്മ്യൂണിസമാണെന്നു കാണിക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം.

കമ്മ്യൂണിസ്റ്റുകാർ പറയുന്നതു് മതം ചെയ്യുന്ന ഏററവും വലിയ മയക്കുവിദ്യ മിഥ്യാമാത്രമായ മരണാനന്തരജീവിതത്തിൽ മനുഷ്യരെ വിശ്വസിപ്പിക്കുക എന്നതാണു്. വേറൊരുവിധത്തിൽ പറഞ്ഞാൽ മതം ഭാവി എന്നു പറയുന്ന ആ പിടികിട്ടാസാധനത്തിനു് വലിയ പ്രാധാന്യം കൊടുക്കുന്നതുകൊണ്ടത്രെ, അതു് കറുപ്പിന്റെ സ്ഥാനത്തു് കയറുന്നതിനിടയാകയും അങ്ങനെ മനുഷ്യരെ മന്ദബുദ്ധികളും നിരുത്സാഹികളും ആക്കിത്തീർക്കുകയും ചെയ്യുന്നതു്. എന്നാൽ ഭാവിയെ ഉന്നംവച്ചുപോയാൽ കമ്മ്യൂണിസം സിദ്ധാന്തിക്കുന്നതുപോലെ മനുഷ്യൻ കർമ്മവിമുഖനായിത്തീരുമോ? ഇല്ലെന്നുതന്നെ ഉത്തരം. വാസ്തവത്തിൽ ഭാവിയെപ്പററി ചില രൂപമോ, വല്ല ഉദ്ദേശമോ പദ്ധതിയോ ഉള്ളവരാണു് സാധാരണ പ്രവൃത്ത്യുന്മുഖരായി കാണുക. ഒരു യന്ത്രം പിറേറന്നു് എന്തുജോലി ചെയ്യേണ്ടിവരുമെന്നു് ചിന്തിക്കാറില്ല. അതിനാൽ പിറേറദിവസത്തെ പ്രവർത്തനത്തിനു് അതു് കുറെ എണ്ണ കരുതിവയ്ക്കാറില്ല. തിര്യക്കുകൾക്കു്, ഇരതേടുന്നതിനു് അതതിന്റെ ജന്മവാസന നൽകുന്ന പ്രേരണയുടെ തോതനുസരിച്ചു് ഭാവിയെപ്പററി കേവലം അപൂർണ്ണമായ രീതിയിൽ ഇന്ദ്രിയപരമായ ചില രൂപങ്ങളുണ്ടു്. മനുഷ്യനാണെങ്കിൽ ഭാവിയെപ്പററി സുനിശ്ചിതമായ രൂപമാണുള്ളതു്. സമയപരിധിയെ കവച്ചുവയ്ക്കുന്ന ആദർശങ്ങൾ അവനുള്ളതാണിതിനു കാരണം. ഒരു തിര്യക്കിന്റേതിനെക്കാൾ അവന്റെ പ്രവൃത്തികൾ മഹത്തരമായിരിക്കുന്നതും അതുകൊണ്ടാണു്. ഭാവിയെപ്പററിയുള്ള അവന്റെ പിടിപാടു്—അതു കൈയടക്കുന്നതിൽ, പ്രാപിക്കുന്നതിലുള്ള അവന്റെ നിശ്ചയദാർഢ്യം ഇവയുടെ തോതനുസരിച്ചായിരിക്കും അവന്റെ പ്രവർത്തനങ്ങളും വർദ്ധിച്ചുവരിക. മുപ്പതാംവയസ്സിൽ ഒരു ഡോക്ടരായിത്തീരണമെന്നു് ഇരുപതു വയസ്സുള്ള ഒരു ചെറുപ്പക്കാരൻ ഉറയ്ക്കുന്നുവെന്നു വിചാരിക്കുക. ഭാവിയിൽ തങ്ങിനില്ക്കുന്ന പത്തുവർഷമാകുന്ന ആ കാലയളവു്, ഉന്നതബിരുദം സമ്പാദിക്കുന്നതിൽ എത്തുപെടാവുന്ന എല്ലാ പ്രതിബന്ധങ്ങളേയും ക്ലേശങ്ങളേയും തരണംചെയ്യുന്നതിനു് അത്രയും കാലത്തേക്കു് അവനെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കും; ലക്ഷ്യം പ്രാപിക്കുന്നതിനു് അതവനെ പ്രാപ്തനാക്കുകയും ചെയ്യും. എന്നാൽ അന്നന്നത്തെ അത്താഴം വരെയ്ക്കേ അവന്റെ പദ്ധതിയുടെ അഥവാ ആദർശത്തിന്റെ കാലയളവു് നീണ്ടുനില്ക്കുന്നുള്ളുവെങ്കിൽ തീർച്ചയായും ഏതാനും മണിക്കൂർ നേരത്തേക്കേ, അവൻ കർമ്മോദ്യുക്തനായിരിക്കൂ.

ഇങ്ങനെ പ്രവർത്തനത്തിന്റെ കാരണം ഭാവിയെങ്കിൽ, ആദർശത്തിന്റേയോ പദ്ധതിയുടേയോ തോതനുസരിച്ചു് പ്രവർത്തനം കൂടിക്കൂടിവരുമെങ്കിൽ മതത്തിന്റെ സിദ്ധാന്തപ്രകാരം ഭാവിമനുഷ്യൻ കർമ്മവിമുഖനാകുമെന്ന കമ്മ്യൂണിസ്റ്റു് വാദഗതി നിരർത്ഥകമായിത്തീരുന്നു. എന്നാൽ ഇതിലും വിചിത്രതരമായിട്ടുള്ളതിതാണു്: കമ്മ്യൂണിസ്റ്റുകാരുടെ തട്ടിമൂളിക്കലിനും തങ്ങളുടെ പ്രായോഗികപരിപാടികൾക്കും തമ്മിൽ യാതൊരാനുരൂപ്യവുമില്ല. തെളിവു് അവരുടെ പഞ്ചവത്സരപദ്ധതിതന്നെ. ഭാവിയിലെ ഒരാദർശം—ഒരു ലക്ഷ്യം സാധിതമാകുന്നതിനു് അഞ്ചു് വത്സരത്തേക്കു നീണ്ടുനില്ക്കുന്നുകൊണ്ടിരിക്കും. അവന്റെ ഓരോ വിചാരവും ഓരോ പ്രവൃത്തിയും തന്റെ മഹത്തമമായ ആദർശത്തിന്റെ വെളിച്ചത്തിലായിരിക്കും. ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ ഫലമില്ലെന്നു് അവനു നല്ലവണ്ണമറിയാം. അതെ, മതത്തിൽ വിശ്വസിക്കുന്നതുകൊണ്ടു് അവൻ മന്ദബുദ്ധിയായിത്തീരുന്നേയില്ല. സർവ്വദാ വിവിധപ്രവൃത്തികളിൽ വ്യാപൃതനായിരിക്കത്തക്കവണ്ണം അത്ര വിശാലതരമായ ഒരാദർശം മതമേ അവനു നൽകുന്നുള്ളു. ഭാവിയിൽ വിശ്വസിക്കുന്ന മതം, കമ്മ്യൂണിസ്റ്റർ ശഠിക്കുന്നപോലെ മനുഷ്യനെ കർമ്മവിമുഖനാക്കുന്നില്ല. പ്രത്യുത, അവനെ കർമ്മനിരതനാക്കിക്കൊണ്ടേയിരിക്കും. അതിനാൽ മനുഷ്യനെ മയക്കി മന്ദബുദ്ധിയാക്കുന്ന—നിരുത്സാഹനാക്കുന്ന—കറുപ്പും മതവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു സിദ്ധിക്കുന്നു.

മനുഷ്യനെ മയക്കുന്ന കറുപ്പാണു് കമ്മ്യൂണിസം എന്നു കാണിക്കുന്നതിനു് കറുപ്പിന്റെ സ്വഭാവം എന്തെന്നറി



കാഞ്ഞൂർഫൊറോനാപള്ളിയിൽ യുവാക്കന്മാർക്കായി നടത്തിയ ഏകാന്തധ്യാനത്തിനുശേഷം എടുത്ത ഫോട്ടോ.

* കടപ്പാടു് മോൺ. ഫർട്ടൺ ജെ. ഷീനോടു്.

ഞെരിക്കണം. കറുപ്പു തിന്നാൽ എന്താണനുഭവം? തലച്ചോറിനു കറക്കം, ചിന്തയ്ക്കുറക്കം, മനസ്സിനു മാന്ദ്യം. പിന്നെ ഒരുവനിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുവാൻ ജഠരാദിയന്ത്രങ്ങളേയുള്ളു. അതായതു് കറുപ്പിനടിപ്പെട്ട ഒരുത്തൻ ചിന്തിക്കുന്നതിനോ, നിശ്ചയിക്കുന്നതിനോ അപ്രാപ്തനായിത്തീരുന്നു. ഉദരവും ശ്വാസകോശവും അതതിൻെറ ജോലി തുടർന്നുകൊണ്ടിരിക്കുമെന്നതിൽ പക്ഷാന്തരമില്ല. ഈ സ്ഥിതിയിൽ മനുഷ്യൻെറ നില ഒരു മൃഗത്തിൻേറതിൽനിന്നും വ്യത്യസ്തമല്ല. അതെ, ബുദ്ധി, മനസ്സ് ഇവയുടെ പ്രവർത്തനരാഹിത്യത്തിൽ അവനൊരു മൃഗമായിച്ചമയുന്നു. ഇനിയും അവനെക്കാൾ ശക്തിയും സാമർത്ഥ്യവുമുള്ള ഒരു ജീവിക്കു് അവനെ ഇഷ്ടംപോലെ നയിച്ചുകൊണ്ടുപോകാം. ഇതാണു് ഒരുവനിൽ കറുപ്പു് ചെയ്യുന്ന മയക്കപ്പണി; വരുത്തിക്കൂട്ടുന്ന പരിവർത്തനം.

ഇന്നു് ലോകത്തിൽ മനുഷ്യൻെറ ബുദ്ധിയേയും മനസ്സിനേയും നിർവ്വാഗതമാക്കി അവൻെറ അധമഭാഗങ്ങൾക്കുമാത്രം പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുന്നതായി കമ്മ്യൂണിസത്തെപ്പോലെ മറെറാന്നില്ല. അതു് അനന്തമായ ആകാശപ്പരപ്പിൽ താരാഗണങ്ങളെ നിരത്തിവച്ച കൈകളെപ്പററി—അനാദ്യന്തനായ ആ സൃഷ്ടികർത്താവിനെപ്പററി—ചിന്തിക്കാനനുവദിക്കാതെ അവൻെറ മനസ്സിനെ മത്തുപിടിപ്പിക്കുന്നു. മാർക്സ് പറയുന്നു: "എവിടെ നിരീശ്വരത്വം ഉണ്ടോ, അവിടെ കമ്മ്യൂണിസം ആരംഭിക്കുന്നു." അതു കുപ്രചരണംവഴി അതിനാവശ്യമുള്ള പൊതുവഭിപ്രായം പര

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻറ്

ത്തി, അതുമാത്രമേ ശരിയായുള്ളുവെന്നു് ജനസാമാന്യത്തെ ധരിപ്പിച്ചു് അങ്ങനെ അവരുടെ വിവേചനാശക്തിയെ കെടുത്തുന്നു. രാഷ്ട്രം വിശ്വസിക്കുന്നതുമാത്രം വിശ്വസിക്കുക, രാഷ്ട്രം ആജ്ഞാപിക്കുന്നതുമാത്രം ചെയ്യുക, രാഷ്ട്രം ചിന്തിക്കുന്ന രീതിയിൽ ചിന്തിക്കുക എന്നതിൽ കവിഞ്ഞു് യാതൊരു സ്വാതന്ത്ര്യവും കൊടുക്കാതെ അതു് അവനെ പാരതന്ത്ര്യത്തിൻെറ കരിങ്കൽത്തുറുങ്കിലേക്കു് വലിച്ചെറിയുന്നു. 1936 ജൂൺ 22-ാം തീയതിയിലെ പ്രവദാ പറയുന്നു: "സോഷ്യലിസ്റ്റ്പരിപാടിയെ എതിരിടാനൊരുങ്ങുന്ന ഒരൊററ വ്യക്തിയെപ്പോലും, ഒരുഷിററു കടച്ചാണെങ്കിലും പ്രസിൽനിന്നും പുറത്തുവിടാൻ അനുവദിക്കുന്നതല്ല; തൻെറ വിഷംവമിക്കുന്ന ആശയങ്ങൾ പുറപ്പെടുവിക്കത്തക്കവണ്ണം അയാൾ ഒരു മുറിയോ, ഹാളോ ഒരിടത്തും കണ്ടെത്തുകയില്ല."

കമ്മ്യൂണിസം മനുഷ്യത്വത്തിൻെറമഹനീയമണ്ഡലത്തിൽനിന്നും മനുഷ്യനെ വലിച്ചിറക്കി മൃഗത്തിൻെറ കക്ഷിയിൽ കൊണ്ടുനിറുത്തുന്നു. കമ്മ്യൂണിസ്റ്റ്ഭരണത്തിൽ അവനുള്ള സ്ഥാനം ഒരെറുമ്പിൻേറതുമാത്രം. എറുമ്പിനെപ്പോലെ രാഷ്ട്രത്തിനുവേണ്ടി അവൻ ധനം വലിച്ചുകൂട്ടിക്കൊണ്ടിരിക്കണം. കൂട്ടുകൃഷിസ്ഥലത്തെ വിശ്വസ്തനായ ഒരു കഴുതയുടെ ജീവിതലക്ഷ്യമേ അവനുള്ളു എന്നു പ്രഖ്യാപിച്ചുകൊണ്ടു് അതു് അവൻെറ സന്മാർഗ്ഗികപ്രവൃത്തികളുടെ നൈസർഗ്ഗികമായ അസ്തിവാരത്തെ തകർത്തുകളയുന്നു. കഴുതയും സ്റ്റാലിനും ഒരേ ചേരിയിലുള്ളവരെങ്കിൽ, അവർ രണ്ടുപേരും ഒന്നുപോലെയെങ്കിൽ, ആ കഴുതയെക്കാൾ കൂടുതൽ സ്റ്റാലിനെ സ്തുതിക്കുന്നതിനു് കമ്മ്യൂണിസം അവനോടാജ്ഞാപിക്കുന്നതെന്തിനെന്നുള്ളതാണു് വിചിത്രമായിരിക്കുന്നതു്. നോക്കണേ, കമ്മ്യൂണിസം മനുഷ്യനിൽ വരുത്തിക്കൂട്ടുന്ന മാററങ്ങൾ! കറുപ്പു് കറുപ്പായിത്തന്നെ ഇരിക്കുന്നിടത്തോളംകാലം, കമ്മ്യൂണിസമാണു് മനുഷ്യനെ മയക്കുന്ന കറുപ്പു് എന്നു പറയപ്പെടേണ്ടതു്.

# ചെറുകഥ

## പൊന്നമ്മയുടെ വിവാഹം

[ജി. സി ടീലാർ]

സിനിമാ നോട്ടീസിനെക്കാൾ ആകർഷകമായിത്തോന്നി ആ പരസ്യം. അന്നത്തെ പത്രത്തിനു് ഒരു പിടിച്ചുപററി തന്നെ ആയിരുന്നു. പല യുവരസികന്മാരും ആവർത്തിച്ചാവർത്തിച്ചു വായിച്ചു അതു്. സഹവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു കോളജു് സ്ഥാപിക്കുവാൻ പോകുന്നു എന്ന വാർത്ത ഹർഷജനകമായിരുന്നു പലർക്കും. പുതിയ കോളജിൽ അഭ്യസനം നടത്തുവാൻ ഒരു വെമ്പൽ അവർക്കു്. പല കോളജുകളിൽക്കൂടെയും കയറിയിറങ്ങി ഭാഗ്യം പരീക്ഷിച്ചുനടന്നിരുന്ന രസികന്മാർ ഈയ്യൽസമാനം ആകർഷിക്കപ്പെട്ടു പുരോഗമനത്തിൻെറ മകുടോദാഹരണമായ ആ മഹനീയസ്ഥാപനത്തിലേക്കു്.



വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻറ്. നീളമുള്ള ഒരു വമ്പിച്ച കെട്ടിടം കിഴക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്നു. നടുക്കുവച്ചു് അതു രണ്ടുഭാഗങ്ങളായി തിരിഞ്ഞിരിക്കയാണു്. നടുവിലത്തെ ഇടുങ്ങിയ വിടവിൽ ഒരു വലിയ സ്ഥാപനം നിലകൊള്ളുന്നു. "ക്യൂ" എന്നാണതിൻെറ പേരു്. രണ്ടു കൽഭിത്തികൾ ഒപ്പംനിന്നു വളർന്നു് മൂന്നു നില്പുകളുള്ളതാണു് അതു സൃഷ്ടിച്ചിരിക്കുന്നതു്. ഇരുവശത്തും പുരുഷന്മാർ, നടുക്കു് സ്ത്രീകളും. അടുങ്ങിക്കൂടി നില്ക്കുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും മുകളിലായി രണ്ടുമൂന്നുസ്ഥലത്തു മുഴച്ചുനില്ക്കുന്ന ഒരു മുന്നറിയിപ്പു്—പോക്കററടി സൂക്ഷിച്ചുകൊള്ളണം.

ചിരകാലമായി പ്രതീക്ഷിച്ചിരുന്ന ഒരു ദിവസമായിരുന്നു അതു്. വർണ്ണപ്പകിട്ടുള്ള പുത്തൻസാരികളിൽ പൊതിഞ്ഞ അംഗനമാർ കൂട്ടംകൂട്ടമായിവരുന്നു. കുററിമീശക്കാരും വിളുമ്പിക്കൃതാവുകാരും പാററചേന്നും ഒററതിരിഞ്ഞും അവിടെയും ഇവിടെയുംനിന്നു തങ്ങളുടെ വേഷപ്പകിട്ടുകൾ പ്രകടിപ്പിക്കയാണു്. കോളജിൻെറ മുൻവശത്തു് വിശാലമായിക്കിടക്കുന്ന മൈതാനത്തു് പുഷ്പവാഹികളായ അനേകം ചെടികളും വൃക്ഷങ്ങളും നിരനിരയായി വളരുന്നു. നാലുവശത്തും റന്മാർ ആ വൃക്ഷങ്ങളുടെ ഇടയിലൂടെ മറഞ്ഞു നിന്നു് സാഹിത്യകാരരെപ്പോലെ എ ന്നിരിക്കട്ടെ വീട്ടുന്നു. മാനവും മര്യാദയും വെടിഞ്ഞു് ചിലർ അവർക്കു മാർഗ്ഗതടസ്സം ഉണ്ടാക്കുവാനും മടിക്കുന്നില്ല. ഒരിടത്തു് ഒരു കൂട്ടച്ചിരി. മറെറാരിടത്തു് ഒരു ഹസ്തതാഡനം.

പരിഷ്കൃതമനസ്സയായ ഒരു യുവതിയാണു പൊന്നമ്മ. അവൾ പറഞ്ഞു അമ്മയോടു്: "എൻെറ അമ്മച്ചി എനിക്കു് ആ കോളജിൽ പോയി പഠിക്കുവാൻ കഴികയില്ല."

"നീ എന്തുപറഞ്ഞു? നിനക്കു പിന്നെ ഏതു കോളജിൽ പോകണം?" കോപകലുഷിതമായ സ്വരത്തിൽ അമ്മിണിയമ്മയുടെ ചോദ്യം.

"കന്യാസ്ത്രീയമ്മമാർ നടത്തുന്ന കോളജുകളുണ്ടല്ലോ. അതിലേതെങ്കിലും ഒന്നിൽ ഞാൻ പോയി പഠിച്ചുകൊള്ളാം."

"അമ്മമാരുടെ കോളജ്! നിനക്കെന്തറിയാം? ആ മതിൽക്കെട്ടിനുള്ളിലെ സംസ്കാരം ഇന്നു ലോകത്തിൻെറമുമ്പിൽ വിലപ്പോകയില്ല, എൻെറ കുഞ്ഞേ. ആധുനികജീവിതരീതികൾ പഠിച്ചു് നീ ഒരു സംസ്കാരസമ്പന്നയായിത്തീരണമെന്നാണു ഞങ്ങൾ ഇരുവരുടേയും ആഗ്രഹം."

"എൻെറ അഭ്യുദയത്തെയാണു് എൻെറ വത്സലമാതാപിതാക്കന്മാർ കൂടുതലായി കാംക്ഷിക്കുന്നതെന്നെനിക്കറിയാം. പക്ഷേ ആ പുതിയ കോളജിനകത്തു നടക്കുന്ന സംഭവങ്ങൾ എന്തെല്ലാമാണെന്നു് അമ്മച്ചിക്കെന്നുമറിഞ്ഞുകൂടല്ലോ."

"കോളജിൽ പ്രൊഫസ്സറന്മാർ പഠിപ്പിക്കും. പഠിക്കാൻ ഇഷ്ടമുള്ളവർ പഠിക്കുന്നു; അല്ലാത്തവർ സമയം നഷ്ടപ്പെടുത്തുന്നു. അതിനു നിനക്കെന്തു്? നീ നന്നായി പഠിച്ചുകൊള്ളുക."

"പഠിക്കുവാൻ മനസ്സുള്ളവർക്കും പഠിക്കുവാൻ സാധിക്കയില്ലാത്ത സാഹചര്യങ്ങളാണു് പലപ്പോഴുമുള്ളതവിടെ."

"പ്രൊഫസ്സറന്മാർ ക്ലാസ്സിൽ ഇരിക്കുമ്പോൾ?"

"അതെ, പ്രൊഫസ്സറന്മാരെപ്പററിയും എനിക്കു പറയുവാൻ ലജ്ജതോന്നുന്നു. മിക്കവരും സന്മാർഗ്ഗികമായി വളരെ അധ:പതിച്ചവരാണു്. കുറഞ്ഞ ശമ്പളം വാങ്ങി അവർ ജോലിചെയ്യുന്നതു വലിയ ത്യാഗമായി അവർ കൊട്ടിഘോഷിക്കാറുണ്ടു്. പക്ഷേ ശമ്പളമൊന്നുമില്ലെങ്കിൽത്തന്നെയും അവർ ആ കോളജിൽ ജോലിചെയ്തുകൊള്ളുമെന്നു ഞങ്ങളിൽ പലർക്കും അറിയാം."

വെളുപ്പിൽ ഇളംചുവപ്പുകലർന്നു പ്രകാശമുള്ള നിറം, നീണ്ടനാസിക, ജ്വലിക്കുന്ന കണ്ണുകൾ, അണ്ഡാകൃതിയിലുള്ള മുഖം, ചെമ്പുണ്ടുകൾ—ഇവയെല്ലാംപ്രകൃതിയായി നൽകുന്നതിനും ഇരുവശങ്ങളിലേക്കും മടഞ്ഞിട്ടിട്ടുള്ള കേശബന്ധം: എല്ലാംകൂടി കൂട്ടിച്ചേർത്തു പരിശോധിച്ചാൽ ഒരു ചിത്രത്തുല്യയാണോ എന്നുതോന്നുംപൊന്നമ്മയുടെ മുഖം. കഴുത്തിൽ ഒരു സ്വർണ്ണച്ചെയിനില്ലാതെ മററാഭരണങ്ങളൊന്നുമില്ല. റോസ്നിറമുള്ള ഒരു പട്ടുസാരിയാണു ധരിക്കാറുള്ളതു്. വലംകൈയുടെ വിരലുകൾക്കിടയിൽ ഒരു ജപമാലയും. അവളുടെ നയനങ്ങൾ ഇരുവശങ്ങളിലും അധികം സഞ്ചരിക്കാറില്ല. മററു വിദ്യാർത്ഥിനികളെ കാണുമ്പോൾ കൂക്കുവിളി നടത്താറുള്ള കിരാതന്മാർപോലും പൊന്നമ്മയെകാണുമ്പോൾ ദൂരെമാറി പകച്ചുനിന്നുപോകാറുണ്ടു്. യുവാക്കന്മാരുടെ ബഹുമാനപാത്രമായിത്തീർന്നിരുന്ന പൊന്നമ്മയോടുണ്ടായി പല വനിതാമണികൾക്കും ശമിക്കാത്ത ഒരസൂയ.

ഒരു യുവതിയുടെ ഉജ്ജ്വലത്തായ പ്രസംഗമാണു് അന്നു ക്ലാസ്സിൽ നടന്നതു്. പിൻബെഞ്ചിൽ എഴുന്നേററുനിന്നുകൊണ്ടു് അവൾ പറഞ്ഞു: "സർ, സഹവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ കോളജിൽ പുരുഷന്മാരേയും സ്ത്രീകളേയും വേർതിരിച്ചിരുത്തിയിരിക്കുന്നതു് ഒരു മൗലികാവകാശധ്വംസനമാണു്. സ്ത്രീകൾക്കു പുരുഷന്മാരുടെകൂടെ ഇരിക്കുവാനുള്ള അവകാശമാണു ഞാൻ എൻെറ സഹോദരികളുടെ നാമത്തിൽ ആവശ്യപ്പെടുന്നതു്. അതിനാൽ ഇനിമേൽ യുവതികൾക്കായും യുവാക്കന്മാർക്കായും പ്രത്യേകം പ്രത്യേകം സീററുകൾ ഇടേണ്ടതില്ലെന്നുള്ള ഒരു പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു."

ചില യുവാക്കന്മാർ "ഹിയർ" വിളിച്ചുവളെ അഭിനന്ദിച്ചു. എന്നാൽ വനിതാപ്രൊഫസ്സർ ഷീലായുടെ ഞരമ്പുകളിൽക്കൂടി ചുടുരക്തം പാഞ്ഞുകയറി. കോപംകൊണ്ടു് അവരുടെ അധരങ്ങൾ വിറച്ചു. അവരുടെ ഉഗ്രസ്വരം നീണ്ടുമുഴങ്ങി അവിടെ. "ലജ്ജാവിഹീനയായ ഒരു യുവതിയുടെ വിചിത്രമായ ഒരു പ്രമേയം നിങ്ങൾ കേട്ടുകഴിഞ്ഞു. ആ പുതിയ മൗലികാവകാശത്തെപ്പററി ഇന്നാണു ഞാൻ കേൾക്കുന്നതു്. ജീവിക്കുക എന്നതു് ഏവരുടേയും മൗലികാവകാശമാണു്. സംസാരസ്വാതന്ത്ര്യവും മന:സാക്ഷിസ്വാതന്ത്ര്യവും മൗലികാവകാശങ്ങളിൽ പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ ഓരോരുത്തരുടേയും വ്യക്തിത്വം പാലിച്ചുകൊണ്ടുപോകുവാൻ എന്തെല്ലാമായിരിക്കുമോ അത്യാവശ്യമായിരിക്കുന്നതു് അതെല്ലാം മൗലികാവകാശങ്ങളായി പരിഗണിക്കാം. എന്നാൽ ഒരു സ്ത്രീക്കു പുരുഷന്മാരുടെ ഇടയ്ക്കുകയറി ഇരിക്കണമെന്നുള്ള ശാഠ്യം ഒരു മൗലികാവകാശമായിത്തീരുന്നതെങ്ങനെയെന്നു മനസ്സിലാകുന്നില്ല. പൊതുസ്ഥലത്തു പൊതുവായ നിയമങ്ങൾ പാലിക്കണം. പുരുഷന്മാരും സ്ത്രീകളും പൊതുസ്ഥലത്തു വേർതിരിഞ്ഞിരിക്കുന്നതാണു് ഇരുകൂട്ടർക്കും ഉത്തമവും സ്വീകാര്യവുമായിട്ടുള്ളതു്."


ഷീലാ വിശാലമായ ആശയങ്ങൾ ഉൾക്കൊള്ളുന്നവളും പരിഷ്കൃതമനസ്സുമാണെന്നാണു് അഭിജ്ഞന്മാരുടെ അഭിമതം. അതിനാൽ പ്രൊഫസ്സരുടെ അഭിപ്രായത്തെ എതിർക്കുവാൻ യുവാക്കന്മാരിൽ ആരുംതന്നെ ഉന്നിഞ്ഞില്ല. പരാജിതയായ സരസമ്മ സ്വസ്ഥാനത്തേക്കു താഴ്ന്നതും ഒററ തള്ളിൽ മറിഞ്ഞുവീണതും ഒന്നിച്ചുകഴിഞ്ഞു. അവിടെ ഒരു ബഹളമായി. "ഇതെന്താണു പൊന്നമ്മേ?" ചോദിച്ചു അല്പം പുഞ്ചിരിപരത്തിക്കൊണ്ടു് ഷീലാ. പൊന്നമ്മ എഴുന്നേററുനിന്നു പറഞ്ഞു: "പെൺകുട്ടികളുടെ ഇടയ്ക്കിരിക്കുന്നതു് ഒരു മൗലികാവകാശധ്വംസനമായി കരുതുന്ന ഈ സഹോദരി ഇനി ഞങ്ങളുടെ ഇടയ്ക്കിരിക്കുവാൻ ഞങ്ങൾ സമ്മതിക്കുന്നതല്ല." മററു പെൺകുട്ടികളും ഒററച്ചുരടിൽനിന്നു് ആ നിശ്ചയത്തെ ശക്തിപൂർവ്വം പിൻതാങ്ങി. യുവാക്കന്മാരുടെ ഇടയിൽ ഒരു കൂട്ടച്ചിരി നടന്നു. സരസമ്മ ഇളിഭ്യയായി. വീണിടത്തുനിന്നും അവൾ എഴുന്നേററു് അല്പം അകലെ മാറിനിന്നു. യാതൊരനുകമ്പയും ലഭിച്ചില്ല മററുള്ളവരിൽനിന്നും. അവൾ വിദ്യാഭ്യാസം അവസാനിപ്പിച്ചു് ആ കോളജിനോടു യാത്രപറയുവാനുള്ള മൗലികാവകാശമാണു് പിന്നീടു വിനിയോഗിച്ചതു്.

ധീരവനിത എന്ന പേർ പൊന്നമ്മയ്ക്കു സിദ്ധിച്ചു. അവളുടെ നേതൃത്വത്തിൽ ആ കോളജിലെ വിദ്യാർത്ഥിനികൾ സംഘടിച്ചു പ്രവർത്തിക്കുവാൻ തുടങ്ങി. അവരുടെമുമ്പിൽ അധമന്മാരായ യുവാക്കൾ സാധാരണ കാണിക്കാറുള്ള പേക്കൂത്തുകൾക്കു് ഒരന്തംവരുത്തുവാനായിരുന്നു അവരുടെ ആദ്യത്തെ ശ്രമം. യുവാക്കന്മാരെക്കൂടി വിളിച്ചുവരുത്തി ഒരു വമ്പിച്ച മീററിംഗ് പ്രൊഫസർ ഷീലായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രൊ. ഷീലായുടെ അദ്ധ്യക്ഷപ്രസംഗം:



"വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ട്രാൻസ്പോർട്ട് ബസ്സ്സ്റ്റാൻറ്."

"മാന്യ സഹോദരിമാരേ, സഹോദരന്മാരേ, ഇവിടത്തെ കോളെജ് സ്ഥാപിക്കപ്പെട്ടതു് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണെന്നാണു ഞാൻ കരുതിയിരുന്നതു്. യുവാക്കന്മാരും യുവതികളും തമ്മിൽ പരസ്പരം സഹോദരീസഹോദരന്മാരെപ്പോലെ സ്നേഹിച്ചും ബഹുമാനിച്ചും ജീവിക്കുവാനുള്ള ഒരു പരിപാവനരംഗമായിത്തീരും ഇതെന്നു എന്നെപ്പോലെ പലരും വിചാരിച്ചിരുന്നു. ഇവിടെ വന്നതിനുശേഷം മാത്രമാണു് യാഥാർത്ഥ്യങ്ങളെ അതിന്റെ തനിനിറത്തിൽ ഞാൻ അഭിമുഖീകരിച്ചതു്. ഇവിടെ പ്രവേശിച്ചിരിക്കുന്ന പല യുവാക്കന്മാരും പഠിക്കുവാൻവേണ്ടി വന്നിട്ടുള്ളവരല്ലെന്നു തീർച്ചയാണു്. പല യുവതികളുടെ കാര്യവും അങ്ങനെതന്നെ. പലരും കടുത്ത നിരീശ്വരവാദികളാണു്. മററുപലരും കമ്മ്യൂണിസ്റ്റുകാരുടെ തന്ത്രങ്ങളിൽ കുടുങ്ങി അവരുടെ ഏജൻറന്മാരായി പ്രവർത്തിക്കുന്നു. വ്യക്തികളെ ബഹുമാനിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്ന രണ്ടു പ്രസ്ഥാനങ്ങളാണു് നിരീശ്വരത്വവും കമ്മ്യൂണിസവും. ജഢികമായതല്ലാതെ മററൊന്നും കാണുവാൻ അവർക്കു കണ്ണില്ല. പോക്കിരിപ്പാററത്തെക്കാളും കാലിക്കൂട്ടങ്ങളെക്കാളും മെച്ചമായി അവർക്കെന്തു ചിന്തിക്കുവാൻ കഴിയും? യുവതീയുവാക്കന്മാരുടെ ഇടയിലെ ചീഞ്ഞഴിഞ്ഞ ജീവിതത്തിനു് ഉത്തരവാദികൾ മററാരുമല്ല. കോളജുകളിൽനിന്നു് ചിലപ്പോൾ വലിയ ഡിഗ്രികൾ നിങ്ങൾ സമ്പാദിച്ചേക്കാം. എങ്കിലും "കാരക്റ്റർ" നിങ്ങൾക്കു ലഭിക്കയില്ല. കാരക്റ്റർ ഇല്ലാത്ത ഡിഗ്രികൾ കാഴ്ചയില്ലാത്ത കണ്ണുകൾപോലെ ഫലശൂന്യമാണു്. ആദ്യമായി നിങ്ങൾ നിങ്ങളെത്തന്നെ അറിയുക. അപ്പോൾ നിങ്ങൾ മററുള്ളവരേയും അറിയും. അവരെ ബഹുമാനിക്കുവാനും സ്നേഹിക്കുവാനും നിങ്ങൾ പഠിക്കയും ചെയ്യും.



കെ. പി. മോറീസ്, എഴുപുന്ന.

"ഇന്നു നിങ്ങളുടെ സ്നേഹം സ്നേഹമെന്നപേർ അർഹിക്കുന്നില്ല. പരസേവനത്തിനായി ദൈവം നിങ്ങൾക്കു നൽകിയിരിക്കുന്ന സമയം നിങ്ങൾ നഷ്ടപ്പെടുത്തുന്നു പ്രണയലേഖനങ്ങൾ എഴുതിയും ദുർഭാഷണങ്ങൾ നടത്തിയും. യാതൊരു മൃഗത്തിനും നൽകപ്പെട്ടിട്ടില്ലാത്ത രണ്ടു ഗുണങ്ങളാണു് സംസാരവും എഴുത്തും. എന്നാൽ അതു രണ്ടും വഴിയായിട്ടാണു് നിങ്ങൾ മൃഗങ്ങളെക്കാൾ അധഃപതിച്ചിരിക്കുന്നതു്. സ്വസഹോദരങ്ങളെ നിന്ദിക്കയോ അപമാനിക്കയോ ചെയ്യുവാൻ യാതൊരു മൃഗത്തിനും സാദ്ധ്യമല്ല. നാമോ അതു ചെയ്യുന്നു. മററുള്ളവരെ ദ്രോഹിക്കുന്നവർ അല്പകാലം മഹാന്മാരായി ലോകത്തിൽ വാണിരുന്നേക്കാം. പുകപോലെ അവരുടെ മാഹാത്മ്യം അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നുപോകും. ലോകം അവരെ ദ്വേഷിക്കയും ചെയ്യും. എജിസ്ലാവൂസ് എന്ന മഹാൻ പറഞ്ഞിരിക്കുന്നതു് ഇത്തരുണത്തിൽ ശ്രദ്ധേയമാണു്. "പിൽക്കാലത്തു് ലോകത്തിനു നന്ദിപൂർവ്വം സ്മരിക്കത്തക്ക എന്തെങ്കിലും ഞാൻ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതുതന്നെയാണു് എന്റെ ഏററവും വലിയ സ്മാരകം." നിങ്ങളും ലോകത്തിൽ ഒരു സ്മാരകം നിക്ഷേപിക്കുവാൻ വിചാരിക്കുന്നെങ്കിൽ സേവനതല്പരരായിരിക്കുക, പരദ്രോഹകൃത്യങ്ങളെ വർജ്ജിക്കുക."

ക്രിസ്മസ് ഇളവു പ്രമാണിച്ചു കോളജ് അടയ്ക്കുന്ന ദിവസം. സന്തോഷഭരിതരായി വിദ്യാർത്ഥിനീവിദ്യാർത്ഥികൾ സ്വഭവനങ്ങളിലേക്കു മടങ്ങുകയാണു്. സുകുമാരനും ജോസും ഒന്നിച്ചുകൂടി. "പരീക്ഷ എങ്ങനെ ഇരുന്നു?" സുകുമാരന്റെ ചോദ്യം. "മിക്സെഡ് കോളെജിൽ പഠിക്കുന്നവർ പരീക്ഷ അത്ര വകവയ്ക്കാറുണ്ടോ?"

"എങ്കിലും!"

"എനിക്കു മനസ്സിലായില്ല ഒരു ചോദ്യവും. മനുഷ്യജന്മത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഡാർവിന്റെ അഭിമതം ഞാൻ നന്നായി എഴുതിവച്ചിട്ടുണ്ടു്."

"ഏതായാലും, കേട്ടോ, ഡാർവിൻ ഒരു മഹാൻതന്നെ. മനുഷ്യന്റെ ആശയങ്ങളിൽ അദ്ദേഹം ഒരു വിപ്ലവം ഉണ്ടാക്കിക്കളഞ്ഞു."

"എന്തു വിപ്ലവം! ഇന്നു ഷീലായുടെ അദ്ധ്യക്ഷപ്രസംഗം കേട്ടില്ലേ? ഇനിയും ഇവരൊക്കെ ഈ അന്ധവിശ്വാസങ്ങളൊക്കെ പുലർത്തുന്നതാണു് ആശ്ചര്യകരം. കേട്ടില്ലേ, നമ്മൾ ഇവിടെ അനുഭവിക്കുന്ന രസങ്ങളെല്ലാം നിഷിദ്ധങ്ങളാണെന്നു പറഞ്ഞതു്? അങ്ങനെയെങ്കിൽ നമ്മളെന്തിനാണു് ഇത്ര ബുദ്ധിമുട്ടി ഇവിടെ വന്നുചേർന്നതു്?"

"ഏതായാലും എനിക്കൊന്നു പറയുവാനുണ്ടു്. നമ്മിൽ ചിലരുടെ പ്രവൃത്തികൾ വളരെ നിന്ദ്യമാണു്. കഴിഞ്ഞദിവസം ഒരാൾ മൂക്കററം മദ്യപിച്ചു് പെൺകുട്ടികളുടെ ഇടയിൽ കയറി ഇരുന്നു കാണിച്ച ചെമ്മാടിത്തരങ്ങൾ അമ്മയും സഹോദരികളുമുള്ളവർ സഹിക്കയില്ല. ഷീലാ പറഞ്ഞതുപോലെ യുവാക്കന്മാർ സ്ത്രീകളുടെ മുമ്പിലെങ്കിലും കൂടുതൽ മര്യാദയോടുകൂടി പെരുമാറേണ്ടതല്ലേ?"

"എനിക്കു് ആ അഭിപ്രായമല്ല. പഠിക്കുന്നതിനാണെങ്കിൽ ആണുങ്ങൾക്കു് വേറെ എത്ര നല്ല കോളജുകൾ കിടക്കുന്നു? ഇവിടെ വന്നുചേരുന്ന യുവതികൾക്കും ഇക്കഥയൊന്നും അറിവാൻ പാടില്ലായ്കയില്ല. പിന്നെന്തിനു യുവതികൾ

ബ. അൽഫോൻസാമ്മയുടെ പ്രത്യേക അനുഗ്രഹത്താൽ എന്റെ അനുജന്റെ സുഖക്കേടു നിശ്ശേഷം മാറിയതിനു കൃതജ്ഞത. ഇത്രയും താമസിച്ചുപോയതിനു ക്ഷമാപണം. മേലിൽ ഞങ്ങളെ സംരക്ഷിക്കണമെ!

ആലേങ്ങാടൻ ജോർജ്ജ് ബ്രദേഴ്സ്
ഇരിഞ്ഞാലക്കുട

യുവാക്കന്മാരുടെ മര്യാദകേടിനെപ്പററി വിലപിക്കുന്നു? മര്യാദയായി പെരുമാറുവാൻ അറിയാവുന്ന യുവതികളോടു് യുവാക്കന്മാർ സാധാരണയായി മര്യാദയോടുകൂടി പെരുമാറുന്നു എന്നാണെന്റെ പക്ഷം. നല്ല ജീവിതം കാംക്ഷിക്കുന്ന പെൺകുട്ടികൾക്കു് പെണ്ണുങ്ങൾക്കായി മാത്രമുള്ള കോളജുകളിൽ പോകരുതോ?"

"അങ്ങനെ പറയുന്നതു ശരിയല്ല. അടുത്തൊരു കോളജുണ്ടെങ്കിൽ അതു വിട്ടിട്ടു് അധികമാരും ദൂരെ പൊയ്ക്കളയാമെന്നുവയ്ക്കയില്ല. നോക്കണം ആ പൊന്നമ്മയെ. അവൾ പഠിക്കാൻ വന്നിരിക്കയാണെന്നു് ആർക്കും തോന്നും."

"അങ്ങനെ ചുരുക്കം ചിലരുണ്ടായിരിക്കാം. യുവാക്കന്മാരുടെ കൂട്ടത്തിലുമുണ്ടു് അത്തരക്കാർ. എന്നാലും അതൊരു പ്രമാണമായിത്തീരുന്നില്ല. മിക്സെഡ് കോളജിന്റെ പ്രമാണം ഞാൻ മുമ്പേ പറഞ്ഞതുതന്നെ."

കോളജ് തുറന്നിട്ടു് ആഴ്ചകൾ രണ്ടു കഴിഞ്ഞു. യുവാക്കന്മാരെല്ലാം പുതിയ ആളുകളായി ചമഞ്ഞിരിക്കയാണോ എന്നു തോന്നി. പഴയതുപോലെ അട്ടഹാസവും കൈകൊട്ടും ഇപ്പോൾ അവിടെ കേൾക്കുന്നില്ല. സ്ത്രീകളെ കാണുമ്പോൾ യുവാക്കന്മാർ ഉപചാരംചെയ്തു് അവരെ ബഹുമാനിക്കുന്ന രീതിയും നടപ്പിൽവന്നു. പുരുഷന്മാർ ഇരിക്കുന്നിടത്തു് സ്ത്രീകൾ കയറിയിരിക്കണമെന്നു് ആരും മൗലികാവകാശം പുറപ്പെടുവിച്ചില്ല. യുവതികൾക്കു സീററുകൾ ഒഴിഞ്ഞു കൊടുത്തുകൊണ്ടു് ചിലപ്പോൾ പുരുഷന്മാർ എഴുന്നേററു നിൽക്കുന്നതും കാണാമായിരുന്നു. പുരുഷന്മാരുടെ ഇടയിലുണ്ടായ ആ പരിവർത്തനത്തിനു് ഹേതുഭൂത പൊന്നമ്മയും അവളുടെ സംഘടിച്ച പ്രവർത്തനവുമായിരുന്നു എന്നു് ഏവരും ഗ്രഹിച്ചു.

കുറേ പുസ്തകങ്ങൾ കൈത്തണ്ടിലേന്തി അവൾ കോളജിലേക്കു നടന്നുപോകുകയായിരുന്നു. രണ്ടാം നിലയിൽനിന്നും ഒരു വെള്ളക്കടലാസു് കാററത്തുലഞ്ഞു് അവളുടെ നിചസാരിയിൽ തടവി കാൽച്ചുവട്ടിൽപതിച്ചു. സകൗതുകം അതെടുത്തുനോക്കി അവൾ. ഒരു പ്രണയലേഖനം. ഏതോ ഒരു യുവാവിന്റെ പിടയുന്ന ഹൃദയം അതിൽ ഒഴുക്കിയിരിക്കുന്നു! അതു മുഴുവനും വായിക്കുവാനുള്ള ക്ഷമ പൊന്നമ്മയ്ക്കുണ്ടായില്ല. അവൾ അതു തുണ്ടുതുണ്ടായി കീറി കാററത്തേക്കു പറപ്പിച്ചുകളഞ്ഞു. ഇതെല്ലാം ഒളിഞ്ഞുനിന്നു സൂക്ഷിച്ചിരുന്ന മാത്യുവിന്റെ ഹൃദയത്തിൽക്കൂടി അനേകം മിന്നൽപ്പിണരുകൾ പാഞ്ഞുപോയി. മാത്യുവിന്റെ നിരാശ തോമസിനു സന്തോഷജനകമായിരുന്നു. അവർ തമ്മിൽ ചില വാഗ്വാദങ്ങൾതന്നെ നടക്കുകയുണ്ടായി. മാത്യുവിന്റെ ഹൃദയം ഇളകി നിരാശയുടെ അടിത്തട്ടിലേക്കു താഴ്ന്നു. ഒരു ഭ്രാന്തനെപ്പോലെ അയാൾ രണ്ടു മൂന്നു ദിവസം ആ കോളജിന്റെ പരിസരങ്ങളിൽക്കൂടി ചുററിനടന്നു

അർദ്ധരാത്രി കഴിഞ്ഞുകാണും. തെളിഞ്ഞുനിന്നിരുന്ന നക്ഷത്രങ്ങളെല്ലാം ഒരിരുണ്ടമേഘത്തിനു പിറകിൽ മറഞ്ഞുനിന്നു. കോളജുഗ്രൗണ്ടിൽ വളർന്നു നിൽക്കുന്ന വൃക്ഷങ്ങൾ മാരുതപ്രവാഹത്തിൽ അല്പം ചലിക്കുന്നുണ്ടു്. ഹോസ്റ്റൽമുറിയുടെ വാതിൽ ആരോ തുറന്നു് മങ്ങിയ ഒരു വെളിച്ചവും പിടിച്ചുകൊണ്ടു് നടന്നു താഴെക്കിറങ്ങി. അയാൾക്കു മുമ്പിൽ ഒരു മിന്നാമിനുങ്ങു് വേണ്ട, വേണ്ട, എന്നാംഗ്യം കാണിച്ചുകൊണ്ടു് പറന്നുപോയി. അയാൾ പടർന്നുനിൽക്കുന്ന ഒരു വൃക്ഷത്തിൻ ചുവട്ടിൽ ചെന്നുനിന്നു. ആ മങ്ങിയ വെളിച്ചം ഇരുട്ടിൽ ലയിച്ചുപോയി. ഭയചകിതയായ ഒരു നത്തു് ചിറകടിച്ചുപറന്നു് മുകളിലേക്കുയർന്നു.


കിഴക്കു് അലക്കിയ വസ്ത്രം വിരിച്ചുകൊണ്ടു് അന്ധകാരം നീങ്ങിക്കഴിഞ്ഞു. കാകനും കഴുകനും ആ മരത്തിനു ചുററും മത്സരിച്ചു പറന്നുതുടങ്ങി. വിദ്യാർത്ഥിനീവിദ്യാർത്ഥികൾ അങ്ങോട്ടാകർഷിക്കപ്പെട്ടു. ഞെട്ടിപ്പോയി പലരും ആ ഭയങ്കരമായ കാഴ്ചകണ്ടു്. ഒരു പ്രേതം മരത്തിന്റെ കൊമ്പിൽ തൂങ്ങിനിൽക്കുന്നു. നാക്കു പുറത്തുചാടിയിട്ടുണ്ടു്. കണ്ണു രണ്ടും മിഴിച്ചുനിൽക്കുന്നു. തുടരണ്ടും മാന്തിക്കീറിയിരിക്കുന്നു. വിദ്യാർത്ഥിനികൾ വാവിട്ടുനിലവിളിച്ചുപോയി. "മാത്യുവാണല്ലോ! ഇതെന്തുപററി?"—ജോസും സുകുമാരനുംകൂടി പരസ്പരം മന്ത്രിച്ചതാണു്. നാട്ടുകാർ അനേകം ആ കോളജ് വളപ്പിലേക്കു കുതിച്ചുകയറി. പോലീസ് അധികൃതന്മാരും വന്നുചേർന്നു.

ഇളവുദിവസമായി പ്രഖ്യാപനം ചെയ്യപ്പെട്ട അന്നു്. പ്രൊഫസ്സറന്മാർക്കും വിദ്യാർത്ഥികൾക്കും ശബ്ദിക്കുവാൻ നാക്കു പൊങ്ങിയില്ല. എല്ലാവരെയും ബാധിച്ചിരിക്കയാണു് ഒരു ഭയം. പോലീസ് ഇൻസ്പെക്റ്റർ പ്രിൻസിപ്പാളിന്റെ കൈക്കുപിടിച്ചു ഒരു മുറിയിലേക്കു നീങ്ങി രഹസ്യത്തിൽ പറഞ്ഞു: "ഇതു് ഒരാത്മഹത്യതന്നെ. പ്രണയനൈരാശ്യമാണു കാരണം. ഇത്തരം അനേകം അനിഷ്ടസംഭവങ്ങളെ വിളയിക്കുന്ന ഒരു സ്ഥാപനം ആയിത്തീരും ഇതു് എന്നു പ്രവചിക്കുവാൻ ഞാൻ മടിക്കുന്നില്ല. സഹവിദ്യാഭ്യാസത്തിന്റെ ദൂഷ്യങ്ങൾ എന്തെല്ലാമാണെന്നു നിങ്ങൾ പഠിക്കുമ്പോഴേക്കും യൗവനയുക്തരായ പലരുടെയും ദുർമ്മരണത്തിനു നിങ്ങൾ സാക്ഷിനിൽക്കേണ്ടിവരും എന്നു നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക."

ആ ഭയങ്കരസംഭവത്തിനു സാക്ഷിനിന്നദിവസം 685 ദിവസങ്ങൾക്കു പുറകിലായിപ്പോയി. ഒളിച്ചോടിപ്പോയ തോമസ് വീണ്ടും നാട്ടിലേക്കുവന്നു. അയാൾ ആദ്യമായി അന്വേഷിച്ചതു് പൊന്നമ്മ ജോസഫിനെക്കുറിച്ചാണു്. എം. എ.-യ്ക്കു് ഒന്നാംക്ലാസ്സിൽ വിജയം നേടി എന്നറിഞ്ഞു. ഗുണസമ്പൂർണ്ണയായ ആ സ്ത്രീരത്നം ഒരിക്കൽ തന്റെ ഭാര്യാപദം സ്വീകരിച്ചുകഴിഞ്ഞാൽ അയാൾ സർവ്വഭാഗ്യങ്ങളും തികഞ്ഞവനായിത്തീരുമെന്നാണു് തോമസിന്റെ വിചാരം. ഒരുകാലത്തു് അയാൾ മാത്യുവിനെ ഭയപ്പെട്ടിരുന്നതാണു്. ഇപ്പോൾ അയാൾക്കു് ആശങ്കയ്ക്കു് കാരണങ്ങൾ ഒന്നുംതന്നെ ഇല്ല. അയാൾ അവിടത്തെ കന്യകാമഠത്തിലേക്കുതന്നെ ചെന്നു.

ഒരു മണിയടി. ഒരു കൊച്ചുകുട്ടി ഓടിവന്നു. "എന്താ കാര്യം?"

"പൊന്നമ്മ ജോസഫിനെ കാണണം. ഞാൻ ബ്രദറാണു്."



സിസ്റ്റർ അൽഫോൻസായുടെ മാദ്ധ്യസ്ഥസഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.
കുഞ്ഞന്നാമ്മ മോറീസ്സ്, എഴുപുന്ന.

"അങ്ങനെ ഒരാൾ ഇവിടെ ഇല്ല."

"ഇല്ലേ? ഇവിടത്തെ മദറിനോടു പറയൂ." ആ കുട്ടി അവിടെനിന്നുംപോയി. മദറാണു കാഴ്ചമുറിയിലേക്കു പിന്നെ വന്നതു്.

"നിങ്ങൾക്കെന്തുവേണം?" ചോദിച്ചു മദർ.

"പൊന്നമ്മ ജോസഫിനെ ഒന്നു കാണണം."

"അവൾ ഇവിടെ ഇല്ല."

"ഇവിടെ ഉണ്ടെന്നാണല്ലോ ഞാൻ കേട്ടതു്."

"അവൾ ഇവിടെനിന്നും പോയി."

"എങ്ങോട്ടു്?"

"വിവാഹം കഴിച്ചുപോയി."

"അയ്യോ! വിവാഹമോ! ആരെ വിവാഹംചെയ്തു?"

"12 വയസ്സുള്ളപ്പോൾ അവൾ വാക്കുകൊടുത്തിരുന്ന ഒരാളെ."

"അതാരു? വേഗം ഒന്നു പറയണം. എനിക്കു സഹിക്കാൻവയ്യാ."

"ഒരാശാരിച്ചെറുക്കനെ. തല ചായ്ക്കാൻ സ്ഥലമില്ലാത്തവൻ."

"യോഗ്യനായ എന്നെ ഉപേക്ഷിച്ചിട്ടോ! ഭ്രാന്തുതന്നെ—സിസ്റ്ററിന്റെ പേരു്?"

"സിസ്റ്റർ സേവ്യർ."

"പഴയപേരു്?"

"പൊന്നമ്മ ജോസഫ്"—തോമസ് ബോധരഹിതനായി പുറകോട്ടു മറിഞ്ഞു.

---

സെൻറ് വിൻസെൻറ് ഡി പോൾ പ്രസിഡൻറ് അവർകളെ കരാഞ്ചിറയിലെ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു. മാനേജർ, സത്യദീപം

ഇപ്പോൾ അച്ചടിയിലിരിക്കുന്ന

"അറിയേണ്ടും കാര്യങ്ങൾ"

എന്ന പുസ്തകം 1952 ജാനുവരിയിൽ പ്രസിദ്ധപ്പെടുത്തുന്നതും ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ എന്റെ മകൻ ലോനപ്പൻ (വൈദ്യഭൂഷണം & D. A. I. T.) എറണാകുളം സെയിൽസ് ഡപ്പോവിൽക്യാമ്പ് ചെയ്തുവരുന്നതു് അടുത്ത ഒന്നാംതിയ്യതി (1951 ഡിസംബർ മാസം 1-ാംനു) മുതൽ നിർത്തൽ ചെയ്യുന്നതുമാണു്.

N. B. എറണാകുളം സെയിൽസ് ഡപ്പോ പതിവുപോലെ നടത്തിവരുന്നതായിരിക്കും.

Prop: കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനുസമീപം), നെല്ലായി P. O.

# കടുവായും സിംഹവും

[സി. കെ. മററം]

ഒരു വേനൽക്കാലത്താണ് 451-ൽ. "റോമ്മാക്കൂടി പിടിക്കാതെ തരമില്ല." ഒരു നരവ്യാഘ്രത്തിൻെറ ആത്മഗതം.

എന്തിനു റോമ്മാ?

അവിടെ ഒരു പെണ്ണുണ്ട്. കണ്ടാൽ വേണ്ടതില്ല. ചക്രവത്തിയുടെ സോദരി. ആ രാജകുമാരിയെക്കൂടി വിവാഹംകഴിക്കണം. ആററില്ലാരാജാവ് ദൂതന്മാരെ അയച്ചു റോമ്മായിലേക്കു. പക്ഷെ അവർ നിരാശരായി മടങ്ങി. ആററില്ലാകോപംകൊണ്ടു വിറപൂണ്ടു. അയാൾ അലറി:



"എന്തു പറഞ്ഞു ആ നീചൻ?"

"തിരുമേനി, ഞങ്ങളെങ്ങനെ യതുണർത്തിക്കും?"

"ഉം! പറയൂ."

"രണ്ടു കളത്രത്തെയുണ്ടാക്കിവസ്സുന്ന— തണ്ടുതപ്പിക്കു് സുഖമില്ലാരിക്കലും' എന്നു പഴമൊഴിയിരിക്കെ 400 ഭാര്യമാരും അതിലേറെ മക്കളും ഇപ്പോൾത്തന്നെയുള്ള അവിടുത്തേക്കിനിയും ഒരു ഭാര്യകൂടി വേണമോയെന്നു വലെൻെറൻ ചോദിച്ചു."

"പിന്നെ?'

"അവിടുന്നു് അതിക്രൂരനാണെന്നും വിരൂപനാണെന്നും ആ കശ്മലൻ പറഞ്ഞു."

"അ്ഹാ! അങ്ങാപറഞ്ഞോ? ശരി. യുദ്ധംതന്നെ. ആ വങ്കനേയും അവൻെറ ആ അവലക്ഷണയായ പെങ്ങളേയും നല്ലപാഠം പഠിപ്പിച്ചിട്ടുതന്നെ മറെറാരു കാര്യം! ഇതു ധിക്കാരമോ? ഞാൻ ക്രൂരനാണുപോലും! ഒരു രാജാവിനു ക്രൂരത ഭൂഷണമല്ലേ? 400 ഭാര്യമാർ! അതിനവനെന്താ? ഞാനല്ലേ, എല്ലാവരേയും തീററിപ്പോററുന്നതു്?... ...ആകട്ടെ! യുദ്ധം തന്നെ; യുദ്ധം. കാണട്ടെ റോമ്മാക്കാരൻെറ ചുണ!!"

സമരകാഹളമുതി. പോർവിളിമുഴക്കി. ആററില്ലാ ഒട്ടും താമസിച്ചില്ല. സൈന്യങ്ങളണിനിരന്നു. ഘോഷയാത്ര പുറപ്പെട്ടു.

"രണശിരസിനരപതികളിരുപുറ
വുമതുപൊഴുതു ചേണുറെറഴും മഹാ
വ്യൂഹവും കൂട്ടിനാർ—
ചെകിടുപടയലറിനൊരു
പടഹമുഖവാദ്യവും
തേരൊലികൾ, ഞാണൊ
ലികൾ സിംഹനാദങ്ങളും—
കലഹരസവിവശതരമതി
കളതിശൂരന്മാർ കണ്ടുകൊ
ണ്ടാടിപ്പാടി പരസ്പരം"

അങ്ങനിന്നു. തദനന്തരം കണ്ട പട്ടണങ്ങളെല്ലാം ചുട്ടുദഹിപ്പിച്ചു ആ കൊട്ടും പാപി. സ്ട്രാസ്ബർഗ്ഗിനു തീവച്ചു. ആരാപ്സ് ചുട്ടെരിച്ചു പട്ടണങ്ങൾ വെണ്ണുവെണ്ണീറായി. തെരുവീഥികൾ വിജനസ്ഥലങ്ങളായി മാറി. ഉത്തുംഗസൗധങ്ങളുടെ സ്ഥാനത്തു് കല്ലുംമണ്ണും. തിപ്പിടിക്കാത്തെടത്തു് ചിഞ്ഞഴിഞ്ഞ പ്രേതങ്ങളങ്ങനെ കിടക്കുന്നു കുന്നുകുന്നായി! കടുവാ പിന്നെയും പോകുകയാണിര തേടി. വലെൻെറൻ ചക്രവത്തിയുടെ പെങ്ങളാണവൻെറ ലക്ഷ്യം. പിന്നെന്തിനവൻ കണ്ണിൽകണ്ടവരെയെല്ലാം ചുട്ടുന്നു! അതവൻെറ സ്വഭാവം. കടുവായുണ്ടോ ദയകാണിക്കുന്നു! ഈററപ്പുലിയല്ലെ ആററില്ലാ?

"അവനെവിടെ? ആ കോമരച്ചക്രവത്തി? അവൻെറ സേവകൻ അക്ലീയുസെവിടെ? ആരേയും കാണുന്നില്ലല്ലോ!" ആ കടുവാ മോങ്ങി.

ആകിലിയോസ്റ്റുടുത്തു ആററില്ലായും സൈന്യങ്ങളും. ഇററലിയുടെ കവാടമാണു് ആ പട്ടണം. കോട്ടകൊത്തളങ്ങളാൽ സുരക്ഷിതം. ഇതുവരെയും വാളും തീയുംകൊണ്ടു! ഇനി അതുകൊണ്ടാവില്ല. ബോംബില്ല; ടാങ്കില്ല; പീരങ്കിയുമില്ലന്നു്. വാൾ, അമ്പു്, വില്ലു് അത്രമാത്രം. പക്ഷേ കോട്ടതകക്കാനാവില്ല അവയെക്കൊണ്ടു്.

ആഴ്ചകൾ പലതുകഴിഞ്ഞു ആററില്ലാ ആകിലിയോയെ വളഞ്ഞിട്ടു്. ഒരു ഫലവുമില്ല. അകത്തുള്ളവരകത്തും പുറത്തുള്ളവർ പുറത്തും. ആഴ്ചകളല്ല, മാസവുമായി. പ്രാകാരം അപ്രതിരോദ്ധ്യംതന്നെ.

"പോത്തും കലയും ചെറുമാവണ്ണം
മാനത്തു വലിയിടി വെട്ടുംപോലെ
ബാലിസുഗ്രിവന്മാർ യുദ്ധംപോലെ
ചാടിപ്പതിക്കയും കൂടെക്കുതിക്കയും
മാടിത്തടുക്കയും കൂടെക്കൊടുക്കയും
ഓടിക്കഴിക്കയും, വാടിവിയക്കയും
മാടിവിളിക്കയും കോപിച്ചടുക്കയും"

എല്ലാം ചെയ്തുനോക്കി. സർവ്വതും വ്യത്ഥം.

"മടങ്ങിക്കളയാം. ആ അസത്തിൻെറ സഹോദരിയെക്കൂടാതെ കഴിക്കാം." അല്ലെങ്കിൽ വേറെയെത്ര സുന്ദരികൾ കാത്തുനില്ക്കുന്നില്ല തൻെറ പട്ടമഹിഷികളാവാൻ!

അപ്പോൾകാണാം, ഒരു വെളുത്തുവെളുത്ത പക്ഷി, തലപൊക്കിപ്പിടിച്ചുകൊണ്ടു് ചിറകടിച്ചു അംബരമദ്ധ്യേ പറന്നുപോകുന്നതു്. കുറേ കുഞ്ഞുങ്ങളുമുണ്ടു കൂട്ടത്തിൽ. ഇതിൻെറയത്ഥമെന്തു്? കോട്ടസ്സുകളിൽ നിന്നാണല്ലോ ഈ പക്ഷിവൃന്ദത്തിൻെറ പുറപ്പാടു്.

"ആരവിടെ?"

"അടിയൻ."

"പക്ഷിശാസ്ത്രമറിയാവുന്നവരാരുണ്ടു? അടിയൻ തിരുമുമ്പിൽ കൂട്ടിക്കൊണ്ടു വരട്ടോ?"

"ഉം—ക്ഷണം!"

"ഉത്തരവു്."

പക്ഷിശാസ്ത്രജ്ഞനായ ഒരു വൃദ്ധൻ വന്നുകഴിഞ്ഞു.

"ആ പക്ഷികൾ കോട്ടസ്സുകളിൽനിന്നു് പറന്നതിൻെറ കാരണം?"

"തിരുമേനി, കൊക്കുകളാണു് ആ പറന്നുപോയതു്. അടിയനുംകണ്ടു. കോട്ട വിഴാറായി; ഇനി താമസമില്ല. അതുകൊണ്ടാണു് കുഞ്ഞുങ്ങളേയുംകൊണ്ടു് തള്ളപ്പക്ഷി പറന്നുപോയതു്."

"ഓഹോ! അങ്ങനെയോ? തൻെറ വ്യാഖ്യാനം തെററാണെങ്കിൽ തലപോകുമേ!"

"തിരുവുള്ളംപോലെ."

"ശരി! വീണ്ടും കാഹളമൂതട്ടെ! ഒത്തുപിടിച്ചൊരാക്രമണം നടക്കട്ടെ."

അററകൈയാണു്. പിശാചന്മാരെപ്പോലെ അവരടുത്തു. കോട്ട തവിടുപൊടി. എല്ലാവരും അകത്തു്. കണ്ടവരെയെല്ലാം കൊന്നൊടുക്കി. കിട്ടിയതെല്ലാം കൈയിലാക്കി. പുറപ്പെട്ടു നേരെ റോമ്മായ്ക്കവർ നിർബന്ധരായി.

അത്യത്ഭുതം! ആരുമില്ലേയിവരെ പ്രതിരോധിക്കുവാൻ. ചക്രവത്തിയില്ല, സൈന്യാധിപനില്ല, സൈന്യങ്ങളുമില്ല. ഇതെന്തു്? ഈ റോമ്മാക്കാരെല്ലാം ചത്തൊടുങ്ങിയോ? എങ്കിൽ ഈ സാഹസികസമരം നിഷ്ഫലം.

വെമ്പുകയാണാററില്ലാ പുതിയ നാരിമണിയുടെ സവിധത്തിലെത്താൻ. അവളുടെ പേരുപോലും അറിഞ്ഞുകൂടാ രാജാവിനു്. പേരെന്തുമാകട്ടെ. ഒരു റോമൻവനിതകൂടി വേണം, രാജകീയമദിരാമന്ദിരത്തിൽ. വലെൻെറൻ ചക്രവത്തി എന്തുചെയ്യുകയാണു്. ഈ സമയത്തു് റോമയിൽ വലിയ ചൂടാണു്. അതാ ഹൂണന്മാർ സഹിക്കില്ല. അവർ സ്വയം ചത്തുകും. അതൊരു കാരണം. അയാളുടെ അമാന്തത്തിനു്. മറൊന്നു്, സേനാധിപൻ വിശ്വസ്തഭൃത്യനല്ല. മറുകക്ഷിചേരാൻ മടിക്കുന്നവനല്ല അക്ലീയൂസ്—അതാണു ശത്രുസൈന്യത്തെ ആററില്ലാ കാണാഞ്ഞതു്.

കിരാതപ്രവരനായ ആററില്ലായുണ്ടോ ചൂടു വകവയ്ക്കുന്നു? ജയഭേരി മുഴക്കി അയാൾ പുരോഗമിക്കതന്നെ ചെയ്യുന്നു. അയാൾ റോമ്മായ്ക്കു സമീപത്തായി. നിത്യനഗരമല്ലേ റോമ്മാ? പക്ഷേ, അവൾ വിറയ്ക്കുകയാണു്.

പണ്ടു പത്രോസും കൂട്ടരും വഞ്ചിയിലിരുന്നു വിറച്ചില്ലേ വൻകാററുതിരയപ്പോൾ. ഏതാണ്ടതുപോലെതന്നെ റോമ്മയും ക്രിസ്ത്യാനികളും ഞെട്ടുകയാണു് വരാൻ പോകുന്ന ആപത്തോത്തു്. ഹൂണസൈന്യത്തിൻെറ ക്രൂരതയാൽ കേട്ടു് ഞെട്ടുകയാണ[illegible] നഗരം. ഗത്യന്തരമില്ല. ആററില്ലാ എല്ലാം ചുട്ടു നശിപ്പിക്കും—ആശ്രമങ്ങളും, സന്യാസികളും നാമാവശിഷ്ടരാകും, മാപ്പാപ്പായെ വധിക്കും; ക്രിസ്തുമതത്തിൻെറ കഥ കഴിഞ്ഞു!

ചക്രവത്തി, മാപ്പാപ്പായുടെ കൊട്ടാരത്തിൽ ചെന്നു മുഖംകാണിക്കുവാൻ.

"പരിശുദ്ധപിതാവേ, തീന്നു! സകലതും തീന്നു! ആ കാട്ടാളനുമായി സമാധാനംതന്നെ സാധിക്കുമെങ്കിൽ! എന്താണവിടുത്തെ കല്പന!"

സിംഹതുല്യനായ "ലിയോൻ" പാപ്പാ എല്ലാം ശ്രദ്ധാപൂർവ്വം കേട്ടു. കടുവായാണു് ആററില്ലാ. എങ്ങനെ അവനോടു സമാധാനം യാചിക്കും?

മാപ്പാപ്പാ പള്ളിയിൽചെന്നു സാഷ്ടാംഗനമസ്കാരം ചെയ്തു് ഹൃദയം ചുട്ടു പ്രാത്ഥിച്ചു. എന്താണു് ചെയ്യേണ്ടതെന്നു ദൈവത്തോടപേക്ഷിച്ചു. മുകളിൽനിന്നു് ഏതോ പ്രകാശനമുണ്ടായി. ലിയോയുടെ മുഖത്തു പ്രതിബിംബിച്ചു. ചക്രവത്തിയോടൊന്നുംതന്നെ കല്പിച്ചില്ല. കൊട്ടകാററടിച്ചാലും ശില ചലിക്കയില്ലല്ലോ! അവർതമ്മിൽ പിരിഞ്ഞു.

ആററില്ലാ സാവധാനം നീങ്ങുകയാണു് റോമാസൈന്യനിരയെ തകക്കാൻ.

ഒരു സ്കൗട്ടു വന്നു പറഞ്ഞു:

"പ്രഭോ! റോമാക്കാർ നമ്മോടെതിരിടാൻതന്നെ തീരുമാനിച്ച ലക്ഷണമാണു്. ഒരു വമ്പിച്ച സൈന്യനിരയെ അടിയൻ ദശിച്ചു."

"നന്നായി. ഒരുങ്ങിക്കൊള്ളുക. വരട്ടെ ആ "നിഷേധി." വരട്ടെ അവൻെറ സൈന്യാധിപൻ, വകയ്ക്കുകൊള്ളാത്ത അക്ലീയൂസ്! പുഴുക്കൾ! ക്രൈസ്തവാണുക്കൾ! ചാകണം എല്ലാം."

യുദ്ധമാരംഭിച്ചു പിന്നെയും.

"ഇടിവെട്ടിടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ"
"ബാഹുജവംശശ്രേഷ്ഠനാകിയ കാത്തവീര്യൻ
ലോഹിതാശനെപ്പോലെ
രോഷവും വർദ്ധിച്ചാററം
അഞ്ഞൂറു ശരങ്ങളും തൊട്ടു
തത്തട്ടുത്തപ്പോ—" ളെന്താണു കാത്തവീര്യനായ ആററില്ലാ കണ്ടതു?

മനുഷ്യാകൃതിയിലതാ സമീപിക്കുന്നു മന്ദമന്ദം കുറെ മഞ്ഞുകട്ടകൾ! അവയുടെ നടുവിലൊരു ഭീമാകാരവും! ഇതിൽപ്പരമെന്തൊരു കൗതുകം! റോമൻസൈന്യമോയിതു്! കരളലിയിക്കുന്ന സ്വരമാധുരിയും ഈ ഹിമസമൂഹത്തിൽനിന്നുനിർഗ്ഗളിക്കുന്നല്ലോ! അടുക്കാറായി ആ മഞ്ഞുകട്ടികൾ! ഗാനാലാപം വ്യക്തമായി കേട്ടുതുടങ്ങി. അതാനദിയുടെ മറുകരയിലെത്തിക്കഴിഞ്ഞു ആ ഹിമനിര—അടുത്തു ചെല്ലുകതന്നെ. പട്ടാളനിരവിട്ടു് ആററില്ലാ പുഴക്കരെ ചെന്നു നിന്നതുപോലെ ഭീമാകൃതിയിലുള്ള ഹിമാകൃതിയും മുന്നോട്ടുവന്നു നിലയായി.

ആററില്ലാ ചോദിച്ചു: "നീ ആരു്?" (മറുകരയിൽനിന്നു്) "സിംഹം."

കടുവായും സിംഹവും ഏററുമുട്ടി. എന്തൊക്കെയോ അവർതമ്മിൽ സംസാരിച്ചു—കടുവാ പിറകോട്ടു്! സിംഹവും പിറകോട്ടു്! ഒരാൾ ചകിതനായും അപരൻ ചങ്കുറപ്പോടുമെന്നുമാത്രം — റോമ്മാ രക്ഷപെട്ടു. ക്രൈസ്തവസംസ്കാരം ഹൂണാസുകാരരെ വിജയിച്ചു—അജയ്യനഗരം—അനശ്വരറോമ്മാ വെല്‌വുതാക! ഭീമാകൃതിയിൽ കണ്ട ഹിമാകൃതി വാർദ്ധക്യംകൊണ്ടു നരച്ചു തലമുടിയും മാപ്പാപ്പാമാരുടെ ധവളാംബരവുംകൊണ്ടു ധവളവണ്ണാങ്കിതനായി ശ്രുപാന്തരപ്പെട്ട ലിയോൻപാപ്പായും മററു മഞ്ഞുകട്ടകൾ റോമൻ സന്യാസിവൃന്ദവുമായിരുന്നു. അവർ സങ്കീത്തനം പാടിക്കൊണ്ടാണു് ആററില്ലായ്ക്കു സ്വാഗതമരുളിയതു്. ഘസ്മരസത്വങ്ങളെ പാട്ടുപാടിക്കുന്ന സമ്പ്രദായം അഹോ വിചിത്രം!

ജീവചരിത്രപംക്തി

# അകത്തേക്കു വരുവിൻ

(എ. വി. തോമസ്)

1930-ൽ 26-ാമത്തെ വയസ്സിൽ കത്തോലിക്കാസഭയിൽ പ്രവേശിച്ച പ്രമുഖനായ ഒരാംഗ്ലേയസാഹിത്യകാരനാണു് എവെലിൻവാ (Evelyn Waugh). തങ്ങൾക്കു് ആകർഷകവും അനാകർഷകവുമെന്നു തോന്നിയ കത്തോലിക്കാസഭയുടെ വിവിധവശങ്ങളെപ്പററി തന്നോടു ചോദിച്ച അകത്തോലിക്കരായ സ്നേഹിതന്മാരോടു് എവെലിൻ പറഞ്ഞ മറുപടിയാണു്: "അകത്തേക്കു വരുവിൻ, സഭയെന്താണെന്നു് അതിൻെറ പുറത്തു നില്ക്കുമ്പോൾ നിങ്ങൾക്കു ഗ്രഹിക്കുവാൻ സാധിക്കയില്ല."

പരമ്പരാഗതമായ സാഹിത്യവാസനകൊണ്ടു് അനുഗൃഹീതമായ ഒരു കുടുംബത്തിലെ അംഗമായി 1903-ൽ ലണ്ടൻനഗരത്തിൽ എവെലിൻജാതനായി.



അദ്ദേഹത്തിൻെറപിതാവായ ആർതർ ഒരു വിമർശകനും പ്രസാധകനും, സഹോദരൻ അലെക് ഒരാഖ്യായികാകാരനുമായിരുന്നു. കേവലം ഏഴുവയസ്സുള്ള ഒരു ബാലനായിരിക്കവെ അഞ്ഞൂറു വാക്കുകളടങ്ങിയ ഒരാഖ്യായിക "ശാപഗ്രസ്തമായ കുതിരപ്പന്തയം" എന്ന പേരിൽ എവെലിൻ രചിക്കുകയുണ്ടായി. കോമളവും എന്നാൽ ഉജ്ജ്വലവും ആയ ഭാഷയിൽ ഫലിതരസസമ്പൂർണ്ണമായ അനവധി ആഖ്യായികകൾ അദ്ദേഹം നിർമ്മിക്കുകയും അവ ആംഗ്ലേയജനതയുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ടു്.

മതതീക്ഷ്ണതയേറിയ ഒരാംഗ്ലിക്കൻ കുടുംബത്തിലെ അംഗമായിരുന്നു എവെലിൻ. ആ കുടുംബത്തിൻെറ എല്ലാ ശാഖകളിലും ആംഗ്ലിക്കൻ വൈദികരുണ്ടായിരുന്നു. മതാനുഷ്ഠാനത്തിൽ ദത്തശ്രദ്ധനായിരുന്ന ഒരുവനായിരുന്നു എവെലിൻെറ പിതാവു്. വിദ്യാലയത്തിലെ ശിക്ഷണവൈകല്യംമൂലം ചെറുപ്പത്തിൽതന്നെ എവെലിൻെറ മതവിശ്വാസം നഷ്ടപ്പെട്ടുപോയി. മതരഹിതനായി അദ്ദേഹം പത്തുകൊല്ലത്തോളം ജീവിച്ചു. ഇക്കാലഘട്ടംകൊണ്ടു് ദൈവത്തെക്കൂടാതെയുള്ള മനുഷ്യജീവിതം ഉദ്ദേശ്യരഹിതവും ശൂന്യവും ആണെന്നു് കുശാഗ്രബുദ്ധിയായ ആ സാഹിത്യകാരൻ ഗ്രഹിച്ചു. അനന്തരം നടത്തിയ ചരിത്രപരവും താത്വികവും ആയ പഠനത്തിൻെറ ഫലമായിട്ടാണു് അദ്ദേഹം കത്തോലിക്കാസഭയെ ആശ്ലേഷിച്ചതു്.

എലിസബത്തുരാജ്ഞിയുടെ കാലത്തു് വേദസാക്ഷിയായി മരിച്ച എഡ്മണ്ടു് കാംപിയൻ എന്ന ഈശോസഭാവൈദികൻെറ ജീവിതത്തെ അധികരിച്ചു് എവെലിൻ രചിച്ച ഗ്രന്ഥം ആ സാഹിത്യകാരൻെറ മതവിശ്വാസത്തെ പ്രസ്പഷ്ടമായി പ്രകാശിപ്പിക്കുന്നതാണു്. ഇക്കാലത്തു് ഇംഗ്ലണ്ടിൽ വിരചിതമായിട്ടുള്ള ജീവചരിത്രഗ്രന്ഥങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണു് ഈ ഗ്രന്ഥത്തിനുള്ളതു്. അത്യുത്തമങ്ങളായ സാഹിത്യഗ്രന്ഥങ്ങൾക്കുമാത്രം ലഭിക്കുന്ന ഹാത്തോൺഡൺ സമ്മാനത്തിനു് ഈ ഗ്രന്ഥം അർഹമായിട്ടുണ്ടെന്നു പറയുമ്പോൾ ഇതിൻെറ മേന്മയെപ്പററി കൂടുതലായൊന്നും പ്രസ്താവിക്കേണ്ട ആവശ്യമില്ല.

കഴിഞ്ഞ മഹായുദ്ധകാലത്തു് എവെലിൻ സൈനികസേവനത്തിൽ ഏർപ്പെടുകയും മരണാവകത്രത്തിൽനിന്നും കഷ്ടിച്ചു രക്ഷപെട്ടശേഷം മേജർസ്ഥാനത്തേക്കു് ഉയത്തപ്പെടുകയും ചെയ്തു. ഇക്കാലത്തും ആ സാഹിത്യകുശലൻ ആഖ്യായികാരചനയിൽ വ്യാപൃതനായിരുന്നു. ബ്രൈഡ്സ്ഹെഡ് പുനഃസന്ദർശനം (Brideshead Revisited) എന്നപേരിൽ അദ്ദേഹം രചിച്ച നോവൽ ഇംഗ്ലണ്ടിലും അമേരിക്കയിലും ഒരുപോലെ പൊതുജനപ്രശംസയ്ക്കു വിഷയമായി. "അദ്ദേഹത്തിൻെറ കൃതികളിൽവച്ചു് ഏററം മേന്മയേറിയ ഈ ഗ്രന്ഥത്തിനു് പ്രധാനപ്പെട്ട സങ്കല്പകൃതികളുടെ ഗണത്തിൽ അനശ്വരമായ ഒരു സ്ഥാനം ലഭിക്കുമെന്നു് ശങ്കാരഹിതം പ്രവചിക്കാവുന്നതാണു്" എന്നത്രേ ഈ നോവലിനെപ്പററി ഇംഗ്ലണ്ടിലെ "ററാബ്ലററ്" പത്രം അഭിപ്രായം പറഞ്ഞിരിക്കുന്നതു്.

ഇംഗ്ലണ്ടിലെ ഒരു കത്തോലിക്കാകുടുംബത്തിൻെറ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ ഇടയ്ക്കുള്ള കാലഘട്ടത്തിലെ ജീവിതകഥയാണു് "ബ്രൈഡ്സ്ഹെഡ് പുനഃസന്ദർശന"ത്തിൻെറ പ്രതിപാ

# വിദ്യാഭ്യാസപദ്ധതി—ഗവമ്മെൻറ് പ്രൊസീഡിംഗ്സ്

പ്രൈവററു മാനേജ്മെൻറിലുള്ള സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ സേവന വ്യവസ്ഥകളെപ്പററി 19-8-1950 ലെ ജി. പി. എഡ്യൂക്കേഷൻ 7—12021/49 ഇ. എച്ച്. എൽ-ാം 1950 നവംബർ 2-ാംനു-യിലെ പ്രസ്സുനോട്ടും വായിച്ചശേഷം 12-11-1951-ൽ എഡ്യൂക്കേഷൻ 7-9999/51ഇ. എച്ച്. എൽ. പുറപ്പെടുവിച്ച ഓർഡറാണു ചുവടെ ചേർക്കുന്നതു്:

മുൻപ്രസ്താവിച്ച ഗവമ്മെൻറു പ്രൊസീഡിംഗ്സിൽ; പ്രൈവററു മാനേജ്മെൻറിൻ കീഴിലുള്ള സെക്കണ്ടറിസ്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി അനുവദിച്ചുകൊണ്ടു് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ആ പദ്ധതിയിൽ അടങ്ങിയിരുന്ന വ്യവസ്ഥകൾ 1950 നവംബർ 2-ാംനു-യിലെ പ്രസ്സുനോട്ടിൽ വിപുലീകരിച്ചിരുന്നു. 1950 സെപ്റ്റംബർ 1-ാംനു- മുതൽ ആ പദ്ധതി നടപ്പിലാക്കി. പദ്ധതി അവതരിപ്പിച്ച ഉടൻതന്നെ, പദ്ധതിയിലെ ഏതാനും വ്യവസ്ഥകളെപ്പററി ചില മാനേജ്മെൻറുസ്കൂളുകൾക്കും പൊതുജനങ്ങളിൽ ചില വിഭാഗങ്ങൾക്കും കഠിനമായ ആക്ഷേപമുണ്ടെന്നുള്ള വസ്തുത ഗവമ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കപ്പെട്ടു. പദ്ധതിയിൽ ചില ഭേദഗതികൾ വരുത്തണമെന്നു് അവർ അനുസ്യൂതമായി ഗവമ്മെൻറിനു നിവേദനം സമപ്പിച്ചുകൊണ്ടിരുന്നു. ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്കു പരിഹാരമുണ്ടാക്കിക്കൊണ്ടും അതേസമയത്തു പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ സൂക്ഷിച്ചുകൊണ്ടും, പദ്ധതിയിൽ ചില ഭേദഗതികൾ വരുത്തേണ്ടതാണെന്നു്, ഈ പ്രശ്നത്തെപ്പററി ശ്രദ്ധാപൂർവ്വം പര്യാലോചിക്കുകയും, അതു സംബന്ധിച്ചുള്ള വിവിധനിർദ്ദേശങ്ങൾ പരിശോധിക്കുകയും ചെയ്തതിൻെറ ഫലമായി, ഗവമ്മെൻറിനു ബോദ്ധ്യമായിരിക്കുന്നു. അതുകൊണ്ടു മുൻപ്രസ്താവിച്ച ഗവമ്മെൻറു പ്രൊസീഡിംഗ്സും പ്രസ്സുനോട്ടും റദ്ദുചെയ്തുകൊണ്ടു തൽസ്ഥാനത്തു താഴെപ്പറയുന്ന പദ്ധതി ഏർപ്പെടുത്തുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു:

1. ഈ പദ്ധതി "പ്രൈവററു മാനേജുമെൻറിലുള്ള സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ സർവീസു വ്യവസ്ഥകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതി" എന്നപേരിൽ അറിയപ്പെടുന്നതാണു്.

2. 1951 ഡിസംബർ 1-ാംനു- മുതൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതാണു്.

### സർവീസുസ്ഥിരത

3. അദ്ധ്യാപകർക്കു സർവീസുസ്ഥിരതയും അവരുടെ പദവിക്കു് അനുരൂപമായ സേവനവ്യവസ്ഥകളും ഉറപ്പുനൽകേണ്ടതു് ആവശ്യമാണെന്നു ബോദ്ധ്യമായിരിക്കുന്നു. അതിനുവേണ്ടി വിദ്യാഭ്യാസകോഡിലെ ഇപ്പോഴത്തെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുകയും ചട്ടങ്ങൾ വിപുലീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. വിപുലീകരിച്ച രൂപത്തിലുള്ള ചട്ടങ്ങൾ ഈ പ്രൊസീഡിംഗ്സിനോടു് അനുബന്ധിച്ചു് ഒന്നാമത്തെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ക്രിസ്സ് മസ്സ്
കാഡ്കൾ
വിളക്കുപടങ്ങൾ
മുതലായവ
സാമ്പിൾ സെററ്
ഡസൻ 1ക്ക് 2 ക.
എൽ. എഫ്. പ്രസ്, മഞ്ഞുമ്മൽ P.O.

### ശമ്പളസ്കെയിൽ

4. വിവിധതരങ്ങളിൽപെട്ട അദ്ധ്യാപകർക്കു് ഐകരൂപ്യമുള്ള ശമ്പളസ്കെയിലും ക്ഷാമബത്തയും ഏർപ്പെടുത്തേണ്ടതു് അത്യാവശ്യമാണെന്നു ഗവമ്മെൻറു കരുതുന്നു. അതിനാൽ താഴെപ്പറയുന്ന ശമ്പളസ്കെയിലും ക്ഷാമബത്തയും നിശ്ചയിക്കുന്നു:

### ഹെഡ്മാസ്റ്റർ

1. പൂത്തീകരിക്കപ്പെട്ടിട്ടുള്ള ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാക്കു 150-10/2-200 രൂപാ.

ഹെഡ്മാസ്റ്ററായി നിയമിക്കപ്പെടുന്നതിനുമുമ്പു് ഒരു ഗ്രാഡുവേററു് അദ്ധ്യാപകനെന്നനിലയിൽ ഏററവും കുറഞ്ഞതു 5 വർഷത്തെ സർവീസെങ്കിലും സാധാരണയായി ഉണ്ടായിരിക്കണം. ഒരു അദ്ധ്യാപകനെ ഹെഡ്മാസ്റ്ററായി തെരഞ്ഞെടുക്കുന്നതു സാധാരണ ഗതിയിൽ സീനിയോറിററി അടിസ്ഥാനത്തിലായിരിക്കണം. ഏററവും കുറഞ്ഞതു 5 വർഷത്തെ സർവീസുണ്ടായിരിക്കണമെന്നും സീനിയോറിററി അടിസ്ഥാനമാക്കിയായിരിക്കണമെന്നുമുള്ള ചട്ടത്തിൽനിന്നുള്ള ഏതെങ്കിലും വ്യതിചലനം ഡിപ്പാർട്ടുമെൻറിൻെറ സ്ഥിരീകരണത്തിനു വിധേയമായിരിക്കും. ഗ്രാഡുവേററു് അദ്ധ്യാപകനെന്നനിലയിൽ 5 വർഷത്തെ സർവീസില്ലാത്ത ഒരാളെ പ്രത്യേകപരിതസ്ഥിതിമൂലം ഹെഡ്മാസ്റ്ററായി നിയമിക്കേണ്ടിവന്നാൽ മേൽപ്രസ്താവിച്ച 150-10/2-200 രൂപാ സ്കെയിലിനു് അദ്ദേഹത്തിനു് അവകാശമുണ്ടായിരിക്കുകയില്ല. എന്നാൽ ഗ്രാഡുവേററു് അദ്ധ്യാപകനെന്നുള്ള നിലയിലുള്ള അദ്ദേഹത്തിൻെറ ശമ്പളസ്കെയിലിനു പുറമേ പ്രതിമാസം, ചെറിയ വിദ്യാലയങ്ങളാണെങ്കിൽ 20 രൂപായും മററുള്ള വിദ്യാലയങ്ങളിൽ 30 രൂപായും അലവൻസു മാത്രം നൽകപ്പെടുന്നതാണു്. പൂത്തീകരിച്ചുകഴിഞ്ഞിട്ടില്ലാത്ത ഹൈസ്കൂളുകളിലെ എല്ലാ ഹെഡ്മാസ്റ്റർമാർക്കും ഗ്രാഡുവേററു അദ്ധ്യാപകരെന്നനിലയിലുള്ള അവരുടെ ശമ്പളത്തിനു പുറമെ മേൽപ്രസ്താവിച്ച അതേനിരക്കിലുള്ള അലവൻസു മാത്രമേ ലഭിക്കുകയുള്ളു. പൂത്തീകരിക്കപ്പെട്ടിട്ടുള്ള ഹൈസ്കൂളുകളിൽ കൂടുതൽ യോഗ്യതകൾ പരിഗണിച്ചു നിയമിക്കപ്പെട്ടിട്ടുള്ള ഹെഡ്മാസ്റ്റർമാക്കു, മുമ്പു പ്രസ്താവിച്ചവിധം 5 വർഷത്തെ സർവീസ് ഇല്ലെങ്കിൽതന്നെയും 150-10/2-200 ക. സ്കെയിലിൽ പൂർണ്ണശമ്പളം പററുവാൻ അവകാശമുണ്ടായിരിക്കും. ഹെഡ്മാസ്റ്റർമാരെ മാനേജർമാർ നിയമിക്കുന്നതാണു്. അങ്ങനെയുള്ള നിയമനംമൂലം സങ്കടമുള്ള ഏതു് അദ്ധ്യാപകനും വിദ്യാഭ്യാസഡയറക്ടരുടെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണു്.

കുറിപ്പു്—ഹെഡ്മാസ്റ്റർമാരുടെ അലവൻസു നിർണ്ണയിക്കുന്നതു സംബന്ധിച്ച, ചെറിയവിദ്യാലയങ്ങളെന്നു പറയുന്നതു 600-ൽ താഴെ വിദ്യാത്ഥികളുള്ള വിദ്യാലയങ്ങളെ ഉദ്ദേശിച്ചാണു്.

### ഗ്രാഡുവേററു അദ്ധ്യാപകർ.

2 അപ്പർസെക്കണ്ടറി ക്ലാസ്സുകളിലെ ഗ്രാഡുവേററു് അദ്ധ്യാപകന്മാക്കും തുല്യപരീക്ഷായോഗ്യതകളുള്ള ഭാഷാദ്ധ്യാപകന്മാക്കും 45-5/1-150 രൂപാ. 1-9-1950 നുമുമ്പു സർവീസിലുള്ള ട്രെയിനിംഗില്ലാത്ത ഗ്രാഡുവേററദ്ധ്യാപകക്കു 85 രൂപായിലും, അതിനുശേഷം സർവീസിൽ പ്രവേശിച്ച ട്രെയിനിംഗില്ലാത്ത ഗ്രാഡുവേററദ്ധ്യാപകക്കു 70 രൂപായിലും സ്കെയിൽ തടയപ്പെടുന്നതാണു്.

### മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർ

3 മിഡിൽ സ്കൂളുകളിലെ ഗ്രാഡുവേററു് ഹെഡ്മാസ്റ്റർക്കു ഗ്രാഡുവേററു് അദ്ധ്യാപകർക്കുള്ള ശമ്പളംതന്നെ നൽകുന്നതാണു്.

4 മിഡിൽ സ്കൂളുകളിലെ അണ്ടർഗ്രാഡുവേററു ഹെഡ്മാസ്റ്റർമാക്കു താഴെ നമ്പർ 5-ൽ പറയുന്ന ശമ്പളവും പ്രതിമാസം 10 രൂപാ അലവൻസും നൽകുന്നതാണു്.

5 ലോവർ സെക്കണ്ടറി ക്ലാസ്സുകളിലെ ഗ്രാഡുവേററു് അദ്ധ്യാപകക്കും, ഭാഷാദ്ധ്യാപകന്മാർ, ഡ്രോയിംഗ്മാസ്റ്റർമാർ, ഡ്രിൽമാസ്റ്റർമാർ ആദിയായവരുൾപ്പെടെയുള്ള അണ്ടർഗ്രാഡുവേററു് അദ്ധ്യാപകക്കും 30—3/2—60 രൂപാ. ട്രെയിനിംഗില്ലാത്തവക്കു് 1. 9. 1950-നുമുമ്പു സർവ്വീസിൽ പ്രവേശിച്ചവരാണെങ്കിൽ 48 രൂപായിലും അതിനുശേഷം പ്രവേശിച്ചവരാണെങ്കിൽ 45 ക. യിലും സ്കെയിൽ തടയപ്പെടുന്നതാണു്.

### ക്ഷാമബത്ത

ഏററവും കുറഞ്ഞതു പ്രതിമാസം 15 ക. ആയിരിക്കുമെന്ന വ്യവസ്ഥയോടുകൂടി ശമ്പളത്തിൻെറ 15 ശതമാനം ക്ഷാമബത്തയായി എല്ലാവക്കും നൽകപ്പെടുന്നതാണു്.

### ശമ്പളം നൽകൽ

5 നിശ്ചിതതോതിൽ അദ്ധ്യാപകക്കു ശമ്പളം നൽകപ്പെടുന്നതാണു്. ഒരു സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളബിൽ മാനേജർ നിശ്ചിതതീയതിയിൽ ഇൻസ്പെക്ടിംഗു് ഓഫീസർക്കു സമപ്പിച്ചുകൊള്ളണം. മാനേജർ അദ്ധ്യാപകരുടെ ശമ്പളം വാങ്ങി ഉടൻതന്നെ—എന്തായാലും ഖജനാവിൽനിന്നു പണം കെട്ടിവാങ്ങികഴിഞ്ഞു പത്തുദിവസത്തിനകം തീർച്ചയായും—അവക്കു വിതരണംചെയ്യുകയും ശമ്പളപ്പട്ടികയിൽ അവരെക്കൊണ്ടു് ഒപ്പിടുവിച്ചു വാങ്ങുകയും ചെയ്തുകൊള്ളണം. അങ്ങനെ ചെയ്യാത്തപക്ഷം അതു ഡിപ്പാർട്ടുമെൻറു ശ്രദ്ധിക്കുന്നതും, മാനേജരുടെ തെററുകൊണ്ടാണു് അങ്ങനെ സംഭവിച്ചതെങ്കിൽ അതൊരു വലിയ ന്യൂനതയും അപാകതയുമായി പരിഗണിക്കപ്പെടുന്നതുമാണു്. ഒരു വിദ്യാലയത്തിൽ ഇത്തരം ക്രമക്കേടുകൾ ആവത്തിച്ചുണ്ടാകുകയാണെങ്കിൽ, അദ്ധ്യാപകക്കു ക്രമമായി ശമ്പളം കൊടുക്കുന്നതിനു വേണ്ട നടപടികൾ ഗവമ്മെൻറു കൈക്കൊള്ളുന്നതാണു്. ശമ്പളം അവസാനമായി കൊടുത്തുകഴിഞ്ഞു മൂന്നുദിവസത്തിനകം ശമ്പളപ്പട്ടികയുടെ കോപ്പി, വിതരണംചെയ്യാത്ത തുകയുണ്ടെങ്കിൽ അതിൻെറ വിവരമടങ്ങിയ സ്റ്റേറുമെൻറു സഹിതം ഇൻസ്പെക്ടിംഗ് ഓഫീസക്കു് അയച്ചിരിക്കണം.

### ഫീസുപിരിവു്

6 സ്കൂളിലെ ഫീസുപിരിവു സ്കൂളിൻെറ ഉത്തമവിശ്വാസമുള്ള ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. സ്കൂളിൽനിന്നു മൊത്തം ഫീസുപിരിവിൻെറ 20 ശതമാനം കണ്ടിൻജൻസി ചെലവുകൾക്കായി മാനേജ്മെൻറിനു് അനുവദിക്കുന്നതാണു്. അദ്ധ്യാപകരൊഴിച്ചുള്ള എല്ലാ സ്കൂൾജോലിക്കാരുടെയും ശമ്പളം, ഓഫീസുചെലവുകൾ, ഫർണിച്ചർ വാങ്ങുന്നതിനും റിപ്പെയർ ചെയ്യുന്നതിനുമുള്ള ചെലവുകൾ, സ്കൂൾകെട്ടിടങ്ങളുടെമെയിൻറനൻസ്, അദ്ധ്യാപകരുടെ പ്രോവിഡൻറു ഫണ്ടിലേക്കുള്ള സംഭാവന, ഓഡിററുഫീസ് മുതലായതെല്ലാം ഈ ചെലവുകളിൽ ഉൾപ്പെടും.

ബാക്കിയുള്ള 80 ശതമാനം ഗവമ്മെൻറു ഖജനാവിൽ മാനേജരുടെ പേരിൽ ആരംഭിക്കുന്ന പബ്ളിക്കു് അക്കൗണ്ടിൽ അടയ്ക്കേണ്ടതാണു്. ഈ പബ്ളിക്കു് അക്കൗണ്ടിന്മേലുള്ള ഒന്നാമത്തെ ചാർജ് അദ്ധ്യാപകരുടെ ശമ്പളത്തിനായിരിക്കും. അദ്ധ്യാപകശമ്പളം ഈ പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൊടുത്തുകൊള്ളേണ്ടതാണു്. അദ്ധ്യാപകക്കുള്ള ശമ്പളച്ചെലവുകഴിഞ്ഞു മിച്ചംവല്ലതുമുണ്ടെങ്കിൽ, സ്കൂൾആവശ്യങ്ങൾക്കുമാത്രമേ അതു വിനിയോഗിക്കപ്പെടാൻ പാടുള്ളു. ഫീസുപിരിവിൻെറ 80 ശതമാനം അദ്ധ്യാപകരുടെ ശമ്പളം കൊടുക്കുന്നതിനു തികയാതെവരുന്നപക്ഷം, കുറവുള്ള തുക ഡിപ്പാർട്ടുമെൻറു വഹിക്കുന്നതാണു്. ഇൻസ്പെക്ടിംഗ് ഓഫീസർമാർ കൗണ്ടർസൈൻ ചെയ്തിട്ടുള്ള വിത്ഡ്രോയൽഫോംസ് (പണമെടുക്കുന്നതിനുള്ള ഫോറം) മുഖന പബ്ളിക്കു് അക്കൗണ്ടിൽനിന്നു മാനേജർമാർ പണം എടുക്കേണ്ടതാണു്. കണ്ടിൻജൻസി ചെലവുകൾ ഉൾപ്പെടെയുള്ള സ്കൂൾകണക്കുകൾ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നു് ഓഡിററുചെയ്യുന്നതായിരിക്കും. പണമടയ്ക്കുന്നതിനും ചെലവുചെയ്യുന്നതിനും പദ്ധതിയനുസരിച്ചുള്ള ചട്ടങ്ങൾ രണ്ടാം അനുബന്ധത്തിൽ നൽകപ്പെട്ടിട്ടുണ്ടു്.

### പ്രോവിഡൻറുഫണ്ടു്

7 അദ്ധ്യാപകരുടെ പ്രോവിഡൻറുഫണ്ടിലേക്കുള്ള സംഭാവന നിർബന്ധിതമായിരിക്കും. മാനേജർമാർ രൂപായ്ക്കു 9പൈസവിതം സംഭാവനചെയ്യേണ്ടതും തത്തുല്യമായ ഒരു തുക അദ്ധ്യാപകരും ഡിപ്പാർട്ടുമെൻറും സംഭാവനചെയ്യുന്നതുമാണു്. പ്രോവിഡൻറുഫണ്ടു സംബന്ധിച്ചുള്ള വ്യവസ്ഥ സ്ഥിരം അദ്ധ്യാപകക്കുമാത്രമേ ബാധകമായിരിക്കുകയുള്ളു.

### ട്രെയിനിംഗ് സ്കൂളുകൾക്കും ബാധകം

8 ഫീസുപിരിവു്, അദ്ധ്യാപകശമ്പളം മുതലായവ സംബന്ധിച്ച മേൽപ്പറഞ്ഞ ഉത്തരവുകൾ ട്രെയിനിംഗുസ്കൂളുകൾക്കും ബാധകമാകുന്നതാണു്. എന്നാൽ ട്രെയിനിംഗുസ്കൂൾ ഹെഡ്മാസ്റ്റർമാരും അപൂർണ്ണഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരും ഹൈസ്കൂളുകളിലെ ഗ്രാഡുവേററു് അദ്ധ്യാപകരുടെ തുല്യനിലയിൽമാത്രമേ ഗണിക്കപ്പെടുകയുള്ളു.

### തൽക്കാലവ്യവസ്ഥ

9 ഇപ്പോഴത്തെ പദ്ധതി നടപ്പിലാക്കുന്നതുവരെ, വിവിധസ്കൂളുകളിലും ഇപ്പോൾ ലഭിക്കുന്ന തോതിലുള്ള ശമ്പളവും അലവൻസും അദ്ധ്യാപകക്കു നൽകപ്പെടുന്നതാണു്. അങ്ങനെ നൽകപ്പെടുന്ന ശമ്പളവും അലവൻസും പുതിയ പദ്ധതിയനുസരിച്ച് നിശ്ചയിക്കപ്പെടുന്ന ശമ്പളം, അലവൻസ് എന്നിവയിലേക്കു നൽകപ്പെട്ട തുകകളായി പരിഗണിക്കപ്പെടുന്നതാണു്. ഒരു അദ്ധ്യാപകൻ ഈ പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധിയിൽ കവിഞ്ഞ തുക ഇപ്പോൾ യ

(ശേഷം 8-ാം പേജിൽ)

---

ദ്യം. ഈ നോവലിൽ ഗ്രന്ഥകാരൻ ദൈവത്തെപ്പററി പ്രതിപാദിച്ചിട്ടുള്ളതു് നാസ്തികനായ ഒരു വിമശകനു രസിച്ചില്ല. അദ്ദേഹത്തിനു മറുപടിയായി 1946-ൽ "മൈഫ" എന്ന മാസികയിൽ എവെലിൻ ഇങ്ങനെ എഴുതി: "എൻെറ കഥയിൽ ദൈവത്തെ പ്രവേശിപ്പിച്ചതുമൂലം അദ്ദേഹം ക്ഷുഭിതനായിരിക്കുന്നു. അദ്ദേഹത്തിൻെറ ആദശപ്രകാരം ഇതു തികച്ചും ന്യായീകരിക്കാവുന്നതാണു്. ദൈവത്തെ വിട്ടുകൊണ്ടുള്ള കഥാപാത്രങ്ങളെപ്പററിയുള്ള വിവരണം കേവലം ശുഷ്കമായിരിക്കുമെന്നാണു് എൻെറ വിശ്വാസം......ഇന്നത്തെ ആഖ്യായികാകാരന്മാർ മനുഷ്യമനസ്സിനേയും ആത്മാവിനേയും പരിപൂർണ്ണമായി പ്രകാശിപ്പിക്കുവാൻ ശ്രമിക്കുമ്പോൾതന്നെ അവയുടെ സ്രഷ്ടാവും ലക്ഷ്യവും ആയ ദൈവത്തെ വിട്ടുകളയുന്നു."

ആഖ്യായികാരചനയിൽ എവെലിനെ അതിശയിക്കുന്ന രണ്ടു സാഹിത്യകാരന്മാരാണു് ഗ്രഹാം ഗ്രീൻ, ബ്രൂസ് മാർഷൽ എന്നിവർ. ഇവരും അകത്തോലിക്കരായി ജനിച്ചു് അനന്തരകാലത്തു് കത്തോലിക്കാസഭയെ ആശ്ലേഷിച്ചവരാണെന്നുള്ള വസ്തുത പ്രകൃതത്തിൽ സ്മരണീയമാണു്.

തൻെറ കത്തോലിക്കാസഭാപ്രവേശത്തെപ്പററി എവെലിൻതന്നെ ചെയ്തിട്ടുള്ള ഒരു പ്രസ്താവനയിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ടു് ഈ ലേഖനം അവസാനിപ്പിക്കാം: "ഏതെങ്കിലും ഒരു ശിശ്മയോ പാഷണ്ഡതയോ ശരിയായിരിക്കയും കത്തോലിക്കാസഭ തെററായിരിക്കയും ചെയ്യാൻ പാടില്ലെന്നുള്ള വസ്തുത എനിക്കു സുസ്പഷ്ടമായിരുന്നു. എല്ലാം ഒരുപക്ഷേ തെററായിരുന്നേക്കാം; ക്രിസ്തീയ വെളിപാടു മുഴുവൻ വഞ്ചനയും തെററിദ്ധാരണയും ആയിരുന്നേക്കാം. എന്നാൽ ക്രിസ്തീയവെളിപാടു സത്യമാണെങ്കിൽ ക്രിസ്തു സ്ഥാപിച്ച സഭ കത്തോലിക്കാസഭ ആയിരിക്കണം; മററുള്ള ക്രൈസ്തവവിഭാഗങ്ങൾ മഹാശിശ്മയുടേയും നവീകരണത്തിൻേറയും നാശനഷ്ടങ്ങളിൽ പെട്ടുപോകാതെ ചിലതെല്ലാം സംരക്ഷിച്ചിട്ടുള്ളതനുസരിച്ചു് ഏറെക്കുറെ നല്ലതായിരിക്കാമെന്നുമാത്രം. ഈ വസ്തുത പ്രസ്പഷ്ടമായി ഗ്രഹിക്കുവാൻ എനിക്കു സാധിച്ചിരുന്നതുകൊണ്ടു് ഒരു വിവാദത്തിനു് ഇവിടെ സ്ഥാനമുണ്ടായിരുന്നില്ല. ക്രിസ്തീയവെളിപാടു ശരിയാണെന്നു വിചാരിക്കുവാനുള്ള താത്വികവും ചരിത്രീയവുമായ കാരണങ്ങളെ പരിശോധിക്കുക മാത്രമേ ഞാൻ ചെയ്യേണ്ടതുണ്ടായിരുന്നുള്ളു. പണ്ഡിതനും പാവനചരിതനും ആയ ഒരു വൈദികനുമായി പരിചയപ്പെടുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിക്കുകയും ഈ വസ്തുത തെളിയിച്ചുതരാമെന്നു് അദ്ദേഹം ഭരമേൽക്കുകയും ചെയ്തു. ഇങ്ങനെ ദൃഢമായ യുക്തിയിൽ അധിഷ്ഠിതമായ ഉറച്ച വിശ്വാസത്തോടും അല്പമായ വികാരത്തള്ളലോടുംകൂടി ഞാൻ സഭയിൽ പ്രവേശിച്ചു. അനന്തരമുള്ള എൻെറ ജീവിതം അതിവിശാലമായ ഒരു ഭൂവിഭാഗത്തിൽ നിർബാധം പര്യടനം നടത്തി നവംനവങ്ങളായ നിരവധി മനോഹരകാഴ്ചകളെ ദശിച്ചു് ആനന്ദംകൊള്ളുന്ന ഒരു ദേശസഞ്ചാരിയുടേതുപോലെ ആയിരുന്നു."

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 || ERNAKULAM, NOVEMBER 21, 1951 || No. 14


# തിരഞ്ഞെടുപ്പിൻെറ വിജയത്തിനായി പ്രാർത്ഥിക്കണം

1951-ലെ സ്വാതന്ത്ര്യദിനാഘോഷം പ്രമാണിച്ചു ആഗസ്റ്റ് 14-ാംനു രാത്രി ഇന്ത്യൻ ജനതയോടു് പ്രസിഡൻറ് രാജേന്ദ്രപ്രസാദുചെയ്ത റേഡിയോ പ്രഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "ലോകചരിത്രത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലാത്തവിധത്തിൽ ഏററവും വമ്പിച്ച ഒരു പൊതുതിരഞ്ഞെടുപ്പാണു് ഇന്ത്യയിൽ നടക്കുവാൻ പോകുന്നതു്. മഹത്തായ ഇന്ത്യൻ ജനതയുടെ ആത്മവീര്യത്തിൻെറയും ശക്തികളുടേയും സാക്ഷാൽക്കരണമായിരിക്കും ആ തിരഞ്ഞെടുപ്പ്. ഉറങ്ങിക്കിടക്കുന്ന രാക്ഷസൻെറ ഒരു ഉണർന്നെഴുന്നേല്പായിരിക്കും അതു്. നിങ്ങളുടെ ചുററും ഇരുളിൻെറ ചുരുളുകൾ തിങ്ങുന്നുണ്ടു്. പക്ഷെ രാത്രിയുടെ അനന്തരഗാമിയാണു പുലരിയെന്നു നിങ്ങൾ വിസ്മരിക്കരുതു്. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും നിങ്ങളുടെ ശക്തിയിലുള്ള ധൈര്യവും നിങ്ങളുടെ കാലടികൾക്കു ഉയിരും ഉറപ്പും നല്കും; നിങ്ങളുടെ ആദർശം ഏററവും നിർമ്മലമാണു്. മുന്നേറുക, വിജയം നിങ്ങളുടേതാകുന്നു." രാജൻ ബാബുവിൻെറ പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ, ഉറങ്ങിക്കിടന്നിരുന്ന രാക്ഷസൻ ഇപ്പോഴിതാ ഉണർന്നുകഴിഞ്ഞിരിക്കുന്നു. ഇന്ത്യാരാജ്യത്തിലാകമാനം അഭൂതപൂർവ്വകമായ ഒരു രാഷ്ട്രീയപ്രബുദ്ധത ദൃശ്യമാകുന്നുണ്ടു്. ഓരോരോ പേരിൽ ഓരോരോ പാർട്ടികൾ മുന്നോട്ടുവന്നു് വോട്ടുപിടിക്കാൻ ശ്രമം ചെയ്യുന്നുമുണ്ടു്. എന്നാൽ ഈ കിടമത്സരങ്ങളുടേയും വടംവലികളുടേയും അസ്വസ്ഥതകളുടേയും മദ്ധ്യത്തിൽ എത്ര ചുരുക്കം പേർ മാത്രമാണു "ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസ"ത്തോടെ വർത്തിക്കുന്നതു്? എത്ര ചുരുക്കം പേർ മാത്രമാണു ഭൂലോകപരലോകങ്ങളുടെ സ്രഷ്ടാവും പരിപാലകനും സകല ജനപദങ്ങളുടേയും നിയന്താവുമായ ദൈവത്തിൻെറ പക്കലേക്കു തങ്ങളുടെ ദൃഷ്ടികളെ ഉയർത്തുന്നതു്!

## മഹാന്മാരുടെ മാതൃക

അമേരിക്കൻ ജനാധിപത്യത്തിൻെറ വിധാതാക്കളായ നേതാക്കന്മാരുടെ അചഞ്ചലമായ ദൈവവിശ്വാസം ഭാരതീയർക്കു ഒരു മാതൃകയായി പരിലസിക്കേണ്ടതാണു്. അമേരിക്ക കണ്ടുപിടിച്ച ക്രിസ്റ്റഫർ കൊളംബസിൻെറ മാതൃകതന്നെ നമുക്കു് ആദ്യം പരിഗണിക്കാം. അദ്ദേഹം സ്പെയിനിലെ ഫെർഡിനൻറു രാജാവിനും ഇസബെല്ലാ രാജ്ഞിക്കുമായി അയച്ച ഒരു കത്തിൽ, തന്നെ നയിച്ചിരുന്ന ദൈവപരിപാലനയെ അധികരിച്ചു് കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ എഴുതിയിരുന്നതു് ഇപ്രകാരമാണു്: "മഹത്തും വിസ്മയജനകവുമായ ഈ കാര്യങ്ങൾ എൻെറ സ്വന്തം യോഗ്യതകൊണ്ടു സാധിച്ചവയല്ല; പ്രത്യുത, പരിശുദ്ധമായ ക്രിസ്തുമതത്തിൻേറയും സ്പെയിനിലെ ഭരണാധികാരികളുടെ ഭക്തിയുടേയും മതചൈതന്യത്തിൻേറയും നേട്ടങ്ങളാണവ. എന്തുകൊണ്ടെന്നാൽ ദൈവാത്മാവു് മനുഷ്യബുദ്ധിക്കു സ്വതവേ ദുഷ്പ്രാപങ്ങളായ ഫലങ്ങൾ പ്രാപിക്കുന്നതിനു വരം നല്കി മാനുഷിക പരിയത്നങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു. കാരണം, തൻെറ കല്പനകളെ ആദരിക്കുന്ന തൻെറ ദാസന്മാരുടെ പ്രാർത്ഥനകളെ, പ്രത്യക്ഷത്തിൽ അസാദ്ധ്യമായി തോന്നുന്ന കാര്യങ്ങളുടെ നിർവ്വഹണംവരെപ്പോലും, ദൈവം സാധിച്ചുകൊടുക്കുന്നു."

## ബൻജമിൻ ഫ്റാങ്ക്ളിൻ

18-ാം നൂററാണ്ടിൽ അമേരിക്കയിൽ ജീവിച്ചിരുന്ന ഒരു സുപ്രസിദ്ധ രാജ്യതന്ത്രജ്ഞനും ശാസ്ത്രജ്ഞനും ഗ്രന്ഥകാരനുമാണു് ബൻജമിൻ ഫ്റാങ്ക്ളിൻ. ഫിലാഡെൽഫിയായിൽ ഭരണഘടനാനിർമ്മാണം സംബന്ധിച്ചു് വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ അനുഭവപ്പെട്ട പ്രയാസങ്ങളെ വിവരിച്ചുകൊണ്ടു് 1787-ൽ അദ്ദേഹം ജോർജ്ജ് വാഷിംഗ്ടണിനു് ഒരു കത്തെഴുതി. ബ്രിട്ടീഷുകാർക്കെതിരായുള്ള അമേരിക്കരുടെ സ്വാതന്ത്ര്യസമരത്തിൽ നേതൃത്വം വഹിച്ചതും ഐക്യനാടുകളുടെ ഒന്നാമത്തെ പ്രസിഡൻറായി ഭരിച്ചതും ജോർജ്ജ് വാഷിംഗ്ടനാണെന്ന സംഗതി സ്മരണീയമത്രെ. മേൽപ്പറഞ്ഞ കത്തിൽ ഫ്റാങ്ക്ളിൻ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു: "ലഘുവായ പുരോഗമനമേ ഞങ്ങൾക്കുണ്ടായിട്ടുള്ളു. അതു്, എൻെറ അഭിപ്രായത്തിൽ, മനുഷ്യബുദ്ധിയുടെ അപൂർണ്ണതയ്ക്കുള്ള ഒരു തെളിവാണു്. ശ്രീമൻ, ഞാൻ ദീർഘകാലം ജീവിച്ചിട്ടുണ്ടു്. എൻെറ ജീവിതം ഉടരുന്തോറും, ദൈവമാണു മാനുഷികകാര്യങ്ങളെ ഭരിക്കുന്നതെന്ന സത്യം കൂടുതൽ കൂടുതലായി എന്നെ ബോധ്യപ്പെടുത്തുന്നതിനു പര്യാപ്തങ്ങളായ തെളിവുകളാണു് എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നതു്. അവിടുത്തെ അറിവുകൂടാതെ ഒരു കുരുവിപോലും നിലംപതിക്കയില്ലെങ്കിൽ അവിടുത്തെ സഹായംകൂടാതെ ഒരു സാമ്രാജ്യം ഉയർന്നുവരികയെന്നതു സംഭാവ്യമാണോ? ശ്രീമൻ, വിശുദ്ധലിഖിതങ്ങളിൽ നമുക്കു ഉറപ്പു നൽകിയിരിക്കുന്നു: കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാർ വൃഥാ ബുദ്ധിമുട്ടുന്നുവെന്നു്. ഞാനതു ദൃഢമായി വിശ്വസിക്കുന്നു. മാത്രമല്ല, ദൈവം നമ്മുടെ സഹായത്തിനു വരാത്തപക്ഷം, ഈ രാഷ്ട്രീയസൗധം കെട്ടിപ്പടുക്കുന്നതിൽ ബാബേലിലെ പണിക്കാർക്കുണ്ടായതിൽ കൂടുതലായ വിജയം നമുക്കു കൈവരികയില്ലെന്നും ഞാൻ വിശ്വസിക്കുന്നു."

## ഏബ്രഹാം ലിങ്കൻ

അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡൻറുപദമലങ്കരിച്ച ഒരു സുപ്രസിദ്ധവ്യക്തിയാണു ഏബ്രഹാം ലിങ്കൺ. 1809 മുതൽ 1865 വരെയാണു് അദ്ദേഹം ജീവിച്ചിരുന്നതു്. നിഗ്രോജാതിക്കാർക്കു സ്വാതന്ത്ര്യം നൽകിയെന്നതാണു് അദ്ദേഹത്തിൻെറ ഏററവും മഹനീയമായ നേട്ടം. അദ്ദേഹത്തിൻെറ ലിഖിതങ്ങളെല്ലാം സർവ്വഥാ ഉത്തേജകങ്ങളായിരിക്കുന്നു. അവയിലെല്ലാം ആദ്യന്തം നിഴലിക്കുന്നതു ദൈവത്തിൻെറ നേർക്കുള്ള ഉത്തരവാദിത്വത്തെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന സജീവമായ ബോധമത്രെ. ദൈവത്തിൽനിന്നു തൻെറ ബുദ്ധിക്കു പ്രകാശവും പ്രവർത്തനങ്ങളിൽ സഹായവും ലഭിക്കുന്നതിനുവേണ്ടി അദ്ദേഹം സദാ പ്രാർത്ഥിച്ചിരുന്നു. 1864 ഏപ്രിൽമാസം 18-ാംനു ബാൾട്ടിമോറിൽ ചെയ്ത സുപ്രസിദ്ധ പ്രസംഗത്തിലെ താഴെചേർക്കുന്ന വാക്യങ്ങൾ അദ്ദേഹത്തിൻെറ അചഞ്ചലമായ ദൈവഭക്തിക്കു പ്രകടമായ തെളിവാണു്: "അമേരിക്കയിലെ ജനങ്ങളോടും, ക്രിസ്തീയലോകത്തോടും, ചരിത്രത്തോടും എൻെറ അവസാനകണക്കുതീർപ്പിനെ സംബന്ധിച്ചിടത്തോളം ദൈവത്തോടും എനിക്കു ഉത്തരവാദിത്വമുണ്ടു്." ഗെററിസ്ബർഗ്ഗിൽ ചെയ്ത പ്രസംഗത്തിലെ ഒരു വാക്യം ചരിത്രം സൃഷ്ടിച്ചതാണു്: "ഈ ജനപദം, ദൈവത്തിനു വിധേയമായി, സ്വാതന്ത്ര്യത്തിൻെറ ഒരു നവജന്മം പ്രാപിക്കുന്നതാണു്. ജനങ്ങളുടെമേലുള്ളതും, ജനങ്ങളാലുള്ളതും, ജനങ്ങൾക്കുവേണ്ടിയുള്ളതുമായ ആ ഭരണം ഭൂമുഖത്തുനിന്നു അന്തർദ്ധാനം ചെയ്യുന്നതല്ല." ലിങ്കൺ പ്രസംഗത്തിൻെറ നക്കൽ തയാറാക്കിയപ്പോൾ "ദൈവത്തിനു വിധേയമായി" (under God) എന്ന വാക്കുകൾ ഇല്ലായിരുന്നു. എന്നാൽ പ്രസംഗിച്ചുകൊണ്ടു നില്ക്കുമ്പോൾ, നേരത്തേ തയാർചെയ്തിരുന്ന വാക്യത്തിൽ എന്തോ ഒരു പോരായ്മയുണ്ടെന്നു തോന്നിയതിനാൽ, തൽക്ഷണം ആ വാക്കുകൾ കൂട്ടിച്ചേർക്കുകയാണു ചെയ്തതു്. അങ്ങനെ അദ്ദേഹം അമേരിക്കൻ ജനതയുടെ രാഷ്ട്രീയജീവിതത്തെ നേർവഴിക്കു തിരിക്കുകയും, സാക്ഷാൽ ജനാധിപത്യത്തിൻെറ വിജയസിദ്ധിക്കുള്ള മൗലികപ്രമാണത്തെ ഒററ വാചകത്തിൽ സംഗ്രഹിക്കുകയും ചെയ്തു. ജനങ്ങളുടെ ആധിപത്യത്തിനാണു പ്രതിഷ്ഠ നൽകുന്നതെങ്കിലും, പരമാധിപൻ ദൈവമാണെന്നാണു് ആ വാചകത്തിൽ അന്തർലീനമായിരിക്കുന്ന മഹത്തായ ആശയം.

## വില്യം പെൻ

ഉദ്ദേശം 250 കൊല്ലങ്ങൾക്കുമുമ്പു് അമേരിക്കയിലെ പെൻസിൽവേനിയാരാജ്യത്തിൻെറ ഭരണഘടന എഴുതിയുണ്ടാക്കിയപ്പോൾ വില്യം പെൻ എന്ന രാജ്യതന്ത്രജ്ഞൻ നൽകിയ മുന്നറിയിപ്പു ശ്രദ്ധേയമായിരിക്കുന്നു. "ദൈവത്താൽ ഭരിക്കപ്പെടാത്ത ജനങ്ങൾ സ്വേച്ഛാമൂർത്തികളായ മർദ്ദകരാൽ ഭരിക്കപ്പെടും." ദൈവത്തെ രാഷ്ട്രീയരംഗങ്ങളിൽനിന്നു ഒഴിച്ചുനിർത്തുന്നപക്ഷം, അങ്ങേ സനാതന നിയമങ്ങൾ അവഗണിക്കപ്പെടുന്നപക്ഷം, കിരാതത്വവും സ്വേച്ഛാപ്രഭുത്വവും നാട്ടിൽ നടമാടും എന്നു ചുരുക്കം.

## വൈദികമേലദ്ധ്യക്ഷന്മാരുടെ ഉൽബോധനം

മേൽപ്രസ്താവിച്ചതുപോലെ, ജനപദങ്ങളുടേയും ഭരണകൂടങ്ങളുടേയുംമേൽ ദൈവത്തിനു പരമാധികാരമുണ്ടെന്നും അവയുടെ വിജയത്തിനു് അവിടുത്തെ സഹായം അത്യന്താപേക്ഷിതമാണെന്നും "കർത്താവു് വീടു പണിയുന്നില്ലായെങ്കിൽ പണിക്കാർ വൃഥാ ബുദ്ധിമുട്ടുകയാണു" ചെയ്യുന്നതെന്നും നല്ലവണ്ണം മനസ്സിലാക്കിക്കൊണ്ടാണു് നമ്മുടെ വൈദികമേലദ്ധ്യക്ഷന്മാർ ഇന്ത്യയിലെ അടുത്തുവരുന്ന തിരഞ്ഞെടുപ്പ് വിജയപ്രദമാകുന്നതിനുവേണ്ടി സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കണമെന്നു നമ്മെ ഉൽബോധിപ്പിച്ചിട്ടുള്ളതു്. 1951 ഒക്ടോബർ 23-ാംനു ബാംഗളൂരു സമ്മേളിച്ച ഇന്ത്യൻ കത്തോലിക്കാമെത്രാന്മാരുടെ കോൺഫറൻസിലെ സ്റ്റാൻറിംഗ്കമ്മിററി പ്രസിദ്ധപ്പെടുത്തിയ പ്രസ്താവനയിൽ നിർദ്ദേശിച്ചിരിക്കുന്നതു് ഇങ്ങനെയാണു്: "സർവ്വശക്തനായ ദൈവത്തിൻെറ അനുഗ്രഹം നാട്ടിനും നാട്ടുകാർക്കും സമൃദ്ധിയായി ലഭിക്കുന്നതിനും സമ്മതിദായകന്മാരുടെ ബുദ്ധിക്കു പ്രകാശവും സഹായവും സംസിദ്ധമാകുന്നതിനും പാർലമെൻറിലേക്കും സംസ്ഥാനനിയമസഭകളിലേക്കും ഉത്തമന്മാരായ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെടുന്നതിനുംവേണ്ടി തിരഞ്ഞെടുപ്പിനുമുമ്പും തിരഞ്ഞെടുപ്പുകാലത്തും ദേവാലയങ്ങളിൽ പ്രത്യേകപ്രാർത്ഥനകൾ സമർപ്പിക്കണമെന്നു ഞങ്ങൾ നിർദ്ദേശിക്കുന്നു." ഈ നിർദ്ദേശത്തിലെ താല്പര്യമനുസരിച്ചു് അഭിവന്ദ്യവൈദികമേലദ്ധ്യക്ഷന്മാർ അവരവരുടെ രൂപതകളിൽ പ്രത്യേകപ്രാർത്ഥനകൾ നടത്തുവാൻ കല്പന നൽകിയിട്ടുണ്ടു്. ഒററക്കുർബാനയ്ക്കുശേഷം "എത്രയും ദയയുള്ള മാതാവേ!" എന്ന ജപം ചൊല്ലണമെന്നു എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും, പരിശുദ്ധകുർബാനയുടെ ആശീർവ്വാദസമയത്തു് "സ്രഷ്ടാവായ റൂഹായെ എഴുന്നള്ളിവരിക" എന്ന പ്രാർത്ഥനയും കുർബാനസമയത്തു പ്രത്യേകം ആജ്ഞാപിതമായിരിക്കുന്ന മറെറാരു ജപവും ചൊല്ലണമെന്നു വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും, പരിശുദ്ധകുർബാനയുടെ വാഴ്വിൻെറസമയത്തു പരിശുദ്ധാരൂപിയോടുള്ള ജപം ചൊല്ലണമെന്നു ചങ്ങനാശ്ശേരിമെത്രാൻ തിരുമേനിയും ആജ്ഞാപിച്ചിട്ടുള്ളതായറിയുന്നു.

## പ്രാർത്ഥന വിജയത്തിനു നിദാനം

പ്രാർത്ഥന വിജയത്തിനു നിദാനമായിരിക്കുമെന്നതിനു് സംശയമില്ല. "ലോകം സ്വപ്നം കാണുന്നതിനെക്കാൾ വളരെയധികം കാര്യങ്ങൾ പ്രാർത്ഥനകൊണ്ടു് സാധിക്കപ്പെടുന്നു" എന്നാണല്ലോ ആംഗ്ലേയകവിയായ ടെന്നിസൺ പറഞ്ഞിരിക്കുന്നതു്. 1948-ൽ ഇററലിയിൽ നടന്ന തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്ററുകക്ഷി പരാജയമടയുന്നതിനും ക്രിസ്റ്റ്യൻ ഡെമോക്രാററു് കക്ഷി വിജയംവരിക്കുന്നതിനുമുള്ള ഒരു പ്രധാനകാരണം മാർപ്പാപ്പായുടെ നിർദ്ദേശപ്രകാരം വൈദികരും സന്യാസിനിസന്യാസികളും ഭക്തക്രിസ്ത്യാനികളും അർപ്പിച്ച പ്രാർത്ഥനകളാണെന്നതിനു സംശയമില്ല. ഇററലിയിലെ ജനങ്ങൾ മാത്രമല്ല ആ പ്രാർത്ഥനാസമരത്തിൽ പങ്കുകൊണ്ടതു്. ലോകമാസകലമുള്ള പല സംഘടനകളും വ്യക്തികളും അതിൽ പങ്കുവഹിക്കുകയുണ്ടായി. ഉദാഹരണത്തിനു്, ഐർലൻറിലെ തൊഴിലാളികളും മററു ജനവിഭാഗങ്ങളും ഇററലിയിൽ ക്രിസ്തുമതം കമ്മ്യൂണിസത്തിൻെറമേൽ വിജയംവരിക്കുന്നതിനുവേണ്ടി വളരെയധികം ദിവ്യബലികൾ അർപ്പിക്കുന്നതിനു് ഏർപ്പാടുകൾ ചെയ്കയുണ്ടായത്രെ. ഡബ്ളിനിൽനിന്നു പുറപ്പെടുന്ന 'ഈവനിംഗ് ഹെരൾഡ്' എന്ന പത്രത്തിൻെറ ഒരു ലക്കത്തിൽത്തന്നെ അത്തരം 25 പരസ്യങ്ങൾ ചേർത്തിരുന്നു. ഒരു പരസ്യം ഇങ്ങനെയായിരുന്നു: "വെസ്റ്റ്ലൻറ്റോയിലെ സെൻറ് ആൻഡ്റൂസ് പള്ളിയിൽ പരിശുദ്ധപിതാവിൻെറ നിയോഗാർത്ഥം ഹെനിയൻ സ്ട്രീററിലെ കടിയാന്മാരുടേയും കച്ചവടക്കാരുടേയും അപേക്ഷപ്രകാരം ദിവ്യബലി അർപ്പിക്കപ്പെടുന്നതാണു്." വേറൊന്നു് ഇപ്രകാരമായിരുന്നു: "പരിശുദ്ധപിതാവിൻെറ നിയോഗാർത്ഥവും ഇററലിയിലെ തിരഞ്ഞെടുപ്പിൻെറ വിജയത്തിനുവേണ്ടിയും ബത്ത് അവെന്യൂ ഡിസ്ട്രിക്ടിലെ ഇടവകജനങ്ങളുടെ അപേക്ഷപ്രകാരം സാൻറിമൗണ്ടിലെ സമുദ്രതാരമായ മറിയത്തിൻെറ ദേവാലയത്തിൽ 13 കുർബാനകളും, ലേക്ക്ലൻറ്സ് കോൺവെൻറിലെ സെൻറ് മേരീസ് ദേവാലയത്തിൽ 9 കുർബാനകളും, മേർച്ചൻറ്സ് ക്വേയിലെ ഫ്റൻസിസ്കൻ ദേവാലയത്തിൽ 18 കുർബാനകളും അർപ്പിക്കപ്പെടുന്നതാണു്."

മേൽപ്പറഞ്ഞവണ്ണമാണു് ഐർലൻറിലെ ഭക്തജനങ്ങൾ വിദൂരമായ ഇററലിയിലെ തിരഞ്ഞെടുപ്പിൽ സഹകരിച്ചതു്. ആ സ്ഥിതിക്കു് നമ്മുടെ മാതൃരാജ്യത്തിലെ തിരഞ്ഞെടുപ്പിൻെറ വിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥനാസമരത്തിൽ എത്ര തീക്ഷ്ണതയോടുകൂടി നാം പങ്കുവഹിക്കേണ്ടിയിരിക്കുന്നു. വൈദികമേലദ്ധ്യക്ഷന്മാർ നിർദ്ദേശിച്ചിരുന്ന പൊതുപ്രാർത്ഥനകൾകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഓരോ വ്യക്തിയും വേറേയും പ്രാർത്ഥനകൾ അർപ്പിക്കുകയും ത്യാഗകൃത്യങ്ങൾ അനുഷ്ഠിക്കയും ചെയ്യേണ്ടതാണു്. എല്ലാ കുടുംബങ്ങളിലും ഒരു "എത്രയും ദയയുള്ള മാതാവേ" എന്ന ജപമെങ്കിലും ഈ പൊതുനിയോഗാർത്ഥം ചൊല്ലുന്നപക്ഷം തിരഞ്ഞെടുപ്പിൻെറ വിജയത്തിനുമാത്രമല്ല, കുടുംബാംഗങ്ങളുടെ രാഷ്ട്രീയബോധം വളർന്നുവരുന്നതിനുംകൂടി അതു സഹായകമായിരിക്കും. അതു രാഷ്ട്രീയകാര്യങ്ങളിൽപ്പോലും നാം പ്രദർശിപ്പിക്കേണ്ട "അചഞ്ചലമായ ദൈവവിശ്വാസ"ത്തിൻെറ ഒരു പ്രകടനമായിരിക്കുമെന്നതിനും സംശയമില്ല. ഇക്കഴിഞ്ഞ വിദ്യാഭ്യാസപ്രക്ഷോഭണകാലത്തു് നാമർപ്പിച്ച പ്രാർത്ഥനകൾ ഫലവത്തായിത്തീർന്നുവെന്ന സംഗതി ഇത്തരുണത്തിലും നമുക്കു് ഉത്തേജനം നല്കട്ടെ. വിജയംവരിക്കുന്നതിനു പ്രാർത്ഥനമാത്രം മതിയെന്നു ഞങ്ങൾ വിവക്ഷിക്കുന്നില്ല. "എല്ലാം ദൈവത്തെ ആശ്രയിച്ചിരുന്നാലെന്നപോലെ നാം പ്രാർത്ഥിക്കയും എല്ലാം നമ്മെ ആശ്രയിച്ചിരുന്നാലെന്നപോലെ നാം പ്രവർത്തിക്കയും ചെയ്യണം" എന്ന മഹദ്വാക്യം നമുക്കു് മാർഗ്ഗദർശകമായിരിക്കട്ടെ. വോട്ടുചെയ്യാൻ നമുക്കുള്ള കടമയെപ്പററിയും അതിൽ ദീക്ഷിക്കേണ്ട തത്വങ്ങളെപ്പററിയും വഴിയേ പ്രസ്താവിച്ചുകൊള്ളാം.


## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

# പഞ്ചവർണ്ണക്കൊന്ത

(റവ. ഫാ. തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

കഴിഞ്ഞ ലൂർദ്ദമാതാവിന്റെ തിരുനാൾദിവസം ഐക്യസംസ്ഥാനങ്ങളിലെ വേദപ്രചാരഡയറക്ടർ ചെയ്ത റേഡിയോ പ്രസംഗം ഒരു നവീനപ്രസ്ഥാനത്തിന്റെ നാന്ദിയായിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം:

"ലോകത്തിന്റെ മനോഭാവം മാറാതെ സമാധാനം സമാഗതമാകയില്ല. അതിനു നാം പ്രാർത്ഥിക്കണം, നമുക്കുവേണ്ടിയല്ല, ലോകത്തിനുവേണ്ടി. ലോകം എന്ന പദത്തിൽ എല്ലാവരും—നമ്മുടെ ശത്രുക്കളായ റഷ്യാക്കാരും നമ്മുടെ സമീപസ്ഥരും—ഉൾപ്പെടും. ഇതിലേക്കായി ഒരു കൊന്ത ഞാൻ ഭാവനംചെയ്തിട്ടുണ്ട്. വേദപ്രചാരവിക്ഷണഗതിയിലൂടെ ഭൂമിയിലുള്ള അഞ്ചു വൻകരകളേയും ജപമാലയുടെ വിവിധവർണ്ണത്തിലുള്ള അഞ്ചുദശകങ്ങൾകൊണ്ടു ചിത്രീകരിക്കണമെന്നാണ് ഉദ്ദേശം. ആഫ്റിക്കയുടെ ദശകം പച്ചയായിരിക്കും. മുഹമ്മദീയർക്ക് പരിശുദ്ധമായ ഒരു വർണ്ണമാണല്ലോ പച്ചനിറം. ആഫ്റിക്കയിലെ ഹരിതഗിരികളും ഈ ഭാവനത്തിനു കാരണമാകുന്നു.

ചുമന്ന മനുഷ്യൻ സ്ഥാപിച്ച അമേരിക്കൻ വൻകരയ്ക്കുള്ള രണ്ടാംദശകം ചുമപ്പായിരിക്കും.

യൂറോപ്യൻ വൻകരയ്ക്കുള്ള മൂന്നാംദശകം ധവളമാണ്. അതിന്റെ ആദ്ധ്യാത്മികപിതാവു തിരുസഭയിലെ ധവളവർണ്ണനായ അജപാലകനാണല്ലോ.

നാലാമത്തെ ദശകം നീല നിറത്തിലുള്ളതാണ്. ശാന്തസമുദ്രത്തിലെ നീലജലത്തിൽ സ്ഥിതിചെയ്യുന്ന ആസ്ട്രേലിയൻ വൻകരയ്ക്കും, ഓഷ്യാനിയ മുതലായ ദ്വീപുകൾക്കും വേണ്ടിയുള്ളതാണ് ഈ ദശകം.

പരിഷ്കാരത്തിന്റെ പിള്ളത്തൊട്ടിയും സൂര്യോദയവിഭാഗവുമായ ഏഷ്യൻ വൻകരയ്ക്കു മഞ്ഞനിറത്തിലുള്ള അഞ്ചാം ദശകം.

ഈദൃശമായ ജപമാല ചൊല്ലിക്കഴിയുമ്പോൾ ലോകംമുഴുവനും നിങ്ങൾ ചുററി സഞ്ചരിച്ചുകഴിയും; എല്ലാ ജനങ്ങളേയും പ്രാർത്ഥനവഴി ആശ്ലേഷിക്കുവാനിടയാകും. ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഇത്തരം ഒരു കൊന്ത നിങ്ങൾക്കു വേണമെന്നില്ല; നിങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്ന കൊന്തകൊണ്ടുതന്നെ ഈദൃശനിയോഗങ്ങളോടുകൂടെ പ്രാർത്ഥിക്കുവാൻ കഴിയും.

നമ്മുടെ ജപമാലയ്ക്കു ത്രിവിധ ഗുണങ്ങളുണ്ട്. ഓരോ ദശകവും ഏതുരാജ്യത്തിനുവേണ്ടിയാണു നിങ്ങൾ കാഴ്ചവയ്ക്കുന്നതെന്ന് അതിന്റെ വർണ്ണംകൊണ്ടു നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും. ലോകസമാധാനത്തിനുവേണ്ടി ജപമാല ചൊല്ലികാഴ്ചവയ്ക്കുവാൻ ഫാത്തിമായിൽനിന്നു ദൈവജനനി നല്കിയിട്ടുള്ള ആഹ്വാനം അനുസരിക്കുവാൻ രണ്ടാമതായി ഈ കൊന്ത ഉപകരിക്കും. മൂന്നാമതായി പരിശുദ്ധ പിതാവിനും വേദപ്രചാരസംഘത്തിനും സഹായകമായിത്തീരും നമ്മുടെ പ്രാർത്ഥനകൾ."

മോൺസിഞ്ഞോർ ഷീൻ തിരുമനസ്സിലെ ഈ വാക്യങ്ങൾ എത്രയും സ്പഷ്ടമാണ്. നമ്മൾ നന്നാകുമ്പോൾ ലോകം നന്നാകും. എന്നാൽ പ്രാർത്ഥനകൊണ്ടല്ലാതെ നമ്മൾ നന്നാകയില്ല. ആത്മസംസ്കരണത്തിൽ ജപമാലയ്ക്കുള്ള ശക്തി അനന്യാദൃശമാണെന്നു നമുക്ക് അറിയുകയും ചെയ്യാം. അനേകം മാനസാന്തരങ്ങൾ ജപമാലവഴിയുണ്ടായിട്ടുണ്ട്. ആൽബിജെൻസിയൻ പാഷണ്ഡതയേയും പല മുഹമ്മദീയാക്രമണങ്ങളേയും ജപമാലവഴിയാണു ജയിച്ചിട്ടുള്ളതെന്നു നമുക്ക് അറിയാം. അതിനാൽ വേദപ്രചാരാർത്ഥമുള്ള നമ്മുടെ പ്രാർത്ഥനകളിൽ പ്രഥമസ്ഥാനം ജപമാലയ്ക്കു നല്കേണ്ടതു തന്നെ.

ആകയാൽ ദിവ്യരക്ഷാനാഥനോടും അവിടുത്തെ പരിശുദ്ധയമ്മയോടുമുള്ള സ്നേഹത്തെപ്രതി ഇടക്കിടയ്ക്കു നമ്മുടെ കൊന്ത കരത്തിലേന്തി ജപമാലവഴി അഖിലലോകപര്യടനം നടത്തുന്നത് എത്രയും അഭികാമ്യമായിരിക്കും. വേദപ്രചാരതീക്ഷ്ണത പ്രകടിപ്പിക്കുവാനുള്ള ഒരു മാർഗ്ഗം ഇതാ. അതിൽക്കൂടെ അനുദിനം പലപ്രാവശ്യം തരണംചെയ്യുവാൻ അഖിലകത്തോലിക്കരേയും സപ്രശ്രയം ആഹ്വാനംചെയ്യുന്നു.

---


## For Favours Received

*My heartfelt thanks for the many favours received through the powerful intercession of St. Jude Thaddeus apostle of the hopeless cases and St. Rita patroness of those in need.*

*May I recommend others to invoke the powerful aid of these saints in their necessities— especially in desperate cases.*

**Joseph M. Karuvelil**
**THATHAMPALLY**

---




നരിവേലി: സെൻറ് വിൻസെൻറ് ഡി പോൾ ചെറുപുഷ്പകോൺഫറൻസിന്റെ ദ്വിതീയവാർഷികം നവംബർ 11-ാംനു- വെരി റവ. ഫാ. പ്ലാസിഡ് അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ബ്രദേഴ്സ് ഡേവിഡ് മഠംപിള്ള, വി. ജെ. ജോർജ്ജ് ബി. എ. ബി. എൽ. എന്നിവർ ഓരോ പ്രസംഗംചെയ്തു.

—കോടിക്കുളം: അം. കെ. കത്തോലിക്കാ കോൺഗ്രസ് മൈലക്കൊമ്പ് ഫൊറോനാഗ്രൂപ്പ് ഓർഗനൈസിംഗ് സെക്രട്ടറിയായി ശ്രീ സി. വി. കുര്യൻ നിയമിതനായിരിക്കുന്നു.

—മീനച്ചിൽ: റവ. ഫാ. ജോസഫ് പഴേപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നവംബർ 11-ാംനു- കൂടിയ യോഗത്തിൽവച്ച് ചെറുപുഷ്പമിഷൻലീഗിന്റെ ഒരുശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു. മെ. പി.റി. തോമസ്, സി. ജെ. ജോസഫ് എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗംചെയ്കയുണ്ടായി.

—മുക്കാട്ടുകര: അമേരിക്കയിൽനിന്നും സൗജന്യമായി ലഭിച്ച പാൽപ്പൊടി, ഗോതമ്പുമാവ് മുതലായവ സ്ഥലത്തെ വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ വിതരണംചെയ്യപ്പെട്ടിരിക്കുന്നു.

—അവിട്ടത്തൂർ: ഇടവകജനങ്ങളുടെ സംഭാവനകൾകൊണ്ടു പണിയുവാൻപോകുന്ന പള്ളിയുടെ മുഖമണ്ഡപത്തിന്റെ ശിലാസ്ഥാപനകർമ്മം നവംബർ 14-ാം തിയതി നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

—വാഴക്കുളം: തെക്കുമല എന്ന സ്ഥലത്തു് നവംബർ 11-ാംനു- കൂടിയ പൗരമഹാസമ്മേളനത്തിൽ താഴെ പറയുന്ന പ്രമേയം ഐകകണ്ഠ്യന പാസാക്കപ്പെട്ടിരിക്കുന്നു: "ഈ അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ മീനച്ചിൽ നിയോജകമണ്ഡലത്തിൽനിന്നു് പാർലമെൻറിലേക്കും കാരമംഗലം നിയോജകമണ്ഡലത്തിൽനിന്നു് അസംബ്ലിയിലേക്കും മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ ആർക്കാണു നമ്മുടെ വോട്ടു കൊടുക്കേണ്ടതു് എന്നുള്ളതിനെപ്പററി വ്യക്തിപരമായി യാതൊരു തീരുമാനവും ആരും ചെയ്തുപോകരുതെന്നും ഈ യോഗം ഐകകണ്ഠ്യന തെരഞ്ഞെടുക്കുന്ന 11 പേരടങ്ങിയ കമ്മിററികൾ തീരുമാനിക്കുന്നതും അവർ നിർദ്ദേശിക്കുന്നതുമായ ആളിനു മാത്രമേ എല്ലാവരുടേയും വോട്ടു നൽകാവൂ എന്നും ഈ യോഗം തീരുമാനിക്കുന്നു."

---

## അടുത്തയാഴ്ചയിൽ


നവംബർ

25 ഞാ. പന്തക്കുസ്ത 28 ാം ഞായർ
26 തി: ലെയോനാർദ്ദോസ്
27 ചൊ: പത്രോസ് പൗലോസ് പള്ളിക്കൂദാശ
28 ബു: കത്രീന
29 വ്യാ: ബ്രൻഡൻ
30 വെ: അന്ത്രയോസ്

ഡിസംബർ

1 ശ: നെത്താല്യ

---



# കാത്തലിക്ക് സിറിയൻ ബാങ്ക് ലിമിററഡ്,

ഹെഡാഫീസ്—തൃശ്ശിവപേരൂർ

## ഡെപ്പോസിററ് നിരക്കുകൾ

| | | |
|---|---|---|
| 24 | മാസത്തെ സ്ഥിരം ഡെപ്പോസിററ് | 4½ % |
| 12 | ,, ,, | 4 % |
| 6 | ,, ,, | 3¼ % |
| 15 | ദിവസത്തെ മുന്നറിവു നോട്ടീസ് | 3 % |
| | സെവിംഗ്സ് ബാങ്ക് ,, | 2¼ % |
| | കറൻറ് ,, ,, | 1 % |

സ്വർണ്ണപണ്ടം പണയത്തിന്മേലും ചരക്ക് ലോണിന്മേലും കച്ചവടക്കാർക്ക് വസ്തു ഈടിന്മേലും ചുരുങ്ങിയ പലിശക്ക് കടംകൊടുക്കുന്നു.

**Managing Directors**

---

## ചരമം

കുറവൂർ: കൊട്ടെക്കാട്ടുപള്ളി ഇടവക ചാഴൂരു വാറു ഔസേപ്പ് അവർകൾ നവംബർ 11-ാംനു- നിര്യാതനായിരിക്കുന്നു.

R. I. P.




### A CATECHISM ON COMMUNISM

കമ്മ്യൂണിസത്തെപ്പററിയുള്ള ഒരു ചോദ്യോത്തരഗ്രന്ഥം

[സി. എസ്സ്. ലീഗ്, തൊടുപുഴ. പേജ് 64, വില 8 ണ.]

തൊടുപുഴയിലെ സി. എസ്സ്. ലീഗുകാർ ആദ്യമായി പ്രസിദ്ധപ്പെടുത്തിയ "അവർ സമാധാനം പ്രസംഗിക്കുന്നു" എന്ന ലഘുഗ്രന്ഥം ഞങ്ങൾ നിരൂപണം ചെയ്തിട്ട് ഏറെ നാളായില്ല. അപ്പോഴേക്കും തൽപ്രസാധകരുടെ മറെറാരു ഗ്രന്ഥംകൂടി നിരൂപണംചെയ്യേണ്ടിവന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമാണുള്ളതു്. രണ്ടാംനമ്പരായി അവർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥവും ഏററവും അവസരോചിതമായിരിക്കുന്നുവെന്നതിനു സംശയമില്ല. തിരഞ്ഞെടുപ്പും മററും അടുത്തിരിക്കുന്ന ഈ ഘട്ടത്തിൽ കമ്മ്യൂണിസത്തിന്റെ യഥാർത്ഥസ്വഭാവം ഏവരും, പ്രത്യേകിച്ച് സാധാരണജനങ്ങൾ, അറിഞ്ഞിരിക്കേണ്ടതാണ്. ചോദ്യോത്തരരീതിയിലുള്ള പ്രതിപാദനമാകയാൽ ബാലികാബാലന്മാർക്കുപോലും ഇതിലെ ഉള്ളടക്കം നിഷ്പ്രയാസം ഗ്രഹിക്കാൻ സാധിക്കുന്നതാണ്. ഈ ഗ്രന്ഥം വേദോപദേശക്ലാസുകളിലും പഠനക്കളരികളിലും പാഠപുസ്തകമായി ഉപയോഗിക്കുന്നതു പ്രയോജനപ്രദമായിരിക്കും. മാത്രമല്ല, ഇടവകകൾതോറും ഇതിന്റെ പ്രതികൾ ധാരാളമായി പ്രചരിക്കേണ്ടതാണ്. അതിനായി ചെലവിടുന്ന പണം ഒരു നഷ്ടമല്ല. പ്രചരണം ഇക്കാലത്തു ഏററവും ആവശ്യമായിരിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ മുഖ്യമായി അവരുടെ പ്രചരണവിദ്യകൊണ്ടാണു കാര്യം കാണുന്നതു്.

റഷ്യൻ വിപ്ലവത്തിന്റെ ചരിത്രം, അതിന്റെ നാശഫലങ്ങൾ, വിപ്ലവനേതാക്കന്മാർക്കുണ്ടായ ദുരന്തഭവങ്ങൾ, കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിൽ തൊഴിലാളികൾ അനുഭവിക്കേണ്ടിവരുന്ന നരകയാതനകൾ, വൻതരം രാഷ്ട്രീയ മുതലാളിമാരായി ചമയുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളുടെ സുഖലോലുപമായ ജീവിതരീതികൾ, സ്റ്റോക്കോം സമാധാനാഭ്യർത്ഥനയുടെ പൊള്ളത്തരം, റഷ്യയുടെ സാമ്രാജ്യമോഹം, റഷ്യൻ ഇരുമ്പുയവനിക, ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകൾ ആദിയായ വിഷയങ്ങളെപ്പററി ഈ ഗ്രന്ഥത്തിൽ നൽകുന്ന വിവരങ്ങൾ വായിച്ചിരിക്കേണ്ടവതന്നെ. 51-ാം പക്ഷത്തിൽ 7-ാം ചോദ്യത്തിനു കൊടുത്തിരിക്കുന്ന ഉത്തരം മാത്രം അല്പം തെററിദ്ധാരണയ്ക്കു വകനല്കിയേക്കാവുന്നതാണ്. കമ്മ്യൂണിസം പ്രചരിച്ചുവരുന്ന ഇക്കാലത്തു വളരെയധികം പണം ചെലവുചെയ്തു ദേവാലയങ്ങളും മററും പണിചെയ്യുന്നതു ബുദ്ധിശൂന്യമാണെന്ന ഒരു ധ്വനി അതിലുണ്ട്. കമ്മ്യൂണിസത്തെ പ്രതിരോധിക്കാൻവേണ്ട നടപടികൾ യഥാശക്തി സ്വീകരിക്കേണ്ടതാണ് എന്നതിനു ദ്വിപക്ഷമില്ല. എന്നാൽ അതിൽ വിജയംവരിക്കുന്നതുവരെ ദേവാലയങ്ങൾ—ഇടവകയുടെ ആവശ്യമനുസരിച്ച് അവ വലുതായെന്നുംവരാം ചെറുതായെന്നുംവരാം—നിർമ്മിക്കുന്നതിനു കാത്തിരിക്കണമെന്നു തോന്നുന്നില്ല. ദേവാലയങ്ങൾ ദൈവാരാധനയ്ക്കുള്ള സ്ഥലങ്ങളാണ്. ദൈവാരാധനനടത്തുന്നതിനു സദാ നമുക്കു ചുമതലയുള്ളതുമാണല്ലോ. ലക്ഷക്കണക്കിനു രൂപ ചെലവുചെയ്തു എന്തിനു കത്തോലിക്കർ ഇനിയും കോളെജുകൾ നിർമ്മിക്കുന്നുവെന്നും ചില അഭ്യസ്തവിദ്യർപോലും ചോദിക്കാറുണ്ട്. നല്ലനിലയിൽ നടത്തുന്ന ഒരു കത്തോലിക്കാകോളെജ് കമ്മ്യൂണിസത്തെ തടയുന്നതിനുള്ള ബലിഷ്ഠമായ ഒരു കോട്ടയാണെന്ന സംഗതി അവർക്ക് അറിഞ്ഞുകൂടെന്നു തോന്നുന്നു. തിരുവനന്തപുരം യൂണിവേഴ്സി

ററി കോളേജിലെ മാസിക കമ്മ്യൂണിസ്റ്റ്മയമായിരുന്നെന്നും, കമ്മ്യൂണിസത്തെ വിമർശിക്കാറുള്ള ശ്രീ ജയ്പ്രകാശ് അവിടെ പ്രസംഗിക്കാൻ അവിടത്തെ വിദ്യാർത്ഥികൾ അനുവദിക്കയുണ്ടായില്ലെന്നും, ആലപ്പുഴ എസ്. ഡി. കോളേജിലെ വിദ്യാർത്ഥികൾ ഈയിടെ യോഗം ചേർന്ന് ഐക്യമുന്നണിയെ പിന്താങ്ങാൻ പ്രമേയം പാസ്സാക്കിയെന്നും മററുമുള്ള വാർത്തകൾ അവരുടെ കണ്ണുകൾ തുറപ്പിക്കേണ്ടതാണ്. ഇന്നു പല കലാലയങ്ങളും കമ്മ്യൂണിസത്തിന്റെ വിളനിലമായി രൂപാന്തരപ്പെട്ടിരിക്കയാണ്. കലാലയങ്ങളിൽനിന്നു പുറത്തിറങ്ങുന്നവരാണു സാധാരണയായി ജനകീയനേതാക്കളായി ഭവിക്കുന്നതെന്നും ഓർക്കണം. ഈ പരിത:സ്ഥിതികളിൽ കത്തോലിക്കാ കോളേജുകളുടെ ആവശ്യകത അനുക്തസിദ്ധമാണ്. മേൽപ്പറഞ്ഞ ചോദ്യോത്തരത്തിൽ കോളേജുകളുടെ ആവശ്യകത പ്രത്യക്ഷത്തിൽ ചോദ്യം ചെയ്തിട്ടില്ലെങ്കിലും അങ്ങനെയൊരു തെററിധാരണ വായനക്കാരിൽ ഉളവാക്കിയേക്കുമോ എന്ന സംശയംനിമിത്തം പ്രസക്താനുപ്രസക്തമായി ഇത്രയും പ്രസ്താവിച്ചുവെന്നേയുള്ളൂ.

കമ്മ്യൂണിസത്തിന്റെ എല്ലാ വശങ്ങളേയുംപററി ഇതുപോലുള്ള ഒരു ചെറുഗ്രന്ഥത്തിൽ സമഗ്രമായി പ്രതിപാദിക്കുക സാധ്യമല്ലല്ലോ. ആകയാൽ കമ്മ്യൂണിസത്തിൽ ഒളിഞ്ഞുകിടക്കുന്ന വിപത്തിനെ പ്രായോഗികവും സുഗ്രഹവുമായരീതിയിൽ ചൂണ്ടിക്കാണിച്ചുകൊടുക്കുവാനാണു ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുള്ളത്. അതിൽ അദ്ദേഹം വിജയം വരിച്ചിട്ടുമുണ്ട്. ഈ ഗ്രന്ഥത്തിന്റെ 2000 കോപ്പികൾ മാത്രമേ അച്ചടിച്ചിട്ടുള്ളൂ. ഉടൻ പുസ്തകത്തിനായി എഴുതി ഈ സദുദ്യമത്തെ പ്രോത്സാഹിപ്പിക്കയും കമ്മ്യൂണിസത്തിന്റെ ഉള്ളുകള്ളികൾ എല്ലാവർക്കും വിശദമാക്കിക്കൊടുക്കുവാൻ ശ്രമിക്കുകയും ചെയ്യുവിൻ.

## ഐക്യമുന്നണി

(മാർത്തോമ്മാ സേവാസംഘം പബ്ലിക്കേഷൻസ്, മണപ്പുറം)

"ഐക്യമുന്നണി" ഒരു "ട്രോജൻകുതിര"യാണെന്നും അതിനകത്തു നാട്ടിന്റേയും നാട്ടാരുടേയും യഥാർത്ഥ ശത്രുക്കളായ വിപ്ലവപ്രണേതാക്കളാണ് ഒളിച്ചിരിക്കുന്നതെന്നും മുന്നറിവുനൽകുന്ന ഒരു ലഘുഗ്രന്ഥമാണിത്. ഇതിലെ ആശയങ്ങൾ ഗ്രഹിക്കേണ്ടതും വിളംബരം ചെയ്യേണ്ടതും നാടിന്റെ സത്യത്തേയും സമാധാനത്തേയും സ്നേഹിക്കുന്ന ഏവരും പരിശ്രമിക്കേണ്ടതാണ്.

## For God & Country

റവ. ഫാ. ജോസഫ് തോട്ടകത്ത് അവർകളുടെ നേതൃത്വത്തിൽ പ്രസിദ്ധപ്പെടുത്തിവരുന്ന "ദൈവത്തിനും രാജ്യത്തിനുംവേണ്ടി" എന്ന ലഘുലേഖാപരമ്പരയിലെ 18-ാം നമ്പർ കൈപ്പററിയിരിക്കുന്നു. "സ്ലോക്കോം സമാധാനാർത്ഥന"യുടെ ആഭിമുഖ്യത്തിൽ മഹാകവി വള്ളത്തോളും ശ്രീ പന്തളം മാധവൻപിള്ളയും തൊടുപുഴെ ചെയ്ത പ്രസംഗങ്ങളെയാണ് ഇതിൽ വിമർശിച്ചിരിക്കുന്നത്. കത്തോലിക്കർ ഇപ്പോഴെങ്കിലും പ്രബുദ്ധമതികളായി ഇപ്രകാരം ലഘുലേഖകൾ പ്രസിദ്ധപ്പെടുത്താൻ മുന്നോട്ടുവന്നിരിക്കുന്നതു കാണുന്നതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുന്നു. ക്രിസ്തുരാജൻ വിജയിക്കട്ടെ.

---

(5-ാം പേജ് തുടർച്ച)

ർത്ഥത്തിൽ വാങ്ങുന്നുണ്ടെങ്കിൽ, ഈ ശമ്പളം സാധാരണഗതിയിലുള്ള പ്രമോഷനും ഇൻക്രിമെൻറും അനുസരിച്ചുള്ളതും പെട്ടെന്ന് അസാധാരണഗതിയിലുണ്ടായ ശമ്പളക്കൂടുതൽ അല്ലാത്തതുമാണെങ്കിൽ, അദ്ദേഹം അതേതോതിലുള്ള ശമ്പളം തുടർന്നു വാങ്ങുന്നതും കൂടുതലുള്ള തുക പേഴ്സണൽ ശമ്പളമായി പരിഗണിക്കുന്നതുമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുമുൻപു രണ്ടുവർഷത്തിനകം നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ ശമ്പളം മുതലായതു് ഈ പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ളതുതന്നെയായിരിക്കും.

### പദ്ധതിയിൽ ചേർന്നില്ലെങ്കിൽ

10 മേൽപ്പറഞ്ഞ പദ്ധതിയിൽ ചേരാത്ത സ്കൂളുകൾക്കു 6-ാംഖണ്ഡികയിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല. മററു കാര്യങ്ങളിലെല്ലാം ആ തരത്തിൽപ്പെട്ട സ്കൂളുകൾ ഈ പദ്ധതിയിൽ പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്.

### അപ്പീൽവ്യവസ്ഥ

11 ഈ പദ്ധതിയനുസരിച്ച വിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിക്കുന്ന ഏതു് ഉത്തരവിന്മേലും, ഉത്തരവുകിട്ടി 30 ദിവസത്തിനകം ഗവമ്മെൻറിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

### ചേർന്നാൽപിന്നെ പിരിയരുത്

12 ഈ പദ്ധതിയിൽ ചേരുന്ന യാതൊരു മാനേജ്മെൻറിനേയും പിന്നീടു വിട്ടുപിരിയാൻ അനുവദിക്കുന്നതല്ല. വിദ്യാഭ്യാസവർഷത്തിന്റെ ആരംഭത്തിൽമാത്രമേ പദ്ധതിയിൽ ചേരാൻ അനുവദിക്കുകയുള്ളൂ. സ്കൂളുകൾ പദ്ധതിയിൽ ചേരുന്നതിനുള്ള നടപടിക്രമം ഗവമ്മെൻറിന്റെ അംഗീകാരത്തോടുകൂടി ഡിപ്പാർട്ടുമെൻറു നിശ്ചയിക്കുന്നതാണ്.

### ഡയറക്ടറുടെ കർത്തവ്യം

13 പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള അടിയന്തിരനടപടികൾ വിദ്യാഭ്യാസഡയറക്ടർ നടത്തുന്നതും അതിനാവശ്യമായ നിർദ്ദേശങ്ങൾ ഗവമ്മെൻറിലേക്കു സമർപ്പിക്കുന്നതുമാണ്.

(രാജപ്രമുഖൻ തിരുമേനിയുടെ ഉത്തരവിൻപ്രകാരം)

ഗവ. സെക്രട്ടറി, (ഒപ്പ്)

(അനുബന്ധം അടുത്തതിൽ)




### സർവ്വകലാശാലാ വൈസ്ചാൻസലർ

തിരു-കൊച്ചി സർവ്വകലാശാലാ വൈസ്ചാൻസലറായി സർ എ. രാമസ്വാമിമുതലിയാർ നിയമിതനായിരിക്കുന്നു. മൂന്നുകൊല്ലമാണ് അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി. പ്രോ വൈസ്ചാൻസലറായി നിയമിതനായിരിക്കുന്നതു് സർവ്വകലാശാലാ രജിസ്ട്രാർ ശ്രീ പി. ആർ. പരമേശ്വരപ്പണിക്കരാണ്.

### ഡോ. ജോൺമത്തായിയുടെ 'ഹർജി

കോട്ടയം പാർലമെൻറു സീററിനു് സ്വതന്ത്രസ്ഥാനാർത്ഥിയായി നോമിനേഷൻ പേപ്പർകൊടുത്തിരുന്നഡോക്ടർജോൺമത്തായിയുടെ നാമനിർദ്ദേശപത്രിക റിട്ടേണിംഗ് ഓഫീസർ നിരസിച്ചതു സംബന്ധിച്ച് ഡോ. മത്തായിക്കുവേണ്ടി ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന റിട്ട്ഹർജി ചെലവുസഹിതം തള്ളിക്കൊണ്ടു് കോടതി വിധിപ്രസ്താവിച്ചിരിക്കുന്നു. വിധിയിന്മേൽ സുപ്രിം കോടതിയിൽ അപ്പീൽബോധിപ്പിക്കുന്നതിനു് ഹൈക്കോടതിയിൽനിന്നും അനുമതി നല്കിട്ടുണ്ടു്. നോമിനേഷൻ നിരാകരണം സംബന്ധിച്ച് ഹാജരാക്കിട്ടുള്ള മററു ഹർജികളും ചെലവുസഹിതം തള്ളിയിരിക്കുന്നതായി കോടതി പ്രസ്താവിച്ചിരിക്കുന്നു.

### പുതിയ മന്ത്രിസഭ മാർച്ചിൽ


തിരഞ്ഞെടുപ്പിനുശേഷമുള്ള പുതിയ തിരു-കൊച്ചി മന്ത്രിസഭ അടുത്ത മാർച്ചു് അവസാനത്തിൽ ചാർജ്ജെടുക്കുന്നതാണെന്നും ഇപ്പോൾ ഒരു കാവൽ ഗവമ്മെൻറുമാത്രമാണു നിലവിലുള്ളതെന്നും ചീഫ്മിനിസ്റ്റർ ശ്രീ സി. കേശവൻ പ്രസ്താവിച്ചിരിക്കുന്നു.

### മിസ് മസ്ക്രീന കുററപത്രം നൽകി

മിസ് ആനിമസ്ക്രീന്റെ മൂത്തകുന്നം പ്രസംഗം സംബന്ധിച്ച് ശ്രീ ഇ. ജോൺപിലിപ്പോസ് ഫയൽചെയ്തിരുന്ന അപകീർത്തിക്കേസ് സംബന്ധിച്ച് തിരുനൽവേലിഡിസ്ട്രിക്ട് മജിസ്ട്രേററു് മിസ് മസ്ക്രീന് കുററപത്രം നൽകിയിരിക്കുന്നു. കേസ് വിചാരണ നവംബർ 26-ാംനു- തുടരുന്നതാണ്.

### നാവികപ്രകടനം

നവംബർ 23, 25 എന്നി തീയതികൾക്കിടയിൽ കൊച്ചിതുറമുഖത്തുവച്ചു് ഒരു നാവികപ്രകടനം നടത്തപ്പെടുന്നതാണെന്നും പൊതുജനങ്ങൾ അതുകണ്ടു ഭയപ്പെടരുതെന്നുംപബ്ളിക്റിലേഷൻസ് ഡയറക്ടർ വിജ്ഞാപനംചെയ്തിരിക്കുന്നു.



വാഴക്കുളം സെൻറ് വിൻസെൻറു് ഡി പോൾ സഖ്യം സെൻറ് ജോർജ്ജ്സ് കോൺഫറൻസിന്റെ സ്ഥാപകനും സ്ഥലം പള്ളിവികാരിയുമായ റവ. ഫാദർ പോൾ വടക്കുഞ്ചേരി അവർകളുടെ സ്ഥലംമാററാവസരത്തിൽ എടുത്ത ഗ്രൂപ്പ് ഫോട്ടോ.

### നെഹ്റു തിരു-കൊച്ചിയിൽ

കോൺഗ്രസ് പാർട്ടിയുടെ പ്രചാരണാർത്ഥം പണ്ഡിററ് നെഹ്റു നവംബർ 24-ാംനു- തിരു-കൊച്ചിയിലെത്തുന്നതും വിവിധഭാഗങ്ങളിൽ പര്യടനം നടത്തിയശേഷം 27-ാംനു- തിരിച്ചുപോകുന്നതുമാണെന്നറിയുന്നു.

### വിദ്യാഭ്യാസസൗജന്യം

കൊച്ചിവിഭാഗത്തിലെ ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥികൾക്കു് അനുവദിച്ചിരുന്ന വിദ്യാഭ്യാസസൗജന്യങ്ങൾ തിരു-കൊച്ചിസംസ്ഥാനമാകെ വ്യാപിപ്പിക്കുവാൻ ഗവമ്മെൻറു് അനുമതി നൽകിയിരിക്കുന്നു. പിന്നോക്കസമുദായാംഗങ്ങൾക്കു ലഭിക്കുന്ന വിദ്യാഭ്യാസസൗജന്യങ്ങൾക്കു പുറമെ കോളേജ് ക്ലാസുകളിൽ പഠിക്കുന്ന സീനിയറും ജൂനിയറും വിദ്യാർത്ഥികൾക്കു് യഥാക്രമം 8-ം, 6-ം, രൂപവീതം സഹായധനം നൽകുവാനും തീരുമാനിച്ചിട്ടുണ്ടു്.

### പബ്ളിക്പരീക്ഷ വീണ്ടും

അഞ്ചാംക്ലാസിലും തേഡ്ഫോമിലും ഗവമ്മെൻറു പരീക്ഷ വീണ്ടുമേർപ്പെടുത്തുവാൻ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും ഉത്തരവായിരിക്കുന്നതായറിയുന്നു.

---

വി. കൊച്ചുത്രേസ്യായുടേയും ബ. അൽഫോൻസാമ്മയുടേയും സഹായത്താൽ എന്റെ സഹോദരന്റെ സുഖക്കേടു മാറിയതിനു ഉപകാരസ്മരണ.

P. J Terese

---

## Fighting Father Dunne

എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ സ്ഥാപിച്ച പ്രശസ്തമായ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തിവരുന്ന സെൻറ് വിൻസെൻറ് ഡി പോൾ സംഘം സെൻറു് മേരിസ് കോൺഫറൻസിന്റെ ധനശേഖരാർത്ഥം എറണാകുളം മേനകാ തിയേറററിൽ നവമ്പർ 24, 25 എന്നി തീയതികളിൽ പ്രദർശിപ്പിക്കുവാൻ ഏർപ്പാടുചെയ്തിട്ടുള്ള ഒരു വിശേഷാൽ സാമുദായികചിത്രമാണ് "ഫൈററിംഗ് ഫാദർ ഡൺ."

അമേരിക്കയിൽ മിസ്സൂറി സ്റ്റേററിലുള്ള സെൻറു് ലൂയി എന്ന പട്ടണത്തിൽ ഇന്നു പൊതുജനശ്രദ്ധയെ അത്യധികം ആകർഷിച്ചുകൊണ്ടു് ഒരു മഹനീയസ്ഥാപനമായി നിലകൊള്ളുന്ന "ഫാദർ ഡൺസ് ന്യൂസ്ബോയ്സ് ഹോം" എന്ന അനാഥസങ്കേതത്തിന്റെ ഉത്ഭവവും അതിന്റെ സ്ഥാപകനായ ഫാദർ പീററർ ഡൺ എന്ന വൈദികവര്യന്റെ ത്യാഗസുന്ദരവും ക്ലേശഭൂയിഷ്ഠവുമായ ജീവിതസമരവുമാണ് പ്രസ്തുത ചിത്രത്തിന്റെ ഇതിവൃത്തം.

തികച്ചും കത്തോലിക്കമായ ഒരന്തരീക്ഷത്തിൽ, അശ്ലീലതയുടെയോ അനൗചിത്യത്തിന്റെയോ കണികപോലും സ്പർശിക്കാതെ, വികാരനിർഭരമായി ഏതാവാർജ്ജകമായി ചിത്രീകരിക്കപ്പെട്ട കോൾമയിർകൊള്ളിക്കുന്ന നിരവധി രംഗങ്ങളാൽ നിബിഡമായ ഈ ചിത്രം ഒരു കത്തോലിക്കാ കുടുംബം ഒന്നിച്ചിരുന്നു കാണേണ്ട ഒന്നുതന്നെയാണ്. സെൻറു് വിൻസെൻറു് ഡി പോൾ സംഘം മുതലായ ജീവകാരുണ്യപരമായ സാമൂഹ്യസേവനങ്ങളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ കത്തോലിക്കർക്കും, വിശിഷ്യ, അഗതികളുടേയും അനാഥരുടേയും ദുരിതങ്ങളെ ദൂരീകരിക്കുവാനായി ത്യാഗസന്നദ്ധരായി പ്രവർത്തനരംഗത്തിറങ്ങിയിരിക്കുന്ന എല്ലാ കത്തോലിക്കാ വൈദികർക്കും സഹോദരികൾക്കും അവരുടെ പ്രവർത്തനത്തിനു്. ഉത്തേജനവും മാർഗ്ഗദർശനവും നൽകുന്നതിനു് ഈ ചിത്രം അത്യധികം സഹായകമാകുമെന്നതിനു് സന്ദേഹമില്ല.

ചിത്രത്തിൽ കഥാനായകനായി അഭിനയിച്ചിരിക്കുന്ന ഹോളിവുഡിലെ പ്രശസ്തനടനായ പാററ് ഒബ്രയൻ യഥാർത്ഥജീവിതത്തിൽ തിക്ഷ്ണതയേറിയ ഒരു അത്മായപ്രേഷിതനാണ്. അമേരിക്കൻറേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യാറുള്ള *"Let Us Pray"* എന്ന കത്തോലിക്കാ പ്രാർത്ഥനാമഞ്ജരി പതിവായി പ്രക്ഷേപണംചെയ്യുന്നതു് പാററ്ഒബ്രയൻ അല്ലാതെ മററാരുമല്ല. ത്യാഗിവര്യനായ ഫാദർ പീററിന്റെ ഭാഗം അദ്ദേഹം അഭിനയിക്കയല്ല "ജീവിക്ക"യാണു് ചെയ്തിട്ടുള്ളതെന്നാണു് നിരൂപകന്മാർ ഏകയോഗമായി അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഈ ചിത്രം ലോകത്തിൽ പലയിടങ്ങളിലും കത്തോലിക്കാ പ്രവർത്തനവിഷയകമായി പ്രദർശിപ്പിച്ചു കഴിഞ്ഞിട്ടുള്ളതാണ്. സിലോണിൽ (കൊളംബോ) ഏതാനും മാസങ്ങൾക്കുമുൻപു് സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഈ ചിത്രം അത്യന്തം വിജയകരമായി പ്രദർശിപ്പിക്കുകയുണ്ടായി. മദ്രാസിൽ ലിജിയൻ ഓഫ് മേരി സഖ്യത്തിന്റെ ധനശേഖരാർത്ഥം ഈ ചിത്രം പ്രദർശിപ്പിച്ചിട്ടു് അധികനാൾ കഴിഞ്ഞിട്ടില്ല. എല്ലാസ്ഥലങ്ങളിലും കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരും വൈദികരും കന്യാസ്ത്രീകളും ഈ ചിത്രം അത്യന്തം സന്തോഷത്തോടുകൂടി കണ്ടു സംതൃപ്തി പ്രകാശിപ്പിച്ചിട്ടുണ്ടു്.

എറണാകുളത്തു് നടക്കുവാൻപോകുന്ന ഈ പ്രദർശനത്തെ നമ്മുടെ വൈദികാദ്ധ്യക്ഷന്മാർ സസന്തോഷം ആശീർവ്വദിക്കുകയും എല്ലാ വൈദികരും കന്യാസ്ത്രീകളും ഇതു കാണുന്നതു് നന്നായിരിക്കുമെന്നു് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ടെന്നു ഭാരവാഹികൾ അറിയിക്കുന്നു. അതുപോലെതന്നെ എല്ലാ ഇടവകകളിൽനിന്നും കഴിവുള്ളപക്ഷം ഭക്തസഖ്യാംഗങ്ങൾ സംഘങ്ങളായി വന്നു ഈ ചിത്രപ്രദർശനം കാണുന്നുവെങ്കിൽ അതു എല്ലാവർക്കും അത്യന്തം ഉപകാരപ്രദമായിരിക്കുമെന്നു് നിസ്സംശയം പറയാം.

കൂടുതൽ വിവരങ്ങൾ അറിയണമെന്നുള്ളവർ താഴെക്കാണുന്ന ഏതെങ്കിലും മേൽവിലാസത്തിൽ എഴുതിച്ചോദിച്ചാൽ മതിയാകുന്നതാണ്.

O. J. Antony M. A.
Lecturer, Maharaja's College,
Jews Street, Ernakulam

Or

John J. Panikulam B. Sc., B. L.
Anjikaimal Official Receiver,
Convent Road, Ernakulam

# നാല്പതുമണി ആരാധന

## മുതലക്കോടം പള്ളിയിൽ

നവംബർ 27, 28, 29 ഈ തീയതികളിൽ.

**ഉൽഘാടനം**

റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി PH· D· D· D·

**പ്രസംഗങ്ങൾ**

1-ാം ദിവസം

റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി PH· D· D· D·

2-ാം ദിവസം

റവ. ഫാദർ ഡോമിനിക്ക കോയിക്കര PH· B· S· T· L·

3-ാം ദിവസം

റവ. ഫാദർ തോമസ് പെരുവാനി M· A· B· O· L·




# ഒരു അമേരിക്കൻ സുദിനം

*ഇതിനാൽ ഞങ്ങളും ഇതു കേട്ടദിവസംമുതൽ സകല ജ്ഞാനത്തിലും ആത്മീയമായ സകല വിവേകത്തിലും ദൈവേഷ്ടത്തിൻെറ അറിവുകൊണ്ടു നിറയേണ്ടതിനു നിങ്ങളെക്കുറിച്ചു പ്രാർത്ഥിക്കുന്നതിലും അപേക്ഷിക്കുന്നതിലും നിന്നു വിരമിക്കുന്നില്ല. (അതു) നിങ്ങൾ വേണ്ടിയിരിക്കുന്നതുപോലെ വ്യാപരിക്കുവാനും, സകല സൽപ്രവൃത്തികളാലും ദൈവത്തെ പ്രസാദിപ്പിക്കുവാനും, ഫലങ്ങൾ നൽകുവാനും, ദൈവജ്ഞാനത്തിൽ വളരുവാനും, സകല ക്ഷമയും ദീർഘശാന്തതയുംമൂലം അവൻെറ മഹിമയുടെ വലിപ്പത്തിനു ഒത്തവണ്ണം എല്ലാം ശക്തിയിലും ബലം പ്രാപിക്കുവാനുമത്രെ. (അതും) പ്രകാശത്തിൽ വിശുദ്ധരുടെ അവകാശത്തിൻെറ ഓഹരിക്കു നമ്മെ യോഗ്യരാക്കുകയും, അന്ധകാരത്തിൻെറ അധികാരത്തിൽനിന്നു നമ്മെ രക്ഷിക്കയും, ആരിൽ നമുക്കു രക്ഷയും പാപങ്ങളുടെ മോചനവും ഉണ്ടായിരിക്കുന്നുവോ, ആർ ദൈവത്തിൻെറ അദൃശ്യരൂപത്തിൻെറ സാദൃശ്യവും സകല സൃഷ്ടികളുടേയും ആദ്യജാതനും ആയിരിക്കുന്നുവോ ആ തൻെറ പ്രിയപുത്രൻെറ രാജ്യത്തിലേക്കു നമ്മെ കൊണ്ടുവരികയുംചെയ്ത പിതാവായ ദൈവത്തെ സന്തോഷത്തോടുകൂടി സ്തുതിക്കുവാനും വേണ്ടി (അത്രെ.) (പന്തക്കുസ്താ 24-ാം ഞായർ; ലേഖനം: കൊലൊ: I, 9—15.)*

അമേരിക്കക്കാർക്കു ഉയിരും ഉണർവും ആവേശവും നൽകുന്ന ഒരു സുദിനം മെയ്മാസത്തിലെ മൂന്നാംഞായറാഴ്ച സമാഘോഷിക്കപ്പെടുന്നുണ്ടു്. "അമേരിക്കൻ പൗരദിനം" (I am An American Day) എന്നാണു് അതിനു നൽകപ്പെട്ടിരിക്കുന്ന പേരു്. "ഞാൻ ഒരു അമേരിക്കൻ പൗരനാണു്" എന്നുള്ള പദസമൂഹത്തിൽ സഞ്ചിതമായിരിക്കുന്ന അർത്ഥത്തെ—അഭിമാനത്തേയും, അവകാശങ്ങളേയും, ചുമതലകളേയും—സാകൃത്യ പരമ്പരകളിലേക്കു പകരുവാനും അങ്ങനെ പൗരബോധം കൂടുതൽ ഉൽബുദ്ധമാക്കുവാനും ഓരോ പൗരനേയും പ്രേരിപ്പിക്കുന്നതിനാണു് ഈ സുദിനം നിർദ്ദിഷ്ടമായിരിക്കുന്നതു്. സ്വദേശാഭിമാനത്തിൻെറ തിരത്തള്ളലിൽ സുപ്രസിദ്ധനായ കറ്റിനാൾ സ്പെൽമൻ ഇപ്രകാരം ഉൽഘോഷിച്ചു: "ഞാൻ ഒരു അമേരിക്കൻ പൗരനാണു്" എന്നു ആക്കു പറയുവാൻ സാധിക്കുമോ അവനാണു് ലോകത്തിലെ ഏററവും വലിയ സമ്പന്നൻ.

അമേരിക്കക്കാരുടെ സ്വരാജ്യാഭിമാനത്തിൻെറ പ്രകടനങ്ങളിൽ നാം അസൂയപ്പെടുന്നതിനോടൊപ്പം, നമുക്കെല്ലാവർക്കും പൗരത്വമുള്ള ഒരു മഹാസാമ്രാജ്യത്തെക്കുറിച്ചു് ചിന്തിക്കുന്നതു് സമുചിതമായിരിക്കും. അമേരിക്കനെന്നോ ഏഷ്യാക്കാരനെന്നോ ധനവാനെന്നോ ദരിദ്രനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ യാതൊരു വ്യത്യാസവുംകൂടാതെ സകല മനുഷ്യർക്കും അഭിമാനപുളകമണിയാവുന്ന മഹനീയമായ ഒരു പൗരത്വമുണ്ടു്. അതാണു് സ്വർഗ്ഗീയപൗരത്വം, പോരാ, ദൈവത്തിൻെറ ദത്തുപുത്രസ്ഥാനം. ഈ സ്വർഗ്ഗീയപൗരത്വത്തെ നമുക്കു നൽകുന്നതിനായി ദൈവം എന്തെല്ലാം സ്നേഹകൃത്യങ്ങളാണു് നിർവ്വഹിച്ചിട്ടുള്ളതെന്നു വി. അപ്പസ്തോലൻ ഇന്നത്തെ ലേഖനത്തിൽ നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടു്: "പ്രകാശത്തിൽ വിശുദ്ധരുടെ അവകാശത്തിൻെറ ഓഹരിക്കു നമ്മെ യോഗ്യരാക്കുകയും, അന്ധകാരത്തിൻെറ അധികാരത്തിൽനിന്നു് നമ്മെ രക്ഷിക്കയും, ആരിൽ നമുക്കു് രക്ഷയും പാപങ്ങളുടെ മോചനവും ഉണ്ടായിരിക്കുന്നുവോ; ആർ ദൈവത്തിൻെറ അദൃശ്യരൂപത്തിൻെറ സാദൃശ്യവും സകല സൃഷ്ടികളുടേയും ആദ്യജാതനും ആയിരിക്കുന്നുവോ ആ തൻെറ പ്രിയപുത്രൻെറ രാജ്യത്തിലേക്കു നമ്മെ കൊണ്ടുവരികയും ചെയ്ത പിതാവായ ദൈവം" എന്നു് സ്പഷ്ടമായിത്തന്നെ അതിൽ പറഞ്ഞിരിക്കുന്നു മനുഷ്യനായവതരിച്ച ദൈവകുമാരൻെറ കുരിശുമരണം വഴിയായി നാം പാപാന്ധകാരത്തിൻെറ അടിമത്വത്തിൽനിന്നു് വിമുക്തരായി. സ്വർഗ്ഗരാജ്യം നമുക്കായി തുറക്കപ്പെട്ടു; പ്രസാദവരത്തിൻെറ സംപ്രാപ്തിയാൽ നാം ദൈവികതത്വത്തിൽ ഭാഗഭാക്കുകളും, ദൈവകുമാരന്മാരും "പ്രകാശത്തിൽ വിശുദ്ധരുടെ അവകാശത്തിൻെറ ഓഹരിക്കു" അർഹരും ആയിത്തീന്നു. ഇത്ര ഉന്നതമായ ഒരു സ്ഥാനത്തേക്കാണു് നാം ഉയർത്തപ്പെട്ടിരിക്കുന്നതു്. "ഞാൻ സ്വർഗ്ഗരാജ്യത്തിലെ ഒരു പൗരനാണു്" എന്ന പദസഞ്ചയത്തിൽ അന്തർലീനമായിരിക്കുന്ന അഭിമാനത്തേയും അവകാശങ്ങളേയും. ചുമതലകളേയും ജീവിതത്തിൽ പ്രകടമാക്കുവാൻ നാം ശ്രമിക്കുന്നുണ്ടോ?

1863 ലെ നവവത്സരദിനത്തിൽ വാഷിങ്ങ്ടണിലെ വൈററ് ഹൗസിൽ തൻെറ ക്ഷീണിച്ച കരങ്ങളിൽ ഒരു പേനയും പിടിച്ചുകൊണ്ടു് ഒരാൾ ഒരു കടലാസ്സുകഷണത്തിൻ മുമ്പിൽ ഇരുന്നിരുന്നു. നയതന്ത്രപ്രതിനിധികൾക്കും മററു പ്രശസ്താതിഥികൾക്കും ഹസ്തദാനംചെയ്തും അവരുമായി കുശലപ്രശ്നംചെയ്തും മൂന്നുമണിക്കൂറുകൾ അദ്ദേഹം ബുദ്ധിമുട്ടേണ്ടിവന്നതിനാലുള്ള ക്ഷീണം അദ്ദേഹത്തിൽ ദൃശ്യമായിരുന്നു. ആ രേഖയിൽ ഒപ്പുവെക്കുമ്പോൾ തൻെറ ക്ഷീണിച്ച കരങ്ങൾ വിറച്ചുപോയെങ്കിൽ ഭാവിതലമുറകൾ താൻ സംശയത്തോടും ചഞ്ചലമനസ്സനായുമാണു ആ പ്രമാണത്തിൽ ഒപ്പുവെച്ചതെന്നു തന്നെ പഴിക്കുകയില്ലേ എന്നുപോലും ആ മഹാൻ ഭയപ്പെട്ടു. തന്നിമിത്തം, തൻെറ ദൃഢനിശ്ചയത്തെ ഒന്നുകൂടി ഉറപ്പിക്കുവാനായി തൻെറ ഡെസ്കിനു് സമീപം നിന്നിരുന്നവരോടു് അദ്ദേഹം ഇപ്രകാരം ഊന്നിപ്പറഞ്ഞു: "ഈ രേഖയിൽ ഒപ്പിടുന്നതിനെക്കാൾ ന്യായയുക്തമായ മറെറാരു കൃത്യവും എൻെറ ജീവിതകാലത്തിൽ ഞാൻ ചെയ്തിട്ടില്ലെന്നു എനിക്കു പൂർണ്ണമായ ഉറപ്പുണ്ടു്." ഒരിക്കൽക്കൂടി ആ രേഖ അദ്ദേഹം വായിച്ചുനോക്കി. "........രാജ്യത്തിലോ, അതിലെ ഏതെങ്കിലും നിശ്ചിതഭാഗങ്ങളിലോ, അടിമകളായി പരിഗണിക്കപ്പെടുന്നവരും ഐക്യരാജ്യങ്ങൾക്കെതിരായി വിപ്ലവത്തിലേപ്പെട്ടിരുന്ന ജനങ്ങ[illegible] ഇനിമുതൽ എന്നന്നേക്കും സ്വതന്ത്രരായിരിക്കും... ..." പേന മുറുകെപിടിച്ചുകൊണ്ടു് അല്പം മുമ്പോട്ടു ചാഞ്ഞു് സധൈര്യം അദ്ദേഹം പേരെഴുതി ഒപ്പിട്ടു—"അബ്രാഹം ലിങ്കൺ". തകന്നുവീഴുന്ന അടിമത്തച്ചങ്ങലകളുടെ കലകലാരവങ്ങൾ ദിഗന്തങ്ങളിൽ മാറെറാലികൊണ്ടു. അങ്ങനെ അമേരിക്കയിൽ നീഗ്രോകളുടെ അടിമത്തം നിയമദൃഷ്ട്യാ പര്യവസാനിച്ചു. ഉദ്ദേശം രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് ഒരു ദിവ്യപുരുഷൻ കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു്, തൻെറ ജീവൻ ഹോമിച്ചുകൊണ്ടു്, ഒരു അടിമസ്വാതന്ത്ര്യപ്പട്ടയത്തിൽ തൻെറ ജീവരക്താഭിഷേകംകൊണ്ടു ഒപ്പുവെക്കുകയുണ്ടായി. "എല്ലാം പൂർത്തിയായി.... എൻെറ പിതാവേ, നിൻെറ കൈകളിൽ എൻെറ ആത്മാവിനെ ഞാൻ ഏല്പിക്കുന്നു" എന്നരുളിച്ചെയ്തുകൊണ്ടു ദൈവകുമാരൻ തലചായിച്ചുമരിച്ചപ്പോൾ മനുഷ്യവർഗ്ഗത്തിൻെറ പാപാടിമത്തച്ചങ്ങല തകന്നുവീഴുകയും അന്ധകാരശക്തികളുടെ ആധിപത്യം അവസാനിക്കയും ചെയ്തു. അങ്ങനെ ക്രിസ്തുനാഥനിൽനിന്നു നമുക്കു രക്ഷയും പാപങ്ങളുടെ മോചനവും സിദ്ധിച്ചിരിക്കുന്നു. എന്നാൽ ഓരോരുത്തനും പാപച്ചങ്ങല വലിച്ചെറിയുവാൻ വ്യക്തിപരമായ ശ്രമങ്ങൾ ചെയ്തേകഴിയൂ. ക്രിസ്തുനാഥൻ സ്വർഗ്ഗസ്വാതന്ത്ര്യത്തിനുള്ള അവകാശം നമുക്കു് സമ്പാദിച്ചുതന്നിട്ടുണ്ടു്. ആ അവകാശം പ്രായോഗികമാക്കുവാൻ നാം ഓരോരുത്തരുംതന്നെ ഉററുപരിശ്രമിക്കണം—പാപത്തെ പരിവജ്ജിക്കതന്നെ വേണം.

"പാരതന്ത്ര്യം മാനികൾക്കു് മൃതിയെക്കാൾ ഭയാനകം" എന്നു് കവികൾ പാടുന്നുണ്ടു്. എന്നാൽ എല്ലാതരം അടിമത്തത്തെക്കാളും ഭയങ്കരമായ അടിമത്തമാണു് പാപത്തിൻെറ പിടിയിൽ അമന്നിരിക്കുകയെന്നുള്ളതു്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: പാപം ചെയ്യുന്ന ഏവനും പാപത്തിൻെറ അടിമയാകുന്നു" എന്നു് ദിവ്യരക്ഷകൻ അഹംഭാവികളായ യഹൂദന്മാരോടു അരുളിച്ചെയ്തു. ഈ ഭയങ്കരമായ അടിമത്തത്തിൽനിന്നു രക്ഷപ്രാപിച്ചാൽമാത്രമേ നമുക്കു് ഇഹത്തിലും പരത്തിലും സൗഭാഗ്യം കൈവരികയുള്ളു. രാഷ്ട്രീയസ്വാതന്ത്ര്യം, സാമ്പത്തികസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നിവയെക്കുറിച്ചു് സുധീരം വാദിക്കുന്നവരും ഈ സ്വാതന്ത്ര്യങ്ങളെല്ലാം നിർബാധം അനുഭവിച്ചുകൊണ്ടിരിക്കുന്നവരുമായ ജനങ്ങൾതന്നെ തങ്ങളുടെ ദുർവികാരങ്ങൾക്കും പാപകരമായ ശീലങ്ങൾക്കും അടിമയായി ജീവിക്കുകയാണെങ്കിൽ അവൻെറ സ്വാതന്ത്ര്യം വെറുംമിഥ്യയല്ലേ? ഇപ്രകാരമുള്ള പാപാസക്തിയുടേയും ദുഷിച്ച വാസനകളുടേയും മുത്തുമുരടിച്ച ദുസ്സ്വഭാവങ്ങളുടേയും അടിമയായിട്ടാണോ നാം ജീവിക്കുന്നതെന്നു പരിശോധിച്ചുനോക്കേണ്ടതു് അത്യാവശ്യമാണു്. എന്തുക്ലേശവും ത്യാഗവും സഹിച്ചാലും ഈ അടിമത്തത്തിൽനിന്നു നാം രക്ഷപ്രാപിക്കണം; അതിനു വളംവെക്കുന്ന സകല ബന്ധങ്ങളേയും സാഹചര്യങ്ങളേയും കൂട്ടുകെട്ടുകളേയും നാം നിർദ്ദയം വെട്ടിമുറിക്കണം.

പാപാടിമത്തത്തിൽനിന്നു മുക്തിപ്രാപിക്കുവാനുള്ള നമ്മുടെ പരിശ്രമത്തിൽ നമ്മെ സഹായിക്കുന്ന ഒരു ചിന്തയാണു് നാം സ്വർഗ്ഗത്തിലെ പൗരന്മാരാണെന്നുള്ളതു്. "അവൻെറ മഹിമയുടെ വലുപ്പത്തിനൊത്തവണ്ണം എല്ലാ ശക്തിയിലും ബലംപ്രാപിക്കുവാൻ" എന്നു ഇന്നത്തെ ലേഖനത്തിൽ നാം വായിക്കുന്നു. ദൈവത്തിൻെറ മഹത്വം നിസ്സീമമാണു്; സ്വർഗ്ഗരാജ്യമഹത്വവും വണ്ണനാതീതമാണു്. തന്നിമിത്തം ദൈവകുമാരന്മാരും സ്വർഗ്ഗരാജ്യത്തിലെ പൗരന്മാരുമായ നാം പാപത്തിൻെറ നികൃഷ്ടമായ അടിമത്തത്തിൽ അമന്നുപോകാതെ പരിശുദ്ധരായി ജീവിക്കുവാൻ പരിശ്രമിക്കേണ്ടതാണു്. അമേരിക്കക്കാർ തങ്ങളുടെ അമേരിക്കൻ പൗരത്വത്തിൽ അഭിമാനംകൊള്ളുകയും തദനുസാരം ജീവിക്കാൻ പരിശ്രമിക്കയുംചെയ്യുന്നുവെങ്കിൽ സ്വർഗ്ഗരാജ്യത്തിനവകാശികളായ നാം എത്രമാത്രം അഭിമാനംകൊള്ളുകയും സ്വർഗ്ഗീയപൗരനനുയോജ്യമായ വിധത്തിൽ പരിശുദ്ധമായി ജീവിക്കയും വേണം! അതുകൊണ്ടു നാമോരോരുത്തരും വി. ശ്ലീഹായുടെ ഉപദേശമനുസരിച്ചു് "വേണ്ടതുപോലെ വ്യാപരിക്കയും സകല സൽപ്രവൃത്തികളാലും ദൈവത്തെ പ്രസാദിപ്പിക്കയും, ഫലങ്ങൾ നൽകുകയും ദൈവജ്ഞാനത്തിൽ വളരുകയും" ചെയ്വാൻ പരിശ്രമിക്കണം. "ഞാൻ ഉൽകൃഷ്ടങ്ങളായ കാര്യങ്ങൾക്കായിട്ടാണു് ജനിച്ചിരിക്കുന്നതു്" (I am born for greater things) എന്നുള്ള വിശുദ്ധന്മാരുടെ മുദ്രാവാക്യം നമുക്കു് മാർഗ്ഗനിദ്ദേശം നൽകട്ടെ.

(ജെ. ചെമ്മണ്ണൂർ)

Church Distribution Pictures

ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആർട്ട്പേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.

പ്രഥമദിവ്യകാരുണ്യസ്വീകരണസ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്കു്.

1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു് 40 ക. യും 16 ക. യും.

65തരം ചെറിയചിത്രങ്ങളുടെ സൗജന്യക്യാററ്ലോഗിനു് 1 ക. 4 ണ. ക്കു് തപാൽ സ്റ്റാമ്പയക്കുക.

എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം

Fatima Publications,
58/3 Dubash Chambers,
Kumpta Street, Ballard Estate,
Bombay 1

## കൃതജ്ഞത

അങ്കമാലി വേളാങ്കണ്ണി മാതാവിൻെറ സഹായത്താൽ ഉദ്ദേശിച്ചകാര്യം സാധിച്ചതിനു നന്ദി.

## അറിയിപ്പ്

മൂവാററുപുഴ സെൻഡാമിറി ബാലസംഘം പ്രിഫെററ് മിസ്റ്റർ ജോസഫ് വി. തൊടുപ്പിള്ളിൽ അവർകളെ സ്ഥലത്തെ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

## ദേവാലയത്തിൽ

### കുട്ടികൾക്കു പ്രത്യേകവിഭാഗം

ലണ്ടനിൽ പരിശുദ്ധമറിയത്തിൻെറയും വിശുദ്ധയൗസേപ്പിൻെറയുംനാമത്തിൽ പുതുതായി ബ്രഹ്മാണ്ഡമായ ഒരുദേവാലയം പണിചെയ്തിരിക്കുന്നു. കർദ്ദിനാൽ ഗ്രിഫിൻ തിരുമനസ്സുകൊണ്ടാണു് അതിൻെറ ശിലാസ്ഥാപനം നിർവ്വഹിച്ചതു്. പുതിയദേവാലയത്തിലേക്കു് കുട്ടികളേയുംകൊണ്ടുപോകുന്ന കാര്യത്തിൽ മാതാക്കൾക്കു് യാതൊരു തടസ്സവും ഉണ്ടായിരിക്കുന്നതല്ല. അവക്കായി ദേവാലയത്തിൻെറ ഒരു ഭാഗത്തു് ഒരു പ്രത്യേകമുറി സജ്ജമാക്കിട്ടുണ്ടു്. അതിനകത്തുവച്ചു് കുട്ടികൾ എത്രയെല്ലാം ബഹളമുണ്ടാക്കിയാലും മററുള്ളവക്കു് യാതൊരു ശല്യവും നേരിടുന്നതല്ല. കുട്ടികളുടെകൂടെയുള്ള അമ്മമാക്കും മററും കുർബാന കാണുന്നതിനു് തടസ്സം വരാത്ത വിധത്തിൽ പ്രസ്തുതമുറിയുടെ ഭിത്തികൾ ചില്ലുകൊണ്ടാണു് നിർമ്മിച്ചിരിക്കുന്നതു്. അമേരിക്കയിലെ പുതിയ ദേവാലയങ്ങൾ മിക്കവയും ഈവിധസജ്ജീകരണങ്ങളോടുകൂടിയവയാണത്രെ.

# പള്ളിയിൽ നിൽക്കുകയോ മുട്ടുകുത്തുകയോ?

(ഡൊമസ്റ്റിക് പ്രിലേററ് ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ)

പള്ളിയിൽ വന്നു വി. കുർബാനയിൽ സംബന്ധിക്കുന്നവർ തൽസമയം നില്ക്കണമോ, മുട്ടുകുത്തണമോ എന്നതു് ചിലർ ഒരു പ്രശ്നമായി ഉന്നയിക്കാറുണ്ടു്. യാക്കോബായക്കാരെല്ലാം നില്ക്കുകയാണു് ചെയ്യുന്നതെന്നും അതിനാൽ അവരിൽനിന്നും കത്തോലിക്കാസഭയിലേക്കു് വന്നിട്ടുള്ളവരും പള്ളിയിൽ നിന്നാൽ മതിയെന്നും പറയുന്ന ഒരു കൂട്ടർ ഉണ്ടു്. ഇവിടെയുള്ള കൽദായക്കാരും ലത്തീൻകാരുമായ മററു കത്തോലിക്കരെല്ലാം പള്ളിയിൽ വി. കുർബാനയു



ടെ സമയത്തു മുട്ടിന്മേൽ നില്ക്കുന്നവരാണു്. വി. കുർബാനയുടെ ചില പ്രധാനഘട്ടങ്ങളിലെങ്കിലും മുട്ടിന്മേൽ നില്ക്കണമെന്നാണു് മററു ചിലരുടെ അഭിപ്രായം.

മുട്ടിന്മേൽ നില്ക്കുന്നതു് ദൈവാശ്രയത്തിന്റെ ഒരു അടയാളമാണു്. അതിനാലാണു് സാധാരണയായി ദൈവാരാധനയിൽ ഇതു് ഉപയോഗിച്ചുവരുന്നതു്. "മുട്ടുമടക്കുന്നതിനാൽ ദൈവകോപം ശമിക്കുന്നുവെന്നും ദൈവത്തോടു് നാം ചെയ്ത ദ്രോഹത്തിനു് പരിഹാരം ഉണ്ടാകുന്നു എന്നും ദൈവകൃപയുടെ വാതിൽ തുറന്നിടുന്നു എന്നും" ആണു് വി. അംബ്രോസു് പറയുന്നതു്. "മുട്ടുകുത്തുന്നതിനാൽ നമ്മുടെ ഹൃദയത്തിന്റെ താഴ്മ വെളിപ്പെടുന്നു" എന്നു് വേറൊരു വിശുദ്ധൻ പറയുന്നു. മുട്ടുമടക്കുന്നതു് ചെയ്തുപോയ പാപത്തെപ്പററിയുള്ള പശ്ചാത്താപത്തെ കാണിക്കുന്നു എന്നാണു് മറെറാരു പുണ്യവാൻ പറയുന്നതു്. വിശുദ്ധന്മാരുടെ ഇങ്ങനെയുള്ള അഭിപ്രായങ്ങൾ നോക്കുമ്പോൾ പള്ളിയിൽ വി. കുർബാനയുടെ സമയം മുട്ടുകുത്തുന്നതു് നില്ക്കുന്നതിനെക്കാൾ നല്ലതാണെന്നു് തെളിയുന്നു.

യഹൂദന്മാർ അവരുടെ സാധാരണ ആരാധനകൾക്കു് എല്ലായ്പ്പോഴും നില്ക്കുകയായിരുന്നു പതിവു്. എന്നാൽ അതു കെട്ടിടത്തിനകത്തല്ല, പ്രാകാരം എന്നു പറഞ്ഞുവരുന്ന മുററത്തായിരുന്നു എന്നുകൂടി നാം ഓർത്തിരിക്കണം. അന്നു് അകത്തുകയറിനിന്നു് പ്രാർത്ഥന നടത്തുവാൻ തക്ക വിശാലമായ കെട്ടിടമൊന്നും യെരുശലേം ദേവാലയത്തിനില്ലായിരുന്നു. അതിനാൽ അവർ മുററത്തു നിന്നു് പ്രാർത്ഥിച്ചിരുന്നു. എങ്കിലും പ്രത്യേകവണക്കം, ബഹുമാനം, താഴ്മ, അനുതാപം മുതലായവ പ്രദർശിപ്പിക്കേണ്ടിവന്നപ്പോഴെല്ലാം അവർ മുട്ടുകുത്തി പ്രാർത്ഥിച്ചും വന്നിരുന്നു. ശലോമോൻ രാജാവു് യെരുശലേം ദേവാലയം പണിയിച്ചശേഷം അതിന്റെ ശുദ്ധീകരണം നടത്തിയപ്പോൾ ദൈവത്തോടു് പ്രാർത്ഥിച്ചതു് മുട്ടിന്മേൽ നിന്നുകൊണ്ടായിരുന്നു. (1 രാജാ. 8; 54.)

ദാനിയേൽ ദീർഘദർശി യെരുശലേമിനു് നേരെയുള്ള തന്റെ അറമുറിയുടെ കിളിവാതിൽ തുറന്നിട്ടുകൊണ്ടു് മൂന്നുനേരവും മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചുവന്നിരുന്നു. (ദാനിയേൽ 6; 10). ഗെദസിമോൻ തോട്ടത്തിൽവച്ചു് നമ്മുടെ കർത്താവു് പ്രാർത്ഥിച്ചതും മുട്ടിന്മേൽ നിന്നുകൊണ്ടായിരുന്നു. (ലൂക്കാസ് 22; 41). ക്രിസ്തീയസഭയുടെ പ്രാരംഭചരിത്രം നോക്കിയാലും ഈ പതിവു് തുടർന്നുപോകുന്നതായി കാണാം. എസ്തപ്പാനോസിനെ കല്ലെറിഞ്ഞുകൊല്ലുമ്പോൾ അദ്ദേഹം മുട്ടുകുത്തി കർത്താവേ, ഈ കുററം ഇവരുടെമേൽ നിരുത്തരുതേ എന്നു് മഹാശബ്ദത്തോടെ നിലവിളിച്ചു പ്രാർത്ഥിച്ചുവെന്നു് എഴുതിയിരിക്കുന്നു. (നടപടി 7; 60). യോപ്പാ ഇറമുഖത്തു് താമസിച്ചിരുന്ന മരിച്ചുപോയ തബീത്താ എന്ന ക്രിസ്ത്യൻസ്ത്രീയെ ഉയിർപ്പിക്കുന്നതിനുവേണ്ടി ശ്ലീഹന്മാരുടെ തലവനായ വി. പത്രോസ് മുട്ടുകുത്തി പ്രാർത്ഥിച്ചു. അപ്പോൾ അവൾ എഴുന്നേററു്, ഇരുന്നു എന്നു് നാം വായിക്കുന്നു. (നടപ്പു് 9; 40). പൗലോസ് മിലേത്തിൽവച്ചു് ആളയച്ചു് എഫേസൂസിലെ പട്ടക്കാരെ വരുത്തി അവർക്കുവേണ്ട ഉപദേശങ്ങൾ കൊടുത്തശേഷം യാത്രപറഞ്ഞു പിരിയുമ്പോൾ അദ്ദേഹം അവരെല്ലാവരോടുംകൂടി ഒരുമിച്ചു് മുട്ടുകുത്തി പ്രാർത്ഥിച്ചതായി കാണുന്നു. (നടപ്പു് 20; 36). വി. പൗലോസിനെ അനുയാത്ര അയക്കുവാനായി വന്ന ഇതരോസ്കാരോടുകൂടി അദ്ദേഹം കടൽപ്പുറത്തു് മുട്ടുകുത്തി പ്രാർത്ഥിച്ചതായും വായിക്കുന്നു. (നടപ്പു് 21; 6). നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബു് അപ്പോസ്തലൻ പ്രാർത്ഥനയെല്ലാംകൊണ്ടും മുട്ടിന്മേൽനില്ക്കുക പതിവായിരുന്നതിനാൽ "കാലിന്റെ മുട്ടു് ഒട്ടകത്തിന്റെ മുട്ടുപോലെയായിപ്പോയി" എന്നു് അദ്ദേഹത്തിന്റെ ചരിത്രത്തിൽ നാം വായിക്കുന്നു. പ്രാർത്ഥിക്കുക എന്ന വാക്കിനുപകരം മുഴങ്കാൽമടക്കുകയെന്നാണു് വി. പൗലോസ് ചിലയിടത്തു് ഉപയോഗിച്ചിരിക്കുന്നതു്. "യേശുവിന്റെ നാമത്തിൽ സ്വർലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാലൊക്കെയും മടങ്ങണം." (ഫിലിപ്പിയ 2; 10). വി. പൗലോസ് എഫേസിയാക്കാർക്കുവേണ്ടി പ്രാർത്ഥിക്കുന്നതെന്നുള്ള വിവരം അവരോടു് പറയുന്നതു് ഇങ്ങനെയാണു്: "പിതാവിങ്കലേക്കു് ഞാൻ എന്റെ മുഴങ്കാലുകൾ മടക്കുന്നു." (എഫേ. 3; 15). പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുമ്പോൾ മുട്ടുകുത്തണമെന്നു് ഒർജിൻ പറയുന്നു. ഈവക സംഗതികളെല്ലാംകൂടി വച്ചുനോക്കുമ്പോൾ പള്ളിയിൽ കയറുന്ന സമയത്തു് മുട്ടുകുത്തുന്നതും വി. കുർബാനയുടെ പ്രധാനഘട്ടങ്ങളിൽ പള്ളിയിലുള്ള എല്ലാവരും മുട്ടിന്മേൽ നില്ക്കുന്നതും ഏററവും ഭക്തിദ്യോതകമായ നടപടിയെന്നു മാത്രമല്ല നമ്മുടെ പിതാക്കന്മാർ കാണിച്ചുതന്നിട്ടുള്ള അനുകരണയോഗ്യമായ ഒരു മാതൃകയുമാകുന്നു. മുട്ടുകുത്തുന്നതു് കിഴക്കൻസഭയുടെ നടപടിയല്ലെന്നു പറയുന്നതു് മേൽപ്പറഞ്ഞ പിതാക്കന്മാരാരും കിഴക്കരല്ലെന്നും അവരല്ല ഞങ്ങളുടെ പിതാക്കന്മാരെന്നും തള്ളിപ്പറയുന്നതിനു് തുല്യമാണു്.

യാക്കോബായസഭാംഗങ്ങൾ മെത്രാന്മാരുടെ കൈമുത്തുന്നതും നിന്നുകൊണ്ടാണു്. നമ്മുടെ ആത്മീയപിതാക്കന്മാർ നമ്മുടെ കർത്താവിന്റെ സ്ഥാനപതികളാണെന്നാണല്ലോ നമ്മുടെ വിശ്വാസം. മെത്രാനെ ഒരു മൂപ്പനായിമാത്രം പരിഗണിക്കുന്ന വർഗ്ഗക്കാരാണെങ്കിൽ അവരുടെ മുമ്പാകെ മുട്ടുകുത്തണമെന്നില്ല. എന്നാൽ നമ്മുടെ വിശ്വാസത്തിനും ഭക്തിക്കും തക്കവണ്ണം പ്രവർത്തിക്കുകയാണെങ്കിൽ മുട്ടിന്മേൽനിന്നു് കൈമുത്തുകയാണു് വേണ്ടതു്. യൗസേപ്പിനെ രാജസ്ഥാനത്തിന്റെ അടുത്തപടിയിലേക്കു് ഉയർത്തണമെന്നു് പറവോൻ രാജാവിനു തോന്നിയപ്പോൾ അദ്ദേഹത്തെ തന്റെ രണ്ടാം രഥത്തിൽ കയററി പട്ടണപ്രദക്ഷിണം നടത്തുകയും, എല്ലാവരും മുട്ടുകുത്തുവിൻ എന്നു് പ്രത്യേകം ആൾ ഏർപ്പെടുത്തി ജനങ്ങളോടു് വിളിച്ചുപറയിക്കുകയും ചെയ്തുവെന്നു് നാം വായിക്കുന്നു. (ഉല്പത്തി 41; 43). ക്രിസ്തുവിന്റെ ഒരു മുൻമാതൃകയായിവന്ന പൂർവ്വയൗസേപ്പു് തന്റെ മുപ്പതാമത്തെ വയസ്സിൽ രാജകീയരഥത്തിൽ കയറി മുട്ടിന്മേൽ നിന്നിരുന്ന ഒരു വലിയ ജനപ്രവാഹത്തിന്റെ മദ്ധ്യേക്കൂടി എഴുന്നള്ളിയതുപോലെയാണല്ലോ നമ്മുടെ തിരുമേനിമാരും മുട്ടുകുത്തി നില്ക്കുന്ന തന്റെ വാത്സല്യമക്കളുടെ മദ്ധ്യേക്കൂടി കടന്നുപോകുന്നതെന്നോർക്കുമ്പോൾ നാം അഭിമാനംകൊണ്ടു് പുളകിതരായിത്തീരുന്നു. കുഷ്ഠരോഗിയായ ഒരു മനുഷ്യൻ തന്റെ രോഗം ഭേദമാക്കിക്കിട്ടണമെന്നാഗ്രഹിച്ചു് ക്രിസ്തുവിന്റെ അടുക്കൽവന്നു് അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ സുഖപ്പെടുത്തുവാൻ കഴിയുമെന്നു് മുട്ടിന്മേൽനിന്നപേക്ഷിച്ചതായിട്ടും നാം വായിക്കുന്നു. (മർക്കോസ് 1; 40). ക്രിസ്തു പുരുഷാരത്തിന്റെ അടുക്കലേക്കു് ചെന്നപ്പോൾ അവരിൽ നിന്നൊരു മനുഷ്യൻ അടുത്തുചെന്നു് മുട്ടിന്മേൽനിന്നുകൊണ്ടു് അവന്റെ മകനുവേണ്ടി അപേക്ഷിച്ചതായി വി. മത്തായിയുടെ സുവിശേഷത്തിലും നാം വായിക്കുന്നു. (മത്തായി 17; 14). വേറൊരിക്കൽ യേശു വഴിയിൽക്കൂടി കടന്നുപോകുമ്പോൾ ഒരുവൻ തന്റെ സന്നിധിയിലേക്കു് ഓടിവന്നു മുട്ടുകുത്തി, നിത്യജീവൻ പ്രാപിപ്പാൻ താൻ എന്തുചെയ്യണമെന്നു് ചോദിക്കയുണ്ടായി. (മർക്കോസ് 10; 17).

ഇങ്ങനെ നമ്മുടെ കർത്താവിന്റെ അടുക്കൽ തന്റെ ഭക്തജനം പ്രദർശിപ്പിച്ച വണക്കത്തെ അനുകരിച്ചു നാമും നമ്മുടെ ആത്മീയപിതാക്കന്മാരുടെ അടുക്കൽ മുട്ടിന്മേൽനിന്നു് കൈമുത്തേണ്ടതാണു്. മുട്ടിന്മേൽനിന്നു കൈമുത്തുന്ന പതിവു് പാശ്ചാത്യരുടേതെന്നു പറഞ്ഞു നിരാകരിച്ചുകളയുന്നതു് ശരിയല്ല. മേല്പട്ടക്കാരുടെ കൈമുത്തുന്നതിനു് നാം മുട്ടുകുത്തണമെങ്കിൽ നിശ്ചയമായും വി. കുർബാനയുടെ മുൻപിലും മുട്ടുകുത്തേണ്ടതാണു്. ദാസന്റെ അടുക്കൽ കാണിക്കുന്ന ആദരവുപോലും യജമാനന്റെ അടുക്കൽ കാണിക്കേണ്ടെന്നു് വരുന്നതല്ലല്ലോ. യാക്കോബായക്കാർ വി. കുർബാനയ്ക്കു മുട്ടുകുത്തുന്നില്ല എന്നാണു് ചിലർ സമാധാനം പറയുന്നതു്. അവർ പള്ളിയിൽ മുട്ടുകുത്താറില്ലെങ്കിലും അവരുടെ കുർബാനക്രമത്തിൽ "ഭൂലോകം നിന്നെ മുട്ടുകുത്തി വന്ദിക്കും" എന്നു ചൊല്ലാറുണ്ടു്. അതനുസരിച്ചുള്ള പ്രവൃത്തിയില്ലാതെപോയതു് ശീശ്മയിൽ വീണതിന്റെ അനന്തരഫലമായിരിക്കണം. യാക്കോബായസഭവിട്ടു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടവർ യാക്കോബായസഭയ്ക്കുണ്ടായ ഈ നഷ്ടത്തിനു് പിന്നെയും ഉത്തരവാദികളായിരിക്കണമെന്നു് പറയുന്നതിൽ കാര്യമില്ല. സകല മുഴങ്കാലുകളും വി. കുർബാനയുടെ മുമ്പാകെ മടങ്ങേണ്ടതാണെന്നുള്ളതു് വെറും ന്യായം മാത്രമാണു്. അതിനു കിഴക്കെന്നും പടിഞ്ഞാറെന്നുമുള്ള വ്യത്യാസമില്ല.

മലങ്കര അന്ത്യോക്യൻ റീത്തു് അനുവദിച്ചിരിക്കുന്നതു് യാക്കോബായക്കാരെ ഉദ്ദേശിച്ചാണെന്നും അതിനാൽ അവർക്കിഷ്ടമില്ലാത്ത മുട്ടുകുത്തൽ അന്ത്യോക്യൻ റീത്തിൽ ഏർപ്പെടുത്തരുതെന്നും ആണു് ചിലർ പറയുന്നതു്. ഇതു് കാര്യമായ ഒരഭിപ്രായമല്ല. യഹൂദന്മാരെ രക്ഷിക്കുവാനാണു് ക്രിസ്തു തന്റെ സഭയെ സ്ഥാപിച്ചതെന്നും, അതിനാൽ അവർക്കേററം വെറുപ്പുള്ള അഗ്രചർമ്മികളെ ചേലാകർമ്മം ചെയ്യാതെ സഭയിൽ ചേർക്കരുതെന്നും അങ്ങനെയായാൽ യഹൂദന്മാരെല്ലാം താമസംവിനാ ക്രിസ്ത്യാനികളായിത്തീരുമെന്നും ശ്ലീഹന്മാരുടെ കാലത്തു് ചില യഹൂദക്രിസ്ത്യാനികളഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ശ്ലീഹന്മാർ ആ വാദം സ്വീകരിച്ചില്ല. ജാതികളിൽനിന്നുവന്നവരെ ചേലാകർമ്മം ചെയ്യാതെതന്നെ തിരുസഭയിൽ സ്വീകരിച്ചു. നമ്മുടെ കർത്താവിന്റെയും വിശുദ്ധന്മാരുടെയും മററും പ്രതിമകൾ ഉണ്ടാക്കുവാനും ഉപയോഗിക്കുവാനും പാടില്ലെന്നും അവ നീക്കിക്കളഞ്ഞാൽ മഹമ്മദീയരെല്ലാം ക്രിസ്ത്യാനികളാകുമെന്നും ബൈസന്തിയായിലെ ലയോൻ തൃതീയൻ ചക്രവർത്തിയും അനുയായികളും പറഞ്ഞിരുന്നു. ലയോൻ ചക്രവർത്തി മഹമ്മദീയനാകാൻ പോകുന്നുവെന്നൊരു കേൾവിയായിരുന്നു അതിന്റെ പ്രതിഫലം. അതുപോലെയുള്ള ഒരു പ്രശ്നമാണിതും. നന്മയെ നന്മയായി തെരഞ്ഞെടുക്കുക. അതത്രേ വേണ്ടതു്.




ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു വി. അൽഫോൻസാമ്മയോടു അപേക്ഷ.

By M. X.

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദേശിച്ചകാര്യം സാധിച്ചതിനു് കൃതജ്ഞത.

എസ്. ഒ. പീററർ, ഫോർട്ടുകൊച്ചി

വേദശാസ്ത്രപംക്തി

# അന്ത്യലേപനം

കർമ്മസാധനം

അന്ത്യലേപനത്തിൽ ഉപയോഗിക്കുന്ന കർമ്മസാധനം തദർത്ഥം പ്രത്യേകവിധം ആശീർവ്വദിക്കപ്പെട്ടിട്ടുള്ള സൈത്തു് (ഒലിവെണ്ണ) ആണു്. അതുകൊണ്ടു് രോഗിയുടെ നയനങ്ങൾ, ചെവികൾ, മൂക്കു്, അധരങ്ങൾ, കരങ്ങൾ, പാദങ്ങൾ എന്നിവ പുരോഹിതൻ അഭിഷേകം ചെയ്യുന്നു. "രോഗികളുടെ സൈത്തു്" എന്നു വിളിക്കപ്പെടുന്ന ഈ വിശുദ്ധതൈലം പെസഹാതിരുനാളിൽ മെത്രാനാൽ ആശീർവ്വദിക്കപ്പെടുന്നതാണു്. അന്നുതന്നെയാണു് ജ്ഞാനസ്നാനത്തിൽ ഉപയോഗിക്കുന്ന "വേദാർത്ഥികളുടെ തൈല"വും ജ്ഞാനസ്നാനത്തിലും സ്ഥൈര്യലേപനത്തിലും തിരുപ്പട്ടത്തിലും ഉപയോഗിക്കുന്ന "മൂറോനും" (Chrism) ആഘോഷപൂർവ്വം ആശീർവ്വദിക്കപ്പെടുന്നതു്. ഈ മൂന്നുതരം തൈലങ്ങളും ഒലിവുമരത്തിന്റെ കായിൽനിന്നെടുക്കുന്ന എണ്ണയാണു്. പക്ഷെ മൂറോൻ ഒലിവെണ്ണയോടുകൂടി ബോൾസം എന്നു വിളിക്കപ്പെടുന്ന ഒരു സുഗന്ധദ്രവ്യവുംകൂടി ചേർന്നതാണു്.

ഒലിവെണ്ണ രോഗികളെ അഭിഷേകം ചെയ്യുന്നതിനു് പ്രത്യേകം പററിയതാണെന്നതിനു് സംശയമില്ല. ഒലിവുവൃക്ഷങ്ങൾ ഇടതൂർന്നു വളർന്നിരുന്ന ഗദ്സമൻ തോട്ടത്തിൽ മരണവേദന അനുഭവിച്ച ഈശോയുടെ സ്മരണയാണു് അതു നമ്മുടെ മനസ്സിൽ കൊണ്ടുവരുന്നതു്. ആ വൃക്ഷങ്ങളുടെ ചുവട്ടിലാണല്ലോ ലോകരക്ഷകൻ മുട്ടുകുത്തി പ്രാർത്ഥിച്ചതു്. അങ്ങയുടെ ദേഹത്തിൽനിന്നും പുറപ്പെട്ട രക്തകണങ്ങൾ അവയുടെ വേരുകളെ നനച്ചിട്ടുണ്ടായിരിക്കണം. ഇപ്രകാരം സൈത്തു (ഒലിവു) മരത്തിനു് അനവദ്യമായ ഒരു പരിപാവനത ലബ്ധമായി എന്നു വിചാരിക്കുന്നതിൽ അസാംഗത്യമില്ല. ഇക്കാരണത്താലായിരിക്കണം ക്രിസ്തുവിന്റെ പീഡാനുഭവരംഗമായ പ്രസ്തുത തോട്ടം സന്ദർശിക്കുന്ന തീർത്ഥകർ അവിടെ വളരുന്ന സൈത്തുവൃക്ഷങ്ങളുടെ ഇലകൾ നുള്ളിക്കൊണ്ടുപോകുന്നതും ഒരു നിധിയെന്നോണം അവയെ സൂക്ഷിക്കുന്നതും.

ഈശോയുടെ പീഡാനുഭവത്തോടു് ഇപ്രകാരം ബന്ധപ്പെട്ടിരിക്കുന്ന ഈ തൈലം ആശീർവ്വദിക്കുമ്പോൾ മെത്രാൻ ചൊല്ലുന്ന വാക്കുകൾ ഏററവും മനോഹരങ്ങളായിരിക്കുന്നു: "സ്വർഗ്ഗീയൗഷധമാകുന്ന ഈ വിശുദ്ധതൈലത്താൽ അഭിഷേകം ചെയ്യപ്പെടുന്നവരെല്ലാവർക്കും ഇതു ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും, എല്ലാ ക്ലേശങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും ആത്മീയവും ശാരീരികവുമായ വ്യാധികളിൽ നിന്നുമുള്ള മോചനത്തിനും നിദാനമായി ഭവിക്കട്ടെ."

"രോഗികൾക്കായുള്ള സൈത്തു്" ഇല്ലാതെവരുന്നപക്ഷം വേദാർത്ഥികളുടെ തൈലംകൊണ്ടോ മൂറോൻകൊണ്ടോ "സംശയത്തിൻകീഴു്" അന്ത്യലേപനം നല്കാവുന്നതാണു്. പിന്നീടു് "രോഗികൾക്കായുള്ള സൈത്തു്" ലഭിക്കുന്നപക്ഷം "സംശയത്തിൻകീഴു്" കൂദാശ ആവർത്തിക്കേണ്ടിയിരിക്കുന്നു.

വിമർശനവീഥി

# അമേരിക്കയിലെ സാമ്പത്തികാഭിവൃദ്ധി

സോവ്യറ്റ് റഷ്യയുടെ ഇപ്പോഴത്തെ "ദേശീയവരുമാന"ത്തെ പുരസ്കരിച്ച് ഞങ്ങൾക്ക് കത്തയച്ച മാന്യവായനക്കാരന് ഞങ്ങൾ നൽകിയ മറുപടിയിൽ, റഷ്യയിലെ അധികാരികൾ ഏതാനും മാസങ്ങൾക്കുമുൻപു പ്രസിദ്ധപ്പെടുത്തിയ കണക്കനുസരിച്ച് അവിടത്തെ ദേശീയവരുമാനം വളരെ വലുതാണെന്നു പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും, ആ രാജ്യത്തിലെ പ്രകൃതിവിഭവസമ്പത്തിന്റെയും പൗരസഞ്ചയത്തെക്കൊണ്ടു മൃഗങ്ങളെപ്പോലെ നിർബന്ധിച്ചു വേലചെയ്യിക്കുന്നതിന്റെയും വൈപുല്യത്തോടു താരതമ്യം ചെയ്യുമ്പോൾ യഥാർത്ഥത്തിൽ അതു താഴ്ന്നപടിയിലാണു നില്ക്കുന്നതെന്നും, ജനസംഖ്യയിലും പ്രകൃതിവിഭവസമ്പത്തിലും റഷ്യയെക്കാൾ ചെറുതും വേലചെയ്യുന്നകാര്യത്തിൽ പൗരസഞ്ചയത്തിനു സ്വാതന്ത്ര്യം നൽകുന്നതുമായ യു. എസ്സ്. ഏ. യിലെ ദേശീയവരുമാനം റഷ്യയിലേതിനെക്കാൾ വളരെ മികച്ചാണു നില്ക്കുന്നതെന്നും ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. റഷ്യയിൽ പൊതുവിൽ പൗരസഞ്ചയത്തിന്റെയും പ്രത്യേകിച്ചു തൊഴിലാളികളുടേയും കൃഷിക്കാരുടേയും ജീവിതനിലവാരം വളരെ മെച്ചമാണെന്നു് ആ രാജ്യത്തിന്റെ അഞ്ചാംപത്തികളായി വർത്തിക്കുന്ന ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റുകാരും റഷ്യയുടെ ക്ഷണമനുസരിച്ച് ആ രാജ്യം സന്ദർശിക്കുകയും അതിന്റെ ഏജൻ്റന്മാരായി മടങ്ങിവരുകയും ചെയ്യുന്ന ആളുകളും അയഥാർത്ഥമായി പറഞ്ഞുപരത്തുന്നുണ്ടു്. എന്നാൽ യു. എസ്സ്. ഏ. യിലെ പൗരന്മാരുടേയും തൊഴിലാളികർഷകരുടേയും ജീവിതനിലവാരം റഷ്യയിലേതിനെക്കാൾ വളരെയധികം മെച്ചമാണെങ്കിലും ആ യാഥാർത്ഥ്യം ജനങ്ങളെ ധരിപ്പിക്കാൻ ഇന്നാട്ടിൽ ആളുകളില്ല. ഈ സാഹചര്യത്തിൽ "അമേരിക്കയിലെ സാമ്പത്തികസ്ഥിതി" എന്ന വിഷയത്തെ പുരസ്കരിച്ച് കഴിഞ്ഞ സെപ്റ്റംബർ 12-ാംനു മദ്രാസിൽവച്ച് റോട്ടറിക്ലബ്ബ് ലഞ്ചിയൺ മീറ്റിംഗിൽ മിസ്റ്റർ ഡി. സി. കോത്താരി ചെയ്ത പ്രസംഗത്തിന്റെ ഉള്ളടക്കം വായനക്കാർ ഗ്രഹിച്ചിരിക്കേണ്ടതാണു്. അതു ചുവടേ ചേർക്കുന്നു:

അഖിലലോക സാമ്പത്തികസ്ഥിതിയുടെമേൽ അമേരിക്കയ്ക്കു് ഭീമമായ പിടിപാടും സ്വാധീനവും ഇന്നുണ്ടു്. ഈനില കൈവന്നതു് രാഷ്ട്രം സ്വീകരിച്ചതോ മറ്റേതു രൂപത്തിലുള്ളതോ ആയ കൺട്രോൾ നടപടികളാലല്ല, പ്രത്യുത സ്വകാര്യസംരംഭങ്ങളാലാണു്. അമേരിക്കയും ഇന്ത്യയും തമ്മിൽ ജീവിതത്തോതിലും ചെലവുചെയ്യാനുള്ള ജനങ്ങളുടെ കഴിവിലും ഭീമമായ വ്യത്യാസമുണ്ടു്. അമേരിക്കയിലെ ആളോഹരി ശരാശരി വരുമാനം പ്രതിവർഷം 1500 ഡോളറാണു്; ഇന്ത്യയിലേതാകട്ടെ 50 ഡോളറുമാത്രം. കഴിഞ്ഞ 40 വർഷങ്ങൾക്കിടയിൽ യു. എസ്സ്. ഏ. യിലെ ദേശീയവരുമാനം അവിടത്തെ ജനസംഖ്യയെക്കാൾ പത്തിരട്ടിയിലധികം വേഗത്തിലാണു് വർദ്ധിച്ചതു്. മുമ്പു് ദേശീയവരുമാനം 30 ബില്യൺ ഡോളറായിരുന്നു; ഇന്നാകട്ടെ അതു 200 ബില്യൺ ഡോളറിന്റെ അടുത്തു വന്നിരിക്കുന്നു. മുൻപു് ജനസംഖ്യ 1000 ലക്ഷമായിരുന്നു, ഇന്നാകട്ടെ 1500 ലക്ഷമാണു്. ഈ സംഖ്യകൾ അവിടത്തെ ഉയർന്നുകൊണ്ടിരിക്കുന്ന ജീവിതത്തോതിന്റെ മാനദണ്ഡമാണല്ലോ. അമേരിക്കൻ സാമ്പത്തികസ്ഥിതിയുടെ ജീവനും ചൈതന്യവും പുരോഗമനത്തേയും വിസ്തൃതിയേയുമാണു് കാണിക്കുന്നതെന്നു് ഇതിൽ നിന്നു മനസ്സിലാക്കാം.

## യു. എസ്സ്. ഏ. യിലെ തൊഴിലാളികളുടെ സ്ഥിതി

യു. എസ്സ്. ഏ. യിൽ ഒരു തൊഴിലാളിക്കു് ഒരു മണിക്കൂറിൽ കിട്ടാവുന്ന ഏറ്റവും കുറഞ്ഞകൂലി 75 സെൻ്റ് ആണു് (100 സെൻ്റ് ഒരു ഡോളർ; ഒരു ഡോളറിനു് ഇപ്പോൾ $4\frac{3}{4}$ രൂപ.) ആഴ്ചയിൽ വേലസമയം 40 മണിക്കൂറാണു്. ആ കണക്കനുസരിച്ച് ഒരു തൊഴിലാളിയുടെ മാസക്കൂലി 120 ഡോളർ ആയിരിക്കും. ഇതു് സാധാരണ തൊഴിലാളിയുടെ കാര്യമാണു്. വിദഗ്ദ്ധനായ തൊഴിലാളിക്കു് ഇതിനെക്കാൾ കൂടിയകൂലി കിട്ടും. ഒരു തൊഴിലാളിയുടെ ഉല്പാദനശക്തിയുടെ കാര്യവും ഇവിടെ ഗണിക്കേണ്ടിയിരിക്കുന്നു: ഇന്ത്യയിലെ മില്ലിൽ ഒരു തൊഴിലാളി 216 സ്പിൻ്റിൽസ്സ് നൂല് നൂൽക്കുമ്പോൾ അമേരിക്കയിലെ തൊഴിലാളി അതേസമയംകൊണ്ടു് 2000 സ്പിൻ്റിൽസ്സ് നൂല് നൂൽക്കുന്നു. ഈ വ്യത്യാസത്തിനു് ഒരു കാരണം അമേരിക്കയിൽ യന്ത്രത്തിന്റെ ഉപയോഗം കൂടുതൽ ഉള്ളതാണു്; മറ്റൊരു കാരണം അമേരിക്കയിലെ തൊഴിലാളിയുടെ കൂടുതലായ കാര്യക്ഷമതയാണു്. ഇവമൂലം അവിടത്തെ ഉല്പന്നങ്ങൾക്കു് ചെലവു് കുറവായിരിക്കുകയും ചെയ്യുന്നു. ഈ കാരണങ്ങളാൽ തന്നെയാണു് അമേരിക്കയിലെ വ്യവസായത്തിനു പല രംഗങ്ങളിലും ഇന്ത്യയോടു വിജയപൂർവ്വം മത്സരിക്കുവാൻ കഴിയുന്നതു്.

ഈയിടെ അമേരിക്കാ സന്ദർശിച്ച മിസ്റ്റർ പൊട്ടംകുളം കെ. വി. തോമസ് പത്രങ്ങളിൽ എഴുതിയിരുന്ന ഒരു ലേഖനത്തിലെ ചില വിവരങ്ങൾ ശ്രദ്ധേയമാണു്.

"ജനറൽ മോട്ടോർസിന്റെ ഷവർലറ്റു് കാറുണ്ടാക്കുന്ന ഫാക്ടറിയിൽ ഞങ്ങൾ പോയി. 48 സെക്കൻ്റിൽ ഒരു കാറുവീതം 700 വാഹനങ്ങളാണു് ഒരു ദിവസം അവിടെ നിർമ്മിക്കുന്നതു്. എന്നിട്ടും ആവശ്യത്തിനു തികയുന്നില്ലെന്നു പറയുന്നു. എങ്ങനെ തികയും? ന്യൂയോർക്കു പട്ടണത്തിൽമാത്രം 40 ലക്ഷം കാർ ഓടുന്നു. ഇവിടെ (അമേരിക്കയിൽ) കാറോടിക്കുന്ന ഡ്രൈവർക്കും ബാർബറിനുമെല്ലാം സ്വന്തമായി കാറുകളുണ്ടു്. അവർ അവരുടെ കാറുകളിലാണു് ജോലിസ്ഥലത്തു വരുന്നതു്."

## വിവാഹമോചനം

"അമേരിക്കയെ അപേക്ഷിച്ച് റഷ്യയിലെ വിവാഹമോചനനിരക്കു് താഴ്കയാണെന്നു്" ഞങ്ങളുടെ കത്തുകാരൻ പറയുന്നുണ്ടല്ലോ. അതിനെക്കുറിച്ചും അല്പം പ്രസ്താവിച്ചുകൊള്ളട്ടെ.

റഷ്യയിലെ കുടുംബജീവിതം, വിവാഹം, സ്ത്രീപുരുഷബന്ധം മുതലായവയെപ്പറ്റി ഒന്നും പറയാതിരിക്കുകയാണു് ഭേദം. ഇക്കാര്യങ്ങളിൽ സാന്മാർഗ്ഗികമോ മതപരമോ ആയ യാതൊരു പരിഗണനയും സോവ്യറ്റ്റഷ്യ തത്വത്തിലാകട്ടെ പ്രയോഗത്തിലാകട്ടെ നൽകിയിരുന്നില്ല. കേവലം ഭൗതികമായ പരിഗണന മാത്രമാണു് അവർ അവയ്ക്കു നൽകിയിരുന്നതു്. പണിയെടുക്കാൻ വേലക്കാരും, യുദ്ധംചെയ്യാൻ പട്ടാളക്കാരും ആവശ്യത്തിനുമാത്രം ഉണ്ടായിരിക്കണമെന്ന ഏകതത്വം മുൻനിർത്തിയാണു് അവർ ഇക്കാര്യങ്ങളെല്ലാം നടത്തിക്കൊണ്ടിരുന്നതു്. വിവാഹം പുരുഷനും സ്ത്രീയും തമ്മിൽ അപ്പോഴപ്പോഴത്തേക്കു മാത്രമായി ഒന്നിച്ചു ജീവിക്കുന്ന ഏർപ്പാടായിട്ടാണു് ആദ്യംമുതൽ സോവ്യറ്റ് റഷ്യ ഗണിച്ചിരുന്നതു്. തന്മൂലം യാതൊരു പ്രയാസവും കൂടാതെ പിരിഞ്ഞുപോകാൻ അവർക്കു കഴിയുമായിരുന്നു. വിവാഹം എന്നൊന്നില്ലാത്തതിനാൽ വിവാഹമോചനം എന്നു് ആ പിരിച്ചിലിനു് പേരു കൊടുക്കാൻതന്നെ ന്യായമില്ല. സ്ത്രീപുരുഷബന്ധത്തെ ഇത്ര മൃഗീയമായ നിലയിലേക്കു താഴ്ത്തിയതിന്റെ ഫലമായി ജനനനിരോധനം, ഭ്രൂണഹത്യ മുതലായ ദുരാചാരങ്ങൾ നിയമത്താൽതന്നെ അംഗീകരിക്കപ്പെട്ടിരുന്നു.

കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഔദ്യോഗികപത്രത്തിൽ മാഡം സ്മിഡ്‌വിച്ച് പ്രസ്താവിച്ചിരുന്നതു് ഇങ്ങനെയാണു്:

"പ്രേമത്തിന്റെ കാര്യങ്ങളിൽ തങ്ങളെ കഴിയുന്നിടത്തോളം കുറച്ചുമാത്രമേ നിയന്ത്രിക്കേണ്ട എന്നുള്ളതു് ഓരോ വിദ്യാർത്ഥിനിയും ഒരു പ്രമാണമായിട്ടാണു് ഗണിക്കേണ്ടതു്."

"കമ്മ്യൂണിസ്റ്റ് തത്വങ്ങളിൽ ദൃഢവ്രതമുള്ള യുവാക്കന്മാരിൽ ഒരാൾ വശീകരിക്കണമെന്നാഗ്രഹിക്കുന്ന ഏതു വിദ്യാർത്ഥിനിയും യാതൊരു ചോദ്യവും ചെയ്യാതെ അതിനു വഴിപ്പെടേണ്ടതാണു്."

എത്ര ശോചനീയമായ സാന്മാർഗ്ഗികാധഃപതനമാണിതെന്നു ഭാരതീയരെ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ.

1920 നവംബറിൽ റഷ്യയിലെ കമ്മ്യൂണിസ്റ്റ്ഗവമ്മെൻ്റ് ലോകചരിത്രത്തിൽവച്ച് ആദ്യമായി ഭ്രൂണഹത്യക്കുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഗർഭത്തിൽവച്ചുതന്നെ മനുഷ്യജീവനെ നശിപ്പിക്കുന്ന ഈ ഭയങ്കരമായ പാതകപ്രസ്ഥാനത്തെ പ്രചരിപ്പിച്ചിരുന്ന സഖാവു ഹെയിൽ ഇങ്ങനെ പറയുന്നു:

"സ്ത്രീകൾ ശരാശരി ഏഴുപ്രാവശ്യംവീതം ഈ ആലയങ്ങളിലെ ശസ്ത്രക്രിയകൾക്കു് വിധേയരായിരുന്നു. ചില സ്ത്രീകൾ കൊല്ലത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം വിധേയരായതായി അറിയാം."

"ഇസ്‌വെസ്റ്റിയാ" എന്ന മോസ്കോയിലെ ഔദ്യോഗികപത്രത്തിന്റെ 1924 ഡിസംബർ 25-ാം തിയതിയിലെ ലക്കത്തിൽ സഖാവു ഗെറസ്റ്റർ എഴുതിയിരുന്ന ഒരു ലേഖനത്തിൽ അക്കാലം മോസ്കോയിൽ പരിത്യക്തരായിരുന്ന കുട്ടികളുടെ സ്ഥിതി വിവരിച്ചിരുന്നതു് ഇങ്ങനെയാണു്:

"പതിന്നാലുവയസ്സിനു കീഴോട്ടുള്ള ഈ കുട്ടികളിൽ 50 ശതമാനം സ്വയം വരുത്തിക്കൂട്ടിയ സിഫിലിസ്സ് രോഗത്താലും, വിഷബീജങ്ങളാലും, മദ്യപാനത്താലും മറ്റു സകലവിധ പകർച്ചവ്യാധികളാലും ബാധിക്കപ്പെട്ടിരുന്നു."

## വിദ്യാസ്ഥാപനങ്ങൾ

റഷ്യയിൽ "മറ്റെവിടത്തെക്കാളും വിദ്യാസ്ഥാപനനിർമ്മാണം വിജയിച്ചിട്ടുണ്ടു്" എന്ന പ്രചരണവും അർത്ഥശൂന്യമാണു്. ബാലികാബാലന്മാരുടെ ജന്മസിദ്ധമായ മാനസികശക്തികളെ വികസിപ്പിക്കുവാനും, തദ്വാരാ അവരെ സ്വതന്ത്രമായി ചിന്തിക്കുകയും നിശ്ചയിക്കുകയും ചെയ്യുവാനും അവരെ പ്രാപ്തരാക്കുന്നതാണല്ലോ യഥാർത്ഥവിദ്യാഭ്യാസം. ഇത്തരം വിദ്യാഭ്യാസം സോവ്യറ്റ് റഷ്യയിൽ ഇല്ലതന്നെ. ഭരണം നടത്തുന്ന കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ആദർശങ്ങളും ആശയങ്ങളും വിദ്യാർത്ഥികളുടെ മനസ്സിൽ കുത്തിവയ്ക്കുകയും, അങ്ങനെ അവരെ സോവ്യറ്റ്‌രാഷ്ട്രത്തിന്റെ ഹിതമനുസരിച്ചു ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ളവരാക്കുകയും ചെയ്യാൻ പര്യാപ്തമായ വിദ്യാഭ്യാസമാണു് അവിടെ നൽകുന്നതു്. ചുരുക്കത്തിൽ വിദ്യാഭ്യാസം മുഴുവനും സ്വേച്ഛാധിപത്യത്തിന്റെ കൺട്രോളിൽ ഇരിക്കുന്നു. അവർ നിർദ്ദേശിക്കുന്ന രീതിവിട്ടു് പഠിക്കാനോ പഠിപ്പിക്കാനോ മുതിരുന്നവർക്കാർക്കും റഷ്യയിൽ സ്ഥാനമില്ല. ജനശത്രുക്കളായി അവർ ബഹിഷ്കരിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യും. സെക്കണ്ടറിസ്കൂളുകളിലും കാളെജുകളിലും വിദ്യാഭ്യാസം സൗജന്യമായി നൽകിയിരുന്ന സമ്പ്രദായം 1940 ഒക്ടോബർ 2-ലെ ഉത്തരവിനാൽ പരിത്യജിക്കപ്പെട്ടിരിക്കുകയുമാണു്.

ജർമ്മൻ സർവ്വകലാശാലകളിൽ പ്രൊഫസറായിരുന്ന ഹെർമൻ ബോർക്കാർഡ് (Herman Borchardt, Ph. D) എന്നൊരു ജർമ്മൻ പണ്ഡിതൻ "ജർമ്മൻ പഠനരീതികൾ" അഭ്യസിപ്പിക്കുന്നതിനായി റഷ്യയിലേക്കു ക്ഷണിക്കപ്പെട്ടു. അദ്ദേഹം 1934-ൽ അവിടെ ചെല്ലുകയും മിൻസ്ക് (Minsk) സർവ്വകലാശാലയിൽ പ്രൊഫസറായി നിയമിക്കപ്പെടുകയുംചെയ്തു. അവിടത്തെ തന്റെ അനുഭവങ്ങളെ വിവരിച്ച് അദ്ദേഹം പിന്നീടെഴുതിയ ഒരു പ്രബന്ധത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:-

മിൻസ്ക് സർവ്വകലാശാലയിലെ ജർമ്മൻ ഡിപ്പാർട്ടുമെൻ്റിന്റെ ചാർജ്ജ്‌വഹിക്കുന്ന മഹിളാമണി പരമാർത്ഥതയുടെ തള്ളലിൽപ്പെട്ടു് ഒരു ദിവസം സോവ്യറ്റ് അദ്ധ്യാപകന്റെ മനസ്ഥിതി ഇങ്ങനെ സംക്ഷേപിച്ചുപറഞ്ഞു:

"നിങ്ങൾ ഒന്നു മനസ്സിലാക്കണം, ഡോക്ടർ ബോർക്കാർഡ്. മോസ്കോ എന്തുപറയുന്നോ അതാണു ശരി. വ്യാകരണനിയമത്തിനുപോലും ഇതു ബാധകമാണു്. ഇന്നത്തേതിനു് നേരേ വിപരീതമായ നിയമമാണു് നാളത്തേക്കു നിർദ്ദേശിക്കപ്പെടുന്നതെങ്കിൽ, അപ്പോളതായിരിക്കും ശരി. നമ്മുടെ അന്നന്നയപ്പം നമുക്കു തന്നുകൊണ്ടിരിക്കുന്ന അധികാരികളുടെ ഉത്തരവിനു വിരുദ്ധമായതു് എന്നും തെറ്റായിരിക്കും. ലളിതമായ ഈ തത്വം അവസാനമായി ഗ്രഹിക്കുവാൻ നിങ്ങൾക്കെന്നാണു് കഴിയുക?"

"പക്ഷേ സത്യം എന്നൊന്നില്ലയോ?"

"ഇല്ല," അവർ പറഞ്ഞു. "അതു മനസ്സു വകഞ്ഞുണ്ടാക്കുന്ന സങ്കല്പം മാത്രമാണു്."

"മാർക്സിസംതന്നെയും നിങ്ങളുടെ അഭിപ്രായത്തിൽ ഒരു സത്യമല്ലയോ?"

"മോസ്കോ അങ്ങനെ ഉത്തരവാകുന്നിടത്തോളം കാലത്തേക്കുമാത്രം. നാളെ മോസ്കോ മാർക്സിസം പരിത്യജിക്കുകയും മറ്റേതെങ്കിലും ഇസം സ്വീകരിക്കുകയും ചെയ്താൽ, അപ്പോൾ അതായിരിക്കും ഏകസത്യം. നിങ്ങൾ "പാർട്ടിലൈനി"ൽനിന്നു് വ്യതിചലിക്കുകയും അങ്ങനെ കാരാഗൃഹത്തിൽചെന്നവസാനിക്കുകയുംചെയ്താൽ നിങ്ങളുടെ സത്യമോ നിങ്ങളുടെ അസത്യമോകൊണ്ടു് നിങ്ങൾക്കെന്തുഗുണം?"

ഞങ്ങളുടെ തർക്കം തുടർന്നിട്ടു് പ്രയോജനമില്ലെന്നു ഞാൻ കണ്ടു. സ്വേച്ഛാധിപത്യത്തിന്റെ അടിമകളായ മറ്റെല്ലാവരേയുംപോലെ ഈ വനിതയ്ക്കും യുക്തിവാദമല്ല, പ്രത്യുത ജീവസംരക്ഷണമാണു് കാര്യമായിരുന്നതു്. എങ്കിലും അവരുടെ രഹസ്യഹൃദയത്തിൽ അവർ എന്നോടു യോജിക്കുന്നുണ്ടെന്നു് എനിക്കു തോന്നാതിരുന്നില്ല.

X X X

ഈ പണ്ഡിതൻ രാഷ്ട്രശത്രുവായി റഷ്യയിൽനിന്നു് 2 കൊല്ലംകഴിഞ്ഞപ്പോൾ ബഹിഷ്കരിക്കപ്പെടുകയാണുണ്ടായതു്. ഇതാണു് സോവ്യറ്റ്റഷ്യയിലെ വിദ്യാദാനസ്ഥാപനങ്ങളുടെ യഥാർത്ഥസ്വഭാവം.

---

## വിനോദവീഥി




"ഹാ! നിശ്ചയമായും തനിച്ചു ഹോട്ടലിൽ ഉണ്ടു താമസിക്കുന്നതാണു് ഈ റേഷൻകാലത്തു് സുഖം. അല്ലേ, മത്തുച്ചേട്ടാ?"

"എന്റെ പൊന്നു സാറേ, എനിക്കറിയാം എന്റെ പാടു്. ഒരുവയറു ചോറുണ്ണാൻ ഞാൻ ആറുഹോട്ടലിലെ റേഷൻശാപ്പാടു കഴിച്ചിട്ടു ഏഴാമത്തെ ഹോട്ടലിലേക്കു് പോകയാണിപ്പോൾ."

* * *

ഭാര്യ: "നമ്മുടെ കൃഷ്ണൻകുട്ടി ചെണ്ട കൊട്ടുന്നതു കേൾക്കാൻ അങ്ങേതിലെ രാമൻനായർക്കു് ഇഷ്ടമില്ലെന്നു തോന്നുന്നു."

ഭർത്താവു്: "നീയെങ്ങനെയാ അതറിഞ്ഞതു്?"

ഭാര്യ: "ചെണ്ടയുടെ അകത്തിരുന്നു് ആരാണു് സ്വരമെടുക്കുന്നതെന്നു നോക്കാൻ പറഞ്ഞു് അയാൾ ഇന്നലെ അവന്റെ കൈയിൽ ഒരു കത്തി കൊടുക്കുകയുണ്ടായി."

* * *

"പണം അയക്കാൻ ഓർമ്മപ്പെടുത്തിക്കൊണ്ടുള്ള രണ്ടാമത്തെ കത്തു (Reminder) മാത്രമാണു് എനിക്കു കിട്ടിയതു്. ആദ്യത്തെ കത്തു എനിക്കു കിട്ടിയില്ല."

"ഇപ്പോൾ ഞങ്ങൾ അങ്ങനെയൊരു കത്തു അയക്കാറില്ല. ആദ്യത്തെ കത്തുകൊണ്ടു് പ്രയോജനമൊന്നുമില്ലെന്നു കണ്ടതിനാൽ, ഇപ്പോൾ ഞങ്ങൾ റിമൈൻഡർ (രണ്ടാമത്തെ കത്തു) മാത്രമാണയക്കുന്നതു്."

* * *

തോമൻകുട്ടി ഓടിക്കിതച്ചുവന്നു പോലീസുകാരനോടു് പറകയാണു്: "ഏമാനേ, ഒന്നോടിവരണം. എന്റെ അപ്പനും അങ്ങേലെ വറീതുചേട്ടനുംകൂടി ഇടിയിട്ടുതുടങ്ങിയിട്ടു് അരനാഴികയായി."

പോലീസുകാരൻ: "എന്നിട്ടു് എടാ കഴുതേ! നീയെന്താ നേരത്തെ വരാഞ്ഞതു?"

തോമൻകുട്ടി: "ഇത്രയുംനേരം എന്റെ അപ്പനാണു് ജയിച്ചിരുന്നതു്."

# Sathya Deepam

Vol. 25 — Ernakulam November 21, 1951 — No. 14


ബാലസമിതി

## വന്നു കാണുക

പ്രിയകുട്ടികളേ,

യോഹന്നാൻ "കുഞ്ഞാടി"നെ കാണിച്ചുകൊടുത്തതിന്റെ പിറേറദിവസം. അന്നും അനവധി ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നിട്ടുണ്ടായിരുന്നു. ഉച്ചകഴിഞ്ഞു. ജനക്കൂട്ടം പിരിഞ്ഞുപോയി. രണ്ടുശിഷ്യന്മാർമാത്രം അവിടെ ശേഷിച്ചു. അവർ ദിവ്യരഹസ്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ കുറേ അകലെനിന്നു് ഈശോ മന്ദംമന്ദം നടന്നുവരുന്നു. ചിന്താനിമഗ്നനായി അവിടുന്നു് അവരെ കടന്നുപോയി. സ്നാപകൻ ഈശോയെ അത്യധികം ഭക്തിപാരവശ്യത്തോടെ ഒന്നുകൂടെ സൂക്ഷിച്ചുനോക്കി. തലേദിവസം വൈകുന്നേരം ഉണ്ടായ അത്ഭുതചേതോവികാരങ്ങൾക്കു് അദ്ദേഹം ഒരിക്കൽക്കൂടെ വിധേയനായി. അതടക്കവയ്യാതെ വീണ്ടും ഉദ്ഘോഷിച്ചു: "കണ്ടാലും, ദൈവത്തിന്റെ കുഞ്ഞാടിനെ കണ്ടാലും."

ആ രണ്ടു ശിഷ്യന്മാരും ഈശോയെ ഉററുനോക്കി. ഗുരുവിന്റെ സ്വരം അവരുടെ ഹൃദയത്തെ സ്പർശിച്ചു, ഇളക്കിമറിച്ചു. അവർ എഴുന്നേററു. ഗുരുവിനെ ഏകനായി ഉപേക്ഷിച്ചിട്ടു് അവർ ഈശോയുടെ പുറകെപോയി. കുറച്ചുദൂരം നടന്നപ്പോൾ ഈശോ തിരിഞ്ഞു് അവരെ കടാക്ഷിച്ചു. "നിങ്ങൾ എന്തന്വേഷിക്കുന്നു?"—ശാന്തസുന്ദരമായ സ്വരം. അവർക്കുണ്ടായ സ്വർഗ്ഗീയാനന്ദം അവർണ്ണനീയംതന്നെ. അവരെല്ലാം വിസ്മരിച്ചു. "ഗുരോ അങ്ങുന്നു് എവിടെയാണു് വസിക്കുന്നതു്?" അതറിയാനാണു് അവർ ഈശോയുടെ പുറകെ പോയതു്.

അന്ത്രയോസും യോഹന്നാനും—അവരായിരുന്നു ആ ശിഷ്യന്മാർ—ഈശോയെ തങ്ങളുടെ ഗുരുവായി സ്വീകരിച്ചുകഴിഞ്ഞു. "ഗുരോ" എന്നാണല്ലോ അവർ അഭിസംബോധനംചെയ്തതു്. അവരായിരിക്കണം ഈശോയെ ആദ്യമായി ഗുരോ എന്നു വിളിച്ചതു്. ഒന്നുകൂടെ അവർക്കറിയണം, ഗുരുനാഥന്റെ വാസസ്ഥലം. എന്നാൽ അവിടെച്ചെന്നു സൗകര്യംപോലെ പഠിക്കാമല്ലോ. അവരുടെ അന്തർഗതം ദിവ്യഗുരു ഗ്രഹിച്ചു. അവരെ ശിഷ്യന്മാരായി സ്വീകരിക്കാനുള്ള സന്നദ്ധത അവിടുന്നു പ്രകടമാക്കി. എന്നാൽ തന്റെ വിദ്യാലയത്തിനു പ്രത്യേകസ്ഥലമോ, പ്രത്യേക കെട്ടിടങ്ങളോ, പ്രത്യേക സജ്ജീകരണങ്ങളോ ഇല്ല. അവ ഉണ്ടാക്കേണ്ടതു് അവരാണു്. അതിനാൽ സസ്നേഹം അവരെ ക്ഷണിച്ചു: "വന്നു കാണുക." ഇത്രയും അവർ പ്രതീക്ഷിച്ചില്ല. ഇതിൽക്കൂടുതൽ അവർ പിന്നീടനുഭവിക്കും. അവർ സന്തോഷഭരിതരായി ഈശോയെ അനുഗമിച്ചു.

ആ ദിവസങ്ങളിൽ ഈശോ വസിച്ചിരുന്നതു് യോർദ്ദനാൻ താഴ്‌വരയിലെ ഒരു ചെററക്കുടിലിൽ ആയിരുന്നു. ഏതോ മീൻപിടുത്തക്കാർ വെച്ചുകെട്ടിയ ഒരു പർണ്ണശാല. ഉദ്ദേശം നാലുമണിയോടുകൂടെ അവർ മൂന്നുപേരും അവിടെ ചെന്നെത്തി. അന്നുരാത്രി അവിടെ താമസിച്ചു. അല്പസമയത്തെ ആ സഹവാസംകൊണ്ടു് അവർ രണ്ടുപേരും പലതും "കണ്ടു". ഈശോ, മിശിഹായാണെന്ന കാര്യം അവർക്കു ബോധ്യമായി.

അടുത്തപ്രഭാതത്തിൽ രണ്ടുപേരും പോകാൻ യാത്രയായി. ഉടനെതന്നെ മടങ്ങിവന്നുകൊള്ളാമെന്നു് അവർ വാഗ്ദാനംചെയ്തു. ദിവ്യനാഥനെ വിട്ടുപിരിയുക അവർക്കു ക്ലേശകരമായിത്തോന്നി. എങ്കിലും പതിവുപോലെ മീൻപിടിക്കാൻ പോകാതിരിപ്പാൻ തരമില്ല. അതായിരുന്നു അവരുടെ ഉപജീവനമാർഗ്ഗം. ഈശോ അവരെ ആശീർവദിച്ചു യാത്രയാക്കി.

ആ രാത്രിയിൽ കണ്ടതും കേട്ടതും അനുഭവിച്ചതും അവരുടെ സംഭാഷണവിഷയം. അവരങ്ങനെ നീങ്ങിക്കൊണ്ടിരുന്നപ്പോൾ അന്ത്രയോസിന്റെ സഹോദരൻ ശെമവോൻ ആ വഴിക്കു വന്നു. കൊച്ചുകുട്ടികളെപ്പോലെ അവർ വിളിച്ചുപറഞ്ഞു: "ഞങ്ങൾ മിശിഹായെ കണ്ടിരിക്കുന്നു." തുടർന്നു് അവർ പലതും അങ്ങുമിങ്ങും ചോദിച്ചും പറഞ്ഞും കാണും. ഒടുവിൽ അന്ത്രയോസ് സഹോദരനെ ഈശോയുടെ പക്കൽ കൊണ്ടുവന്നു.

ശെമവോനെ ഈശോ ഒന്നു സൂക്ഷിച്ചു വീക്ഷിച്ചു. അർത്ഥഗർഭമായിരുന്നു ആ നോട്ടം. അതു് അയാളെ ഭക്തിപരവശനാക്കി. അവിടുന്നരുളിച്ചെയ്തു: "നീ യോനാസിന്റെ പുത്രനായ ശെമവോൻ ആകുന്നു. മേലാൽ നീ കേപ്പാ (പത്രോസ്) എന്നു വിളിക്കപ്പെടും." അവർക്കതിന്റെ അർത്ഥം അപ്പോൾ മനസ്സിലായില്ല. ശെമവോൻ ഭീരുവും ബലഹീനനുമായ പ്രാവിൻകുഞ്ഞു്. പത്രോസ് ഉറപ്പേറിയ പാറ. ഈ പേരുമാററംകൊണ്ടു് ശെമവോനെ തന്റെ സ്വന്തമാക്കി. എന്നാൽ അതിന്റെ അർത്ഥവ്യാപ്തി എത്രമാത്രമുണ്ടെന്നു് വളരെ നാളുകൾ കഴിഞ്ഞേ അവരും ലോകവും അറിഞ്ഞുള്ളൂ.

രണ്ടുകാര്യങ്ങൾ ഇന്നു നിങ്ങൾ ചിന്തിക്കുക. ഇന്നു യോഹന്നാൻ ഈശോയെക്കുറിച്ചു് സാക്ഷ്യംവഹിക്കുക മാത്രമല്ല ചെയ്യുന്നതു്. തന്റെ പുറകെവന്ന അവിടുത്തേക്കു് വഴിമാറിക്കൊടുക്കുന്നതായിട്ടുകൂടി നാം കാണുന്നു. തന്റെ ശിഷ്യന്മാരെ ഈശോയുടെശിഷ്യന്മാരാകാൻ പ്രേരിപ്പിക്കുന്നു; അനുവദിക്കുന്നു. അങ്ങനെ തിരുസ്സഭയുടെ അടിത്തറപണിയുന്നതിനുവേണ്ട ഒരുക്കങ്ങൾ പൂർത്തിയാക്കി. രണ്ടാമതായി അന്ത്രയോസിന്റെയും യോഹന്നാന്റെയും പത്രോസിന്റെയും സന്തോഷം നോക്കുക. ഈശോയുടെകൂടെ താമസിക്കാൻ സൗകര്യം ലഭിച്ചപ്പോൾ എത്രമാത്രം ആനന്ദമാണു് അവർ അനുഭവിച്ചതു്. പത്രോസിനെ കണ്ടമാത്രയിൽ ആ സന്തോഷവർത്തമാനം അവർ വിളിച്ചുപറഞ്ഞില്ലേ. അങ്ങനെ ഈശോയുടെ പക്കൽ പോകാൻ നിങ്ങൾ മററുള്ളവരെ പ്രേരിപ്പിക്കണം. ഈശോയെക്കുറിച്ചു് നിങ്ങൾക്കറിയാവുന്നവ മററുള്ളവരോടു് പറയണം. "വന്നുകാണുക" എന്നു ഈശോ ക്ഷണിച്ചപ്പോൾ അവർ ഭാഗ്യവാന്മാരായി എന്നു നിങ്ങൾ കരുതുന്നുണ്ടാവാം. അതു ശരിതന്നെ. "എന്നാൽ വന്നു കാണുക" എന്നു മാത്രമല്ല, "വന്നു ഭക്ഷിക്കുക" എന്നുകൂടെ അരുളിച്ചെയ്തുകൊണ്ടു് ഈശോ നമ്മുടെ അൾത്താരയിൽ, സക്രാരിയിൽ, വസിക്കുന്നുണ്ടല്ലോ. പലപ്പോഴും നമ്മുടെ ഹൃദയത്തിൽ ആഗതനാകുകയും ചെയ്യുന്നു. അവർക്കു ലഭിച്ചതിനെക്കാൾ വലിയ ഭാഗ്യമല്ലേ നമുക്കു് ലഭിക്കുന്നതു്. അതിനാൽ നമുക്കും ആനന്ദിക്കാം. നന്ദിയുള്ളവരായി അവിടുത്തെ സ്നേഹിക്കാം.

സ്വന്തം കൊച്ചച്ചൻ.

## ഒരു ബസ്സ് യാത്ര

(J. C.)

ഒരു ഞരുക്കത്തോടുകൂടി ഞങ്ങളുടെ ബസ്സ് ജനനിബിഡമായ ആ നാൽക്കവലയെ പിന്നിട്ടു. ബസ്സിൽ ഒരിഞ്ചുപോലും സ്ഥലം ബാക്കിയുണ്ടായിരുന്നില്ല; "സംയോജനകമ്പി"യിന്മേലും കുറെ പേർ തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ഇങ്ങനെ തിങ്ങിക്കയറിയിരുന്ന യാത്രക്കാരെ വെറുപ്പോടും അസ്വസ്ഥതയോടും അക്ഷമതയോടും വീക്ഷിച്ചുകൊണ്ടു ഒരു അറുപതിയഞ്ചുകാരൻ രണ്ടാം സീററിൽ ഇരിക്കുന്നുണ്ടായിരുന്നു. കാഴ്ചയിൽ തനി കോൺഗ്രസ്സുകാരൻ. ഈ ലോകം മാത്രമല്ല ബ്രഹ്മാണ്ഡകടാഹം മുഴുവനും ഭരിച്ചു നടത്തിക്കൊണ്ടുപോകുന്ന ഒരാളാണെന്നു തോന്നും ഭാവം കണ്ടാൽ. യാത്രക്കാർ വർദ്ധിച്ചതുകൊണ്ടു തന്റെ സുഖപ്രദമായ ഇരിപ്പിനു ഭംഗംവന്നതിലുള്ള ഈർഷ്യയും അയാളുടെ മുഖത്തു് സ്ഫുരിച്ചിരുന്നു. ഒടുവിൽ അയാൾ ആരോടെന്നില്ലാതെ ഇപ്രകാരം തട്ടിവിട്ടു: "നെഹ്രുവും കോൺഗ്രസ്സുകാരും പറയുന്നതു് അക്ഷരംപ്രതി ശരിയാണു്. ജനങ്ങൾ എന്തുമാത്രമാണു് നമ്മുടെ ഭാരതത്തിൽ വർദ്ധിച്ചിരിക്കുന്നതു്! ഇങ്ങനെ വർദ്ധിച്ചാൽ എവിടെയാണു് ഒരവസാനം? എങ്ങനെയാണു് ഇവരെയെല്ലാം തീററിപ്പോററുക? ജനനനിയന്ത്രണം നടപ്പിലാക്കാതെ യാതൊരു നിവൃത്തിയുമില്ല. ഇപ്പോഴെങ്കിലും കോൺഗ്രസ്സ് ഗവമ്മെണ്ടു് ഇക്കാര്യത്തിൽ ജനങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ മുന്നോട്ടുവന്നതുനന്നായി." ആ "ജനക്ഷേമൈകതല്പരൻ" അല്പസമയം നിർത്തി. അപ്പോൾ ഒന്നാം സീററിൽ ഇരുന്നിരുന്ന മുപ്പതുകാരനായ ഒരു ഗവമ്മെണ്ടുദ്യോഗസ്ഥൻ പിന്നോക്കം തിരിഞ്ഞു് ആ വൃദ്ധനെ രൂക്ഷമായൊന്നു നോക്കിയശേഷം അല്പം ആവേശത്തോടെ ഇപ്രകാരം ആരംഭിച്ചു: "അതേ, അതേ, മിസ്റ്റർ — നിങ്ങൾക്കൊക്കെ അങ്ങനെ പറയാം. അറുപതഞ്ചു കഴിഞ്ഞല്ലോ. ജീവിതസുഖങ്ങളെല്ലാം അനുഭവിച്ചുകഴിഞ്ഞു. ഇനി അനുഭവിപ്പാൻ സാദ്ധ്യമല്ലാത്ത പ്രായത്തിൽ എത്തിച്ചേർന്നിരിക്കയും ചെയ്യുന്നു; ആറേഴു മക്കളും ഉണ്ടു്. അതിനെന്തിനാണു് ഈയുള്ളവരുടെയെല്ലാം വയററത്തടിക്കുന്നതു്? ഞങ്ങൾക്കും കുറെ കുഞ്ഞുങ്ങളുടെ ഓമനമുഖങ്ങൾ കാണണം.. ....അതിനു് നിങ്ങൾ, കാരണവന്മാർ, എന്തിനാണു വിലങ്ങുതടികൾ വലിച്ചിടുന്നതു്?" ബസ്സിൽ ആകെ ചിരിയായി; എല്ലാവരും മുപ്പതുകാരന്റെ ഭാഗം പിടിച്ചു. യുവാവു് വിട്ടില്ല: "അല്ല; മിസ്റ്റർ, ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ; നിങ്ങളുടെ മാതാപിതാക്കന്മാർ ജനനനിയന്ത്രണം അനുഷ്ഠിച്ചിരുന്നുവെങ്കിൽ ഇ പ്രസംഗിക്കുന്ന നിങ്ങൾ തന്നെ ലോകവെളിച്ചം ദർശിക്കുമായിരുന്നോ?" ചുട്ട ചോദ്യം; "ഹിയർ, ഹിയർ" എന്നു ചില സരസന്മാർ പിൻസീററിൽനിന്നു് തട്ടിവിട്ടു. മുപ്പതുകാരൻ വീണ്ടും തുടർന്നു: "ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടു നാട്ടിൽ കൂടുതൽ പട്ടിണിയുണ്ടാകും എന്നാണല്ലോ ന്യായവാദം. അതിനുള്ള പരിഹാരം ഞാൻ നിർദ്ദേശിക്കാം. അറുപതിയഞ്ചുവയസ്സു് കഴിഞ്ഞവരെയെല്ലാം യമപുരിയിലേക്കയക്കുക. ഇത്രകാലവും അവർ ജീവിതസുഖങ്ങൾ അനുഭവിച്ചില്ലേ? ഇനി അവർ ഒന്നു സ്ഥലം ഒഴിഞ്ഞുതരട്ടെ. വളർന്നുവരുന്ന തലമുറയും ഇനി വളരാനുള്ള തലമുറയും ജീവിതസുഖങ്ങൾ ഒന്നനുഭവിക്കട്ടെ. അവർക്കു് അതിനവകാശമില്ലേ? ജനനനിയന്ത്രണമല്ല, വൃദ്ധസംഹാരമാണു് ഇന്നാവശ്യം. എന്റെ ഈ പദ്ധതി നടപ്പിലായാൽ തീർച്ചയായും ഭാരതത്തിൽ പട്ടിണിയുണ്ടാകയില്ല." ബസ്സിൽ ആകെ കൂട്ടച്ചിരിയായി. അറുപതിയഞ്ചുകാരൻ ഒന്നും മിണ്ടാതെ അധോമുഖനായിരുന്നതേയുള്ളൂ. ഇറങ്ങേണ്ട സ്ഥലമെത്തിയതുകൊണ്ടു് ബസ്സ് നിർത്തി. ഞാൻ ആ വിനോദവും വിജ്ഞാനവും നിറഞ്ഞ രംഗത്തിൽനിന്നും ഇറങ്ങിത്തിരിച്ചു.


### പള്ളിസാമാനങ്ങൾ

പിച്ചളകത്തിസാൽ, ഫ്ളവർവാസ്, കാസ, കുസ്തോദി, അരുളിക്ക, മുത്തുക്കുട തുടങ്ങിയുള്ള സാമാനങ്ങളും, മെഴുകുതിരിയും

എറണാകുളത്തുള്ള മൂക്കന്നൂർ അനാഥശാല ഡിപ്പോയിൽ കിട്ടുന്നതാണു്.


## Rules of Etiquette

The Japanese delegation to the San Francisco peace conference had to go through a course in Western etiquette at the instigation of Premier Shigeru Yoshida, a stickler for polite manners.

Officials in the Japanese Foreign Office have drawn up a booklet entitled "Guide to American Etiquette, "which gives the "do's" and "don'ts" of United States manners. Mr. Yoshida's fourteen points are:

1. Always knock on the door before entering someone else's room.
2. Do not loiter in the lobby without any definite intention.
3. Do not walk in the corridor of the hotel dressed in your pajamas.
4. When you receive a written invitation, answer it at the earliest possible moment.
5. Be always in time for your appointments
6. Do not drink alcohol to excess.
7. Never force another person to drink.
8. Do not sing in your room. Try to be as quiet as possible.
9. Take off your hat when you enter a hotel.
10. When getting on an elevator let the ladies on first, stand facing the door.
11. Do not present your calling card to every one you see. In the United States, only salesmen follow this custom.
12. Do not make noise while you are eating. Eat as quietly as possible.
14. Do not belch after your meals. This is considered very impolite in the United States.
14. Refrain from using toothpicks.

